KOTTAYAM PUBLIC LIBRARY

Call No. 910 Che-S    Acc. No. 27477

Author [illegible]

Title [illegible]

1231

# സ്കാൻഡിനേവിയാ—
## സമൃദ്ധിയുടെ നാടുകൾ

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

(Malayalam)

Scandinevia–Samrudhiyute Natukal

Travelogue

**By P. G. CHELLAPPAN PILLAI**

Thakshasila, Kawdiar

Trivandrum

First Published December 1965

Copies 1500

Printed at

INDIA PRESS, KOTTAYAM

Price Rs. 1·25

Rights Reserved

Published by

SANTACRUZ MALAYALEE SAMAJAM

Distributors:

NATIONAL BOOK STALL

**Kottayam Kerala State India**

27477

# സ്കാൻഡിനേവിയാ—
# സമൃദ്ധിയുടെ നാട്ടുകൾ

(യാത്രാവിവരണം)

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

പി. ജി. ചെല്ലപ്പൻപിള്ള

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.25

S623 D23/65-66 1-1500

# മുഖവുര

സാന്റാക്രൂസ് മലയാളിസമാജത്തിൻെറ ആരംഭം മുതൽ ഇന്നുവരെയും, ഈ സമാജത്തിനു് ശ്രീ പി. ജി. ചെല്ലപ്പൻപിള്ളയിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങൾക്കു കൈയുംകണക്കുമില്ല. 1960-ൽ അദ്ദേഹം സമാജത്തിൻെറ പ്രസിഡണ്ടായിരുന്നകാലത്താണു്, സമാജത്തിൻെറ പ്രവത്തനങ്ങൾ വിപുലപ്പെടുത്തുവാൻ, സ്വന്തമായൊരു സ്ഥലം വേണമെന്നു മാനേജിംഗ് കമ്മറ്റി തീരുമാനമെടുത്തതു്. ഈ ആവശ്യത്തിലേക്കായി കുറെയൊക്കെ ഞങ്ങൾ നേടിയിട്ടുണ്ടു്.

ഈ പുസ്തകത്തിൻെറ ഒന്നാംപതിപ്പു പ്രസിദ്ധപ്പെടുത്തി അതിൽനിന്നുള്ള ആദായം മുഴുവനും, സമാജത്തിൻെറ ബിൽഡിംഗ്ഫണ്ടിലേക്കു കൂട്ടുവാനായി ശ്രീ ചെല്ലപ്പൻപിള്ള സമ്മതിച്ചിട്ടുണ്ടു്. കേരളത്തിലെ ചില പ്രമുഖസാഹിത്യകാരന്മാരും, മറുനാട്ടിലെ അറിയപ്പെട്ട സാഹിത്യകാരന്മാരും ഞങ്ങളെ സഹായിക്കാനുള്ള സന്മനസ്സു കാണിച്ചിട്ടുണ്ടു്.

മലയാളികളായ ഏവരുടേയും സഹായസഹകരണങ്ങൾ ഞങ്ങൾ അഭ്യത്ഥിക്കുന്നു.

ബോംബെ
24–8–1965

മാനേജിംഗ് കമ്മററി
സാൻറാക്രൂസ് മലയാളിസമാജം

# ആമുഖം

ആയിരത്തിത്തൊള്ളായിരത്തി അൻപത്തിയെട്ട്—അൻപത്തൊൻപതിലാണ് ഞാൻ സ്കാൻഡിനേവിയാ സന്ദർശിച്ചത്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഗവണ്മെൻറ് ഭരിക്കുന്ന കാലം. യൂറോപ്പിലും അമേരിക്കയിലും മററും അക്കാലത്തു ചെന്നിരുന്ന ഭാരതീയക്ക് ഡെമോക്രസിയിലൂടെ കമ്മ്യൂണിസ്ററുകാർ അധികാരത്തിൽ പ്രവേശിച്ച സാഹചര്യത്തെപ്പറ്റി വിദേശസുഹൃത്തുക്കളിൽനിന്നുമുള്ള അനവധി ചോദ്യങ്ങൾക്കു് ഉത്തരം നൽകേണ്ടിയിരുന്നു. ഒരു തനി കേരളീയനായ എൻെറ അവസ്ഥ പിന്നെ പറയാനുമില്ലല്ലോ.

കഴിഞ്ഞകാലങ്ങളിൽ അനവധി വിദേശരാജ്യങ്ങൾ സന്ദർശിക്കാനുള്ള അവസരം എനിക്കു ലഭിച്ചിട്ടുണ്ട്. വിവിധതാല്പര്യങ്ങൾ ഉൾക്കൊള്ളുന്ന പലയിനം ആളുകളുമായി ആശയവിനിമയം ചെയ്യാനുള്ള സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അതിൽനിന്നെല്ലാം എനിക്കു ബോദ്ധ്യപ്പെട്ടിട്ടുള്ളതു് ഭാരതീയരിൽ പലരും ഇൻഡ്യയിലെന്നോണംതന്നെ ഇൻഡ്യക്കു പുറത്തുവച്ചും സ്വന്തം നാക്കിനു കടിഞ്ഞാണിടാറില്ലെന്നാണ്. ഒരു രാജ്യത്തിൻെറ കുററവും കുറവും പൊക്കിപ്പിടിച്ചു പറയേണ്ടതു് വിദേശീയരോടല്ല. സത്യം പറഞ്ഞാൽ ഇൻഡ്യയിൽ അധികാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും തലപ്പത്തിരിക്കുന്ന പലരും അവരുടെ ഉത്തരവാദിത്വത്തെ മനസ്സിലാക്കാതെ

പല ജല്പനങ്ങളും അന്യസ്ഥലങ്ങളിൽവച്ചുപോലും നടത്തിയിട്ടുണ്ട്. ഈ പ്രവണത ഒന്നവസാനിപ്പിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്.

വിദേശയാത്രയ്ക്കു ലഭിച്ചിട്ടുള്ള സന്ദർഭങ്ങളിലെല്ലാം അതാതു രാജ്യങ്ങളെ സംബന്ധിച്ച പരിപൂർണ്ണവിവരങ്ങൾ ശേഖരിക്കുകയെന്നതു് എൻെറ ഒരു വിനോദമായിരുന്നു. അതനുസരിച്ച് സ്കാൻഡിനേവിയായെപ്പററിയും ചിലതൊക്കെ എഴുതി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. സാന്റാക്രൂസ് മലയാളിസമാജംഭാരവാഹികൾ അതിപ്പോൾ പുസ്തകരൂപേണ പരസ്യപ്പെടുത്തുകയാണു്.

സമാജത്തിൻെറ ആരംഭകാലംമുതൽ അതിനുവേണ്ടി പ്രവർത്തിക്കാൻ സൗകര്യമുണ്ടാക്കിത്തന്ന ബോംബെ മലയാളികളോടു് എനിക്കു വളരെയേറെ കടപ്പാടുകളുണ്ടു്. മനുഷ്യരെ സ്നേഹിക്കുവാനും സ്നേഹിക്കുന്നവരുടെ വാത്സല്യത്തിനു പാത്രീഭൂതനാകുവാനും തെററുകൾ തിരുത്തുവാനും പലതും മറക്കാനും പൊറുക്കാനും ക്ഷമിക്കാനും പൊതുജനസേവനമെന്തെന്നു മനസ്സിലാക്കുവാനും എന്നെ പഠിപ്പിച്ചതു് ബോംബെമലയാളികളാണു്. ഈ സുഹൃത്ബന്ധത്തിൻെറ ശാശ്വതസ്മരണയ്ക്കായി "സ്കാൻഡിനേവിയാ—സമൃദ്ധിയുടെ നാടുകൾ" സമർപ്പിക്കുവാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്.

തിരുവനന്തപുരം
12–12–1965

പി. ജി. ചെല്ലപ്പൻപിള്ള

THE KOTTAYAM
KOTTAYAM



പി. ജി. ചെല്ലപ്പൻപിള്ള

## ഒന്നു്

ഭാവനാസുന്ദരമായ പുഷ്പകവിമാനത്തിൽ സ്വർഗ്ഗസീമയിലേക്കു പ്രയാണംചെയ്തിരുന്ന എന്നെ ആ സങ്കല്പലോകത്തിൽനിന്നും പൊടുന്നനെ തട്ടിയുണർത്തിയതു് 'അഭിനവരാവണ'നായ ക്യാപ്റ്ററൻ ഷേക്കിൻെറ ഘനത്തശബ്ദങ്ങളാണു്. "നാം ഭാരതത്തിൻെറ അതിർത്തിയായ ജാംനഗർ കടന്നുകഴിഞ്ഞു. ഇതാ പാകിസ്ഥാനിലേക്കു പ്രവേശിക്കുകയായി."വിമാനത്തിലുള്ള ഉച്ചഭാഷിണിയിൽക്കൂടി അദ്ദേഹം അതു പറഞ്ഞപ്പോഴും ആനന്ദതുന്ദിലരായ വെള്ളിമേഘങ്ങൾ എന്റെ ചെവിയിൽ ഉരുമ്മുന്നുണ്ടായിരുന്നു. അറബിക്കടൽ പതിനയ്യായിരം അടി താഴെ ശാന്തമായിക്കിടക്കുന്നു.

പാകിസ്ഥാൻ ഇൻറർനാഷണൽ വക കാൺവെയർ വിമാനം കറാച്ചിയിൽച്ചെന്നിറങ്ങി. ബാംബെയിൽനിന്നും 545 മൈൽ രണ്ടു മണിക്കൂർകൊണ്ടു ഞങ്ങൾ തരണംചെയ്തു. കസ്റ്റംപരിശോധനയും മററും കഴിഞ്ഞു വിശ്രമസ്ഥലത്തേക്കു നടന്ന എൻെറ ദൃഷ്ടിയിൽ ആദ്യം വിഷയീഭവിച്ചതു് അവിടത്തെ വൃത്തിഹീനതയാണു്. മനോഹരഹർമ്മ്യത്തിൻെറ മാർബിൾത്തറയിൽനിന്നും സിഗററുകുററികളോ തീപ്പെട്ടിക്കൊള്ളിയോ എടുത്തുകളയുവാൻ വരുന്ന തൂപ്പുകാരനെക്കണ്ടാൽ "ചവറവിടെക്കിടക്കട്ടെ, ദയവുചെയ്തു താനങ്ങു പോയാൽമതി"

എന്ന് ആരും പറഞ്ഞുപോകും. കോലാടിനെപ്പോലെ താടിയും വളർത്തി അതുവഴി മുറുക്കാൻതുപ്പലും ഒലിപ്പിച്ചു നാറിമുഷിഞ്ഞു കീറിയ വസ്തുങ്ങളുമായി പ്രത്യക്ഷപ്പെട്ടുന്ന ആ മനുഷ്യജീവികൾ ഒരു വിമാനത്താവളത്തിനു യോജിച്ചതല്ല. ത്തൂപ്പുകാരിൽ മാത്രമല്ല അവിടെ പൊതുവേയുള്ള കാഴ്ചയാണു വൃത്തിഹീനത.

കറാച്ചിയിൽ എനിക്ക് ഒരുദിവസത്തെ താമസമേ ഉണ്ടായിരുന്നുള്ളു. ബാംബെയിലെ ഒരു ബാരിസ്റ്റർ മുൽക്കിയും രണ്ടമേരിക്കാക്കാരും ഞാനും പട്ടണത്തിലേക്കുള്ള ഹോട്ടലിലേക്കു നയിക്കപ്പെട്ടു. വഴിമദ്ധ്യേ മനുഷ്യരെന്നല്ല, മൃഗങ്ങൾപോലും വളരെ അടങ്ങിയൊതുങ്ങി മാത്രമേ സഞ്ചരിച്ചിരുന്നുള്ളു. ഒരു കേസ്‌വാദിക്കാൻ അവിടെയെത്തിയ ബാരിസ്റ്റർ മുൽക്കിയിൽനിന്നും എനിക്കറിയാൻ കഴിഞ്ഞതു് പ്രോസിക്യൂഷൻ നടപടിയിൽ പ്രതിഭാഗം വക്കാലത്തു പിടിക്കാൻപോലും കറാച്ചിയിലുള്ള ചില അഭിഭാഷകന്മാർ ഭയപ്പെട്ടിരുന്നെന്നാണ്.

ഹോട്ടലിലെ അറുപതോളം പ്രായംചെന്ന ഒരു ഭൃത്യൻ എന്നെ ഹാർദ്ദമായി സ്വീകരിച്ച് കോട്ടും തൊപ്പിയും വാങ്ങി യഥാസ്ഥലത്തു വച്ചിട്ട് "ഇൻഡ്യയിൽനിന്നാണ് അല്ലേ?" എന്നു ഹിന്ദിയിൽ താഴ്മയായി ചോദിച്ചപ്പോൾ പാകിസ്ഥാനികളെപ്പറ്റി എനിക്കുണ്ടായിരുന്ന അഭിപ്രായം അത്ര ശരിയല്ലെന്നു തോന്നി.

ആ വൃദ്ധൻ ആസാദ്കാഷ്മീരിലെ ഒരു കൃഷിക്കാരനാണ്. ഫക്രുഡീൻ എന്നാണു പേരു്. കൃഷിക്കാലം കഴിയുമ്പോൾ പട്ടണങ്ങളിൽ വന്നു വല്ല ജോലിയുംചെയ്തിട്ടു വിളവെട്ടുപ്പുകാലത്തു തിരിച്ചുപോകുന്ന പതിവാണ് അയാൾക്കുള്ളതു്. ആസാദ്കാഷ്മീരിൽ ഒരു ഭരണകൂടമില്ലെന്നുതന്നെയാണു ഫക്രുഡീന്റെ അഭിപ്രായം. കയ്യൂക്കുള്ളവർ

കാര്യക്കാരൻ എന്ന നിലയാണവിടെ. വിഭജനത്തിനു മുമ്പു ഫക്രുഡീൻെറ യജമാനൻ ഒരു പണ്ഡിറ്റ് ലാൽചര ന്ദായിരുന്നു. തൻെറ കച്ചിത്തുറുവിനുള്ളിൽക്കയററി രണ്ടു ദിവസം കാത്തുപോററി മതഭ്രാന്തന്മാരുടെ അക്രമത്തിൽ നിന്നും ലാൽചരന്ദിന്റെ ജീവനെ രക്ഷിച്ച കഥ പറഞ്ഞ പ്പോൾ ആ വൃദ്ധൻെറ കണ്ണുകൾ നിറഞ്ഞു. യജമാനനെ ഒന്നു കാണാൻ ഫക്രുഡീനു വലിയ ആശയുണ്ടു്. "അദ്ദേ ഹം ഞങ്ങളുടെ ദൈവമായിരുന്നു" എന്നു് ആ വൃദ്ധൻ പറഞ്ഞപ്പോൾ ജമീന്ദാരെപ്പററിയുള്ള അഭിപ്രായമിതാ കണമെങ്കിൽ ആസാദ്കാഷ്മീരിലെ കിരാതഭരണത്തി ൻെറ കാഠിന്യം ഏറെക്കുറെ ഊഹിക്കാൻ കഴിയുമല്ലോ? ഫക്രുഡീനു മറെറാരഭിപ്രായവുംകൂടിയുണ്ടു്. ഏതെങ്കിലും ഒരുകാലത്തു രണ്ടു കാഷ്മീറുംകൂടി ഒന്നിക്കുമെന്നു്.

രാവിലെ ആറുമണിക്കു് സ്കാൻഡിനേവിയൻ എയർലൈൻസ്വക വിമാനത്തിൽ ഞാൻ കറാച്ചിയിൽ നിന്നും പുറപ്പെട്ടുകയാണു്. പാകിസ്ഥാൻ സൈനികോ ദ്യോഗസ്ഥന്മാരെക്കൊണ്ടു വിമാനസങ്കേതം നിറഞ്ഞുക ഴിഞ്ഞു. സ്വീഡൻെറ വിമാനസേനാത്തലവനെ അതേ വിമാനത്തിൽ യാത്രയയയ്ക്കുവാനാണു് അവരെല്ലാം സന്നി ഹിതരായതു്. അങ്ങനെ പട്ടാളമേധാവികളുടെ യാത്രയ യപ്പോടെ പ്രഭാതസൂര്യനെ ദൃക്സാക്ഷിയാക്കിക്കൊണ്ടു് ഞങ്ങളുടെ വിമാനം ആകാശത്തിലേക്കുയന്നു. ഡി. സി. 7 സി. (സപ്തസമുദ്രം) എന്ന ആ കൂറ്റൻവിമാനം നിർദ്ദിഷ്ട മായ ഉയരത്തിലെത്തിയപ്പോൾ ക്യാപ്റ്റൻ ന്യൂഡ്സൺ ഉച്ചഭാഷിണിവഴി പറയുകയാണു്: "മഹതികളേ, മഹാ ന്മാരേ, നിങ്ങൾക്കെല്ലാം എൻെറ ഹൃദയംഗമമായ സ്വാ ഗതം. നിങ്ങളുടെ വിമാനം ഇതാ സ്റ്റോക്ക്ഹോമിലേക്കു യാത്ര തുടരുകയാണു്. അടുത്ത താവളം റോമാപ്പട്ടണം.

അതായത് പന്ത്രണ്ടു മണിക്കൂർ തുടർച്ചയായുള്ള യാത്ര. പ്രാതലും, ഉച്ചഭക്ഷണവും, ചായയും അത്താഴവുമെല്ലാം റോമിൽ എത്തുന്നതിനുമുമ്പു കഴിയും. ശീതോഷ്ണസ്ഥിതി നമുക്കനുകൂലമാണ്. നന്ദി."

350 മൈൽ വേഗത്തിൽ പറന്നുകൊണ്ടിരുന്ന വിമാനം ഓമൻ മുനമ്പും കഴിഞ്ഞു് പേർഷ്യൻ ഉൾക്കടലിലെത്തി. ഇറാൻെറയും പേർഷ്യൻ ഉൾക്കടലിൻെറയും മുകളിൽക്കൂടി 18000 അടി ഉയരത്തിൽനിന്നും കീഴോട്ടു നോക്കിയാൽ ഇറാനിലെ മരുഭൂമിയേയും നീലിമ നിറഞ്ഞ സമുദ്രത്തെയും വേർതിരിച്ചറിയാനുള്ള ഏകമാർഗ്ഗം, ചെറിയ മണ്ണെണ്ണപ്പാട്ടകൾ നിരത്തിയതുപോലെ തോന്നിച്ചിരുന്ന കൂററൻ ടാങ്കുകൾ മാത്രമായിരുന്നു.

ഒരു വശത്തു് സൗദിഅറേബ്യ, മറുവശത്തു് ഇറാൻ, നടുക്ക് പേർഷ്യൻ ഉൾക്കടൽ—നിതാന്തമായ ശൂന്യത. ജീവിക്കുവാൻവേണ്ടി മാത്രം ആ ശൂന്യതയുടെ നിഗൂഢതയിൽ എരിഞ്ഞുപൊരിഞ്ഞു വിയർത്തൊലിച്ചു പണിയെടുക്കുന്ന ഭാരതീയരെ—അധികവും കേരളീയരെ—ഭാവനയിൽക്കൂടി എനിക്കു ദർശിക്കുവാൻ കഴിഞ്ഞു. കണ്ണെത്തുംവരെ നോക്കിനോക്കി പലതും ചിന്തിച്ചു. ബ്രിട്ടൻെറ തന്ത്രവും, അമേരിക്കയുടെ സഹായവാഗ്ദാനവും റഷ്യയുടെ കണ്ണുരുട്ടലെല്ലാംതന്നെ എണ്ണഖനികൾ നിറഞ്ഞ ആ മരുഭൂമിക്കുവേണ്ടിയല്ലേ!

1600 മൈൽ യാത്ര കഴിഞ്ഞു് ഞങ്ങൾ ഡമാസ്കസ് പട്ടണത്തിൻെറ മുകളിലെത്തി. ആറായിരം കൊല്ലങ്ങൾക്കുമുമ്പുമുതൽ തുടർച്ചയായി ജനവാസമുണ്ടായിരുന്നെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന അതിപുരാതനമായ ആ നഗരം ദർശിച്ചപ്പോൾ സെൻറ് പാൾ ആദിമക്രിസ്ത്യാനികൾക്കുവേണ്ടി പ്രചരണം നടത്താൻ നട

ചെന്ന കഥയാണ് എൻെറ ചിന്തയിൽപ്പെട്ടതു്. ആ വിശുദ്ധാത്മാവു നടന്നുപോയ പാതപോലും ഇന്നവിടെയുണ്ടു്. സെൻറ് പാൾ അന്ധനായ സംഭവത്തിനു സാക്ഷ്യം വഹിച്ച ആ നഗരത്തിൻെറ പൗരാണികമായ മേന്മ ശാന്തിയിലും ശുദ്ധിയിലും മറക്കപ്പെട്ടുപോയെന്നു പറയുന്നതിലും തെറ്റില്ല. പർവ്വതനിരകൾ ചൂഴ്ന്ന നയനമോഹനമായ ഡമാസ്കസ്സിനെയും പിന്നിലാക്കിക്കൊണ്ടു് നീലപ്പട്ടു പുതച്ച മെഡിററേനിയൻ കടൽ ഞങ്ങളുടെ വിമാനത്തെ അനുഗമിച്ചുകൊണ്ടേയിരുന്നു. പാകിസ്ഥാനിൽ ഉയന്ന സൂര്യബിംബം ചെങ്കനൽപ്രഭയും പരത്തിക്കൊണ്ടു വാരിധിയിലേക്കു മറഞ്ഞുതുടങ്ങിയപ്പോൾ ഗ്രീസിന്റെ തലസ്ഥാനമായ ഏഥൻസ് പട്ടണത്തിന്റെ മുകളിൽവച്ചു ഞങ്ങൾ ചായകുടിയിൽ നിമഗ്നരായിരുന്നു.

ഏകദേശം പന്ത്രണ്ടു മണിക്കൂർ തുടർച്ചയായുള്ള ആകാശയാത്രയ്ക്കുശേഷം ഇററലിയിലെ ആൽപ്സ് പർവ്വതം ഞങ്ങൾക്കു സ്വാഗതമരുളി. പുണ്യഭൂമിയായ റോമിൽ ഒന്നു വിശ്രമിക്കാമെന്ന ആശ്വാസത്തോടെ പകൽ മുഴുവൻ തുടർച്ചയായി കറങ്ങിക്കൊണ്ടിരുന്ന നാലു് എൻജിനുകളും തകൎത്തുവച്ചു വീണ്ടും പണിയെടുക്കുകയാണു്. മട്ടൊക്കെ മാറി. ഞങ്ങളുടെ സുഖയാത്രയെ പ്രക്ഷുബ്ധമായ അന്തരീക്ഷം താറുമാറാക്കി. ശക്തിയായ കാററു് ആൽപ്സിൻെറ സന്ദേശവും വഹിച്ചുകൊണ്ടു് ഇരമ്പിക്കയറി. റോമിൽ ഇറങ്ങാനായി താണുകൊണ്ടിരുന്ന വിമാനം റബ്ബർപ്പന്തുപോലെ വീണ്ടും ഉയരുന്നുണ്ടായിരുന്നു. ക്ഷീണിച്ചു വശായിരുന്ന ഞങ്ങളുടെ 'പരുന്തി'നെ കാർമേഘങ്ങൾ നിർദ്ദയമായി ശ്വാസംമുട്ടിക്കുവാൻ തുടങ്ങി. "എന്നാൽ ഒന്നു കണ്ടുകളയാം" എന്നമട്ടിൽ അവൾ മേഘപവനന്മാരുടെ പരിധിയും കഴിഞ്ഞു മുകളിലെത്തി ജയ

ഭേരിയോടെ വത്തിക്കാൻനഗരത്തിൻെറ സൈ്വരജീവിതത്തെ ശബ്ദധോരണികൊണ്ടു വിഘ്നപ്പെടുത്തി. "റോമിലെ മേഘങ്ങളേ, സമാധാനപ്രിയരാകേണ്ട നിങ്ങൾക്ക് എന്തേ ഇത്ര കോപം? ശാന്തരായിരുന്നാൽ ഞാൻ താഴെയിറങ്ങാം, അല്ലെങ്കിൽ..." എന്ന അന്ത്യശാസനവും നല്കി അപകടസന്ധിയിൽ ഒരു മണിക്കൂറോളം ചുററിയടിച്ചിട്ട്, എൺപതോളം യാത്രക്കാരെ വഹിച്ചിരുന്ന വിമാനത്തെ തൻ്റേടത്തോടെ ക്യാപ്റ്റൻ ന്യൂഡ്സൺ താഴെയിറക്കി. അഭിമാനംകൊണ്ട് ആരുമാരും ഒന്നും പുറത്തു കാട്ടിയില്ല. വാസ്തവത്തിൽ ഹൃദയചലനം നന്നേ വർദ്ധിച്ചിരുന്നു.

## രണ്ട്

"ജീവിക്കാൻ പഠിക്കണമെങ്കിൽ ഡെന്മാർക്കിലേക്കു പോകുക." സഹകരണപ്രസ്ഥാനത്തെപ്പററി ഒരു പ്രബന്ധം തയാറാക്കാൻ റിസർവ്വബാങ്കിൻെറ ചെലവിന്മേൽ ആറുമാസം ഡെന്മാർക്കിൽ കഴിച്ചുകൂട്ടിയിട്ടു മടങ്ങിയ ഒരു സുഹൃത്ത് സ്വാനുഭവങ്ങളെ ആസ്പദമാക്കി പറഞ്ഞ ആ വാചകത്തോടു ഞാൻ സർവ്വാത്മനാ യോജിക്കുകയാണ്. മഞ്ഞുകൊണ്ടു മൂടിയ നാടെന്നു മാത്രമേ അധികം ആളുകളും ആ രാജ്യത്തെ മനസ്സിലാക്കിയിരുന്നുള്ളു. ചരിത്രത്തിലേക്കു കണ്ണോടിച്ചാൽ യൂറോപ്പും ഇൻഡ്യയുമായി കപ്പൽ ഗതാഗതം തുടങ്ങിയ നാൾതൊട്ട് ഡാനിഷ്ജനത ഭാരതീയരുമായി ബന്ധം പുലർത്തിയിരുന്നെന്നു മനസ്സിലാക്കാം. ഷേക്സ്പീയറിലൂടെ ഡെന്മാർക്ക് എൻ്റെ ഓർമ്മയിൽ നിന്നും മങ്ങാതെയിരുന്നതാണ്. 1600-ാമാണ്ടിൽ 'ഹാംലററ്" ഗ്രന്ഥകർത്താവുതന്നെ ഡെന്മാർക്കിലെ എൽ-

സിനോർ എന്ന സ്ഥലത്ത് അഭിനയിച്ചതായും രേഖയുണ്ട്. അങ്ങനെയുള്ള നാട്ട് കൺമുമ്പിൽ കാണാനുള്ള കൗതുകം!

റോമിൽനിന്നും തിരിച്ച ജനീവാ, ഹാംബർഗ് എന്നീ നഗരങ്ങൾവഴി രാത്രി പത്തുമണിയോടുകൂടി ഞങ്ങൾ ഡെന്മാർക്കിൻെറ തലസ്ഥാനമായ കോപ്പൻഹേഗനിൽ എത്തി. കാലേക്കൂട്ടി തീരുമാനിച്ചതനുസരിച്ച വിവിധ രാജ്യങ്ങളിൽനിന്നും പതിനാറുപേർ ഇതിനകം അവിടെ എത്തിക്കഴിഞ്ഞിരുന്നു. 'അക്സൽബോർഗ്' ഹോട്ടലിൽ വച്ച സ്കാൻഡിനേവിയൻ എയർലൈൻസ്‌വക പരിശീലനത്തിനു തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഞങ്ങളെല്ലാം തമ്മിൽ പരിചയപ്പെട്ടു. രാത്രി ഒരുമണിവരെ ഹോട്ടലിൽ സമ്മേളിച്ചശേഷം എല്ലാപേരുമൊത്തു പട്ടണം ചുററാൻ തീർച്ചപ്പെടുത്തി.

കോപ്പൻഹേഗൻെറ ചൈതന്യം രാത്രിയിലാണ് ഉച്ചകോടിയിലെത്തുന്നതു്. സൂര്യാസ്തമയംവരെ ജനങ്ങൾ ആവശ്യനിർവ്വഹണത്തിനുവേണ്ടി മാത്രം ചെലവഴിക്കുന്നു. ആനന്ദിക്കുന്നതു രാത്രിയിലും. രാത്രി മുഴുവൻ ടൗൺ ഒട്ടുക്കു ധാരാളം പരിപാടികൾ ഉണ്ടായിരിക്കും. നിശാക്ലബ്ബാണു് ഏററവും പ്രാധാന്യമർഹിക്കുന്നതു്. സംഗീതം, നാടകം, നൃത്തം ആദിയായ വിവിധകലാപരിപാടികളും നാലാംയാമംവരെ തുടർച്ചയായി നടന്നുകൊണ്ടിരിക്കും. പാരീസ്‌പോലും രണ്ടാംകിടയിൽ എണ്ണപ്പെട്ടുപോകത്തക്കവണ്ണം കോപ്പൻഹേഗൻ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നാണു വിദഗ്ദ്ധാഭിപ്രായം. അതിൻെറ സ്ഥിരീകരണപ്രശ്നം പരിഷ്ക്കാരപ്രേമികൾക്കും സുഖലോലുപന്മാർക്കുമായി വിട്ടുകൊടുക്കുന്നതല്ലേ നന്നു്.

ഔദ്യോഗികാവശ്യങ്ങൾ കഴിഞ്ഞു ബാക്കിസമയം

ഫലപ്രദമായ രൂപത്തിൽ ചെലവഴിക്കാനാണു ഞാൻ മു തിന്നതു്. ഡെന്മാർക്കിൻെറ പൂർവ്വചരിത്രം, ജനത, വ്യവ സായം, സാമ്പത്തികസ്ഥിതി, സഹകരണപ്രസ്ഥാനം, ഗവണ്മെൻ്റ് എന്നിവയെപ്പററിയെല്ലാം ഞാൻ കരസ്ഥ മാക്കിയ സാമാന്യവിവരണമാണ് ഇവിടെ രേഖപ്പെടു ത്തുന്നതു്. സ്കാൻഡിനേവിയൻ രാജ്യങ്ങൾ ലോകത്തി നു പൊതുവേയും ഇൻഡ്യയ്ക്കു പ്രത്യേകമായും അനുകരണീ യങ്ങളാണെന്നു പണ്ഡിററ് നെഹ്റു ചെയ്ത പ്രസ്താവന യുടെ വെളിച്ചത്തിൽ നമുക്ക് ആ രാജ്യങ്ങളെ ഒന്നു സമീ പിച്ചുനോക്കാം.

ഞങ്ങളുടെ സംഘത്തിൽ പീറേറഴ്സൻ എന്ന ഒരു ഡെന്മാർക്കുകാരനുമുണ്ടായിരുന്നു. കൊഴുത്തുതടിച്ച ര സികനായ ഒരു ചെറുപ്പക്കാരൻ. സാധാരണ ഡാനിഷ് പ്രജയെ അപേക്ഷിച്ചു കൂടുതൽ അറിവും സംസ്കാരവും നി റഞ്ഞ ഒരു യുവാവിനെയാണു ഞാൻ പീറേറഴ്സനിൽ കണ്ടതു്. ഒരുദിവസം രാവിലെ അഞ്ചു മണിക്ക് ഉറക്ക മെണീററ എനിക്കു പീറേറഴ്സൻെറ മുറിയുടെ വാതി ലിൽപ്പോയി മുട്ടണമെന്നു തോന്നി. നമ്മുടെ രീതിയനു സരിച്ചുള്ള ആ തോന്നൽ ഞൊടിയിടയിൽ മാറിവീഴുക യും ചെയ്തു. ടെലഫോണെടുത്തു കഷ്ടിച്ച് ഇരുപതുവാര അകലെയുള്ള പീറേറഴ്സൻെറ മുറിയിലേക്കു വിളിച്ചു. അസൗകര്യമില്ലെങ്കിൽ ട്രെയിനിംഗിനു പോകുന്നതിനു മുമ്പു കുറച്ചു സംസാരിക്കാമെന്ന എൻെറ അഭിപ്രായം സസന്തോഷം അദ്ദേഹം ശരിവച്ചു. എന്തും ചോദിക്കാ നുള്ള അധികാരം ഇതിനകംതന്നെ എനിക്കു പീറേറഴ് സനിൽ സിദ്ധിച്ചിരുന്നു. ഡെന്മാർക്കിലെ മനുഷ്യജീവി തം എത്രകൊല്ലംമുമ്പാണ് തുടങ്ങിയതെന്നും ആദിമനി വാസികളെപ്പററി ഇന്നുള്ള അറിവ് എന്തൊക്കെയാ

ണെന്നുമുള്ള എൻെറ ചോദ്യത്തിനു പുഞ്ചിരിച്ചുകൊണ്ടു വിദ്വാൻ പറഞ്ഞ ഉത്തരം അവരുടെ വല്യപ്പൂപ്പന്മാർ കക്കായിറച്ചി തിന്നാൻ വിരുതന്മാരായിരുന്നുവെന്നാണു്. "ഇന്നും അതൊരാചാരമായി ഞങ്ങൾ കരുതുന്നുണ്ടു്. പക്ഷേ, കക്കായിറച്ചിയുടെ വില ക്രമാതീതമായി വദ്ധിച്ചുപോയതുകൊണ്ടു ധനാഢ്യന്മാക്കു മാത്രമേ ദിനംപ്രതി അതു തരപ്പെട്ടുകയുള്ളു" എന്ന വിശദീകരണം പഴമയിൽ അവക്കുള്ള പുതുമയെ പ്രകടിപ്പിക്കുകയായിരുന്നു. 5000 ബി. സി. മുതൽ നിലനിന്നുപോന്നതായി പറയപ്പെടുന്ന പ്രസ്തുത ആചാരത്തിനു് ചരിത്രത്തിലൂടെ ലഭിച്ച സ്ഥിരീകരണം ഏ. ഡി. 950-ാമാണ്ടുതൊട്ടു മാത്രമാണു്.

ആയിരത്തിഎണ്ണൂറ്റിനാല്പത്തിയൊമ്പതാമാണ്ടിലാണു ഡെന്മാക്കിനു വ്യവസ്ഥാപിതമായ ഭരണഘടനയുണ്ടായതു്. രാജവാഴ്ചയിൽക്കൂടി അന്നുമുതൽ ജനാധിപത്യഭരണം യാതൊരു കോട്ടവുംതട്ടാതെ നിലനിന്നുപോരുകയുംചെയ്യുന്നു. 16,576 ചതുരശ്രമൈൽ വിസ്തീണ്ണമുള്ള ഡെന്മാക്കിന്റെ ജനസംഖ്യ നാല്പത്തിയെട്ടര ലക്ഷമാണു്. സ്ത്രീകൾ പുരുഷന്മാരെക്കാൾ 35,000 കൂടുതലുണ്ടു്. പുരുഷന്മാരെ തൃപ്തിപ്പെടുത്താൻ അശ്രാന്തപരിശ്രമം ചെയ്യുന്നവരാണു സ്ത്രീകളെന്ന ധാരണ അവിടെയുള്ളതുകൊണ്ടു് ആണുങ്ങളുടെ സ്വർഗ്ഗമാണുപോലും ഡെന്മാക്കു്. എനിക്കതു വാസ്തവമായിത്തോന്നിയില്ല. എൻെറ നിഗമനത്തിനു തക്ക കാരണങ്ങളുമുണ്ടു്. പുറകേ വായിച്ചറിഞ്ഞുകൊള്ളുക.

ഡെന്മാക്കിൽ 10 ലക്ഷത്തോളമുണ്ടു കൃഷിക്കാർ. സഹകരണാടിസ്ഥാനത്തിലുള്ള കൃഷിയായതുകൊണ്ടു മികച്ച വിളവെടുക്കാൻ അവക്കു സാധിക്കുന്നു. ഈ 10

ലക്ഷംപേരുടെ പ്രയത്നംകൊണ്ടു് ഒരു കോടി പവൻ വിലയുള്ള കാഷികോല്പന്നങ്ങൾ കയററുമതിചെയ്തു വിദേശനാണ്യം നേടുന്നുണ്ടു്. സഹകരണപ്രസ്ഥാനം ഡെന്മാക്കിൻെറ ജീവനാഡിയാണു്. എവിടെ തിരക്കിയാലും സാധനങ്ങൾക്കു് ഒരേവിലയത്രേ! സഹകരണാടിസ്ഥാനത്തിൽ അടിയുറച്ചതാണു് ഉല്പാദനവും, വിതരണവും, വിലനിയന്ത്രണവും. ഇടത്തട്ടുകാർ അവിടവിടെയായി സഹകരണപ്രസ്ഥാനത്തിനു തുരങ്കംവയ്ക്കുന്ന ഒരു പ്രവണത നാം ഇൻഡ്യയിൽ അങ്ങിങ്ങായി കണ്ടുവരുന്നുണ്ടല്ലോ? കമ്മ്യൂണിസത്തെ ഭയന്നിട്ടാണുപോലും ഇക്കൂട്ടർ പ്രധാനമന്ത്രിയുടെ 'കോവാപ്പറേറ്റീവ്ഫാമിംഗ്' പരിപാടിയെ എതിർക്കുന്നതു്. കൃഷിസഹകരണസംഘങ്ങളുടെ പ്രവത്തനം ഡെന്മാക്കിൽ നെഹ്റു നേരിട്ടു കണ്ടതാണു്. അതിൽനിന്നു ലഭിച്ച പ്രചോദനമായിരിക്കണം അദ്ദേഹത്തെ സ്ഥിരചിത്തതയോടെ ഇക്കായ്യത്തിൽ മുമ്പോട്ടു നയിക്കുന്നതു്. സമൃദ്ധിക്കു നിദാനമായ സഹകരണമനഃസ്ഥിതിയെ ആത്മാത്ഥതയുള്ള ഒരു വ്യക്തിയുടെ ഹൃദയത്തിൽനിന്നും തുടച്ചുമാററുക സാദ്ധ്യമല്ലല്ലോ? ഡെന്മാക്കിൽ കമ്മ്യൂണിസം പുരോഗമിച്ചിട്ടില്ല.

സഹകരണസംഘങ്ങൾ നടത്തുന്ന വില്പനശാലയിലെ രീതി ഒന്നുവേറെതന്നെയാണു്. അംഗങ്ങൾ അവരവക്കു വേണ്ട സാധനങ്ങൾ തനിയെ എടുത്തിട്ടു വിലവിവരപ്പട്ടിക നോക്കി ക്ലിപ്തമായ തുക ഒരു പെട്ടിയിൽ നിക്ഷേപിക്കുകയാണു പതിവു്. ഈ പദ്ധതിമൂലം ജോലിക്കാരുടെ സംഖ്യ വളരെ കുറഞ്ഞുകിട്ടുന്നു. തദ്വാരാ ചെലവും കുറയുന്നു. പാൽവിതരണത്തിൻെറ കാര്യമാണെങ്കിൽ കാലിക്കുപ്പിയും പാലിൻെറ വിലയും വീട്ടിനുപുറത്തു വച്ചിട്ടാണു് അവർ ഉറങ്ങുന്നതു്. വിതരണക്കാർ വെളു

പ്പാൻകാലത്തു വന്നു നിറച്ച കുപ്പികൾ വച്ചിട്ട കാലിക്കു പ്പിയും നാണയങ്ങളും കൊണ്ടുപോകയും ചെയ്യുന്നു. തസ്ക്ക രന്മാർ കൈവശപ്പെടുത്തുമെന്ന ഭയമേ അവിടെയില്ല.

ഓരോ കൃഷിക്കാരനും കുറഞ്ഞതു് ഒന്നോ രണ്ടോ കൃഷിസഹകരണസംഘങ്ങളിലെ അംഗമായിരിക്കും. കന്നുകാലികളെ തീററുന്നതുപോലും സംഘങ്ങളാണു്. ക്ഷീരസഹകരണസംഘങ്ങൾക്കു ഡെന്മാക്കു് വിശ്വപ്രസി ദ്ധമാണു്. പശുക്കൾക്കു ശാസ്ത്രീയമായ കൃത്രിമ ഗർഭോല്പാ ദനം വിജയപ്രദമായി നടത്തിവരുന്നു. കഴിഞ്ഞ പതി നഞ്ചുകൊല്ലമായി കൃത്രിമഗർഭോല്പാദനത്തിലാണു 80 ശത മാനം കൃഷിക്കാരും ശ്രദ്ധചെലുത്തുന്നതു്. 1953-ലെ കണക്കനുസരിച്ചു് ഒന്നരലക്ഷത്തിൽപ്പരം അംഗങ്ങളുടേ തായ പന്ത്രണ്ടുലക്ഷം പശുക്കൾക്കു് ഇങ്ങനെയുള്ള ഗർഭോ ല്പാദനമാണു നടത്തിയതെന്നും തെളിയുന്നു.

ഡാനിഷ് ജനത പൊതുവേ അരോഗദൃഢഗാത്ര രാണു്. പുരുഷന്മാരുടെ ശരാശരി ജീവിതകാലം 68 കൊല്ലവും സ്ത്രീകളുടേതു് 70 കൊല്ലവുമെന്നു കാണുമ്പോൾ ത്തന്നെ അവരുടെ ആരോഗ്യം ഒന്നു വിഭാവനചെയ്യാമ ല്ലോ! നമ്മുടേതാണെങ്കിൽ 27-ൽനിന്നും ഈയിടെയായി 33 വരെ എത്തിയിട്ടുണ്ടെന്നു കാണുന്നു. ആയിരത്തിനു് 18 എന്ന കണക്കിൽ അവിടത്തെ ജനസംഖ്യ വദ്ധിച്ചു കൊണ്ടിരിക്കുന്നു. മരണസംഖ്യ തുലോം നിസ്സാരമാണു്. രാജ്യമൊട്ടാകെ പ്രതിവഷം 35,000 വിവാഹങ്ങൾ നട ക്കുന്നുണ്ടു്. അതോടൊപ്പം ഏഴായിരം വിവാഹമോചന ങ്ങളും. അവിടത്തെ സ്ത്രീകൾക്കു 'പതിഭക്തി' എന്നൊരു കടപ്പാടില്ലെന്നു തോന്നുന്നു. കെട്ടുറപ്പുള്ള കായ്യമല്ല വിവാ ഹബന്ധം. മൂന്നുതവണ കല്യാണം കഴിച്ചിട്ടു മൂന്നാമത്തെ ഭായ്യയും കൈവിട്ടുപോയ ഒരു ചെറുപ്പക്കാരൻ എന്നോടു

പറയുകയാണു്: "ഇൻഡ്യയിലെ വനിതകൾ ഭർത്താക്കന്മാരെ ദൈവസമാനം പൂജിക്കുന്നവരാണെന്നു കേട്ടിട്ടുണ്ടു്. എനിക്കു് ഇൻഡ്യയിൽനിന്നും ഒരു വിവാഹം കിട്ടിയാൽ കൊള്ളാമെന്നുമുണ്ടു്. ആയതിനാൽ നമ്മുടെ ബന്ധം കത്തുകൾവഴി തുടൎന്നുകൊണ്ടിരിക്കണം." വിദ്വാന്റെ രണ്ടു കത്തുകൾ ഇതിനകം ലഭിച്ചുകഴിഞ്ഞു. എന്നാണാവോ നവവധുവിനെ തിരക്കി ഇങ്ങോട്ടുള്ള യാത്ര!

ഇൻഡ്യാക്കാരെ ഡാനിഷ്ജനതയ്ക്കു വളരെ ബഹുമാനമാണു്. മദനപ്പള്ളിക്കടുത്താണോ ജന്മസ്ഥലമെന്നു് ഒരാൾ എന്നോടു ചോദിക്കുകയുണ്ടായി. ആ സ്ഥലത്തെപ്പററിമാത്രം ചോദിച്ചതുകൊണ്ടു ഞാൻ കരുതി അയാൾ ഇൻഡ്യയിൽവച്ചു സുഖമില്ലാതെ ആ സാനിട്ടോറിയത്തെ അഭയംപ്രാപിച്ചുകാണുമെന്നു്. വാസ്തവം അതല്ല. ഡാക്ടർ മൊള്ളർ എന്ന ഒരു ഡാനിഷ്കാരനാണു മദനപ്പള്ളി സാനിട്ടോറിയം സ്ഥാപിച്ചതു്. മൊള്ളറുടെ കുടുംബാംഗമാണു് അയാൾ. മനുഷ്യസ്നേഹിയായ ഡാക്ടർ മൊള്ളറിൽ തെക്കേഇൻഡ്യാക്കാൎക്കുള്ള സ്നേഹബഹുമാനാദികൾ ഞാൻ അപ്പോൾ അറിയിക്കുകയും ചെയ്തു. ഒരു ഭാരതീയനു വിലയേറിയ സ്വീകരണമാണവിടെ ലഭിക്കുക. ഇൻഡ്യയെപ്പററി കേൾക്കുവാൻ പത്തുപന്ത്രണ്ടുപേർ ഒത്തുചേൎന്നു നമ്മെ ക്ഷണിക്കുകയായി. സൽക്കാരങ്ങൾ വേണ്ടപോലെ നടത്തും. അരമണിക്കൂർ എന്തെങ്കിലും സംസാരിക്കേണ്ട ചുമതലയേയുള്ളു നമുക്കു്. വലിയ ഏതോ കാൎയ്യം സാധിച്ചതുപോലെ അവർ വീടുകളിലേക്കു മടങ്ങും. നമ്മിൽനിന്നും കേട്ട വിശേഷങ്ങൾ വീട്ടുകാരോടും നാട്ടുകാരോടും പറഞ്ഞു 'നെഹ്റുവിന്റെ ഇൻഡ്യയെ' പ്രശംസിക്കുകയും ചെയ്യും.

പരിചയമില്ലാത്ത സ്ഥലം തേടി റോഡിൽവച്ചു്

ആരോടെങ്കിലും ചോദിച്ചാൽ ഒരു മൈൽ അകലെയാണെങ്കിൽത്തന്നെയും നമ്മെ അനുഗമിച്ചു സ്ഥലം കാട്ടിയിട്ടേ അവർ മടങ്ങുകയുള്ളൂ. കോപ്പനേഗനിൽ എത്തിയതിൻെറ അടുത്തദിവസം രാവിലെ ഒന്നു നടക്കാനായി കോട്ടും സൂട്ടും, മഫ്ളറും എല്ലാം തള്ളിക്കയററി ഓവർക്കോട്ടുമിട്ട്, തൊപ്പിയും വച്ച് ഒരു ഭൂതത്താൻെറ കണക്കു കൈയുറകളും ധരിച്ചു തനിപ്പരിഷ്ക്കാരിയായി ചൂടുപിടിപ്പിച്ചിരുന്ന മുറി വിട്ടു പുറത്തോട്ടിറങ്ങി. (ശീതകാലത്തു് അവിടത്തെ വസ്ത്രധാരണരീതിയാണിതു്.) കോച്ചിപ്പിടിക്കുന്ന ചൂളിക്കാററിൽ കൈകൾ ഓവർക്കോട്ടിൻെറ കീശയിലേക്കു തനിയെയങ്ങു കയറിപ്പോയെന്നു പറയുകയാണുന്നു്. റോഡിലേക്കിറങ്ങിയമാത്രയിൽ, എൻ്റെ തൊപ്പി, ഒറ്റനോട്ടത്തിൽ സംജാതമാകുന്ന പ്രണയബന്ധംപോലെ, കാററിൽലയിച്ചുകഴിഞ്ഞു. പറന്നുപോയ തൊപ്പിയുടെ പിന്നാലെ അരഡസനോളം ചെറുപ്പക്കാരും ഓട്ടംപിടിച്ചു. അതെൻ്റേതാണെന്നറിയരുതേയെന്നു ഞാൻ പ്രാത്ഥിച്ചുപോയി. എന്നാൽ പ്രാത്ഥന ഫലിച്ചില്ല. തൊപ്പിരഹിതമായ തലയെ ലാക്കാക്കി വിജയശ്രീലാളിതനായ ഒരു യുവാവു വരുന്നതു കണ്ടു് ഇളിഭ്യനായ ഞാൻ റോഡരുകിൽ മാറിനിന്നു. സ്വവദനം അപ്പോൾ കാണാൻ തരപ്പെടാഞ്ഞതിൽ എനിക്കു് ആശ്വാസവുമുണ്ടു്. "ഡോണ്ടു് വറി സർ" എന്നും പറഞ്ഞു പുഞ്ചിരിയോടെ തൊപ്പി തലയിൽ വച്ചിട്ടു് ഒരു ഗുഡ് മാണിംഗും നല്കി അയാൾ പാട്ടിനങ്ങു പോയി. പറന്നുപോയ തൊപ്പി എടുത്തു കൊടുക്കുന്നതു് അഭിമാനകരമായ സേവനമാണവിടെ. ഈ സംഭവം കഴിഞ്ഞതോടെ തൊപ്പിവച്ചിട്ടു തലയിൽ ബലമായി ഒന്നമത്തിയതിനുശേഷമേ ഞാൻ പുറത്തോട്ടിറങ്ങിയിരുന്നുള്ളു. ഡെന്മാക്ക്, നോവ്വേ, സ്വീഡൻ ഈ

മൂന്നു രാജ്യങ്ങളിലേയും ജനങ്ങൾ പൊതുവെ സേവനതൽപരരായിട്ടാണു് എനിക്കനുഭവപ്പെട്ടതു്. സംസ്കാരത്തിൻെറ ഉറവയാണു് ഇൻഡ്യയെന്നു് അവക്കഭിപ്രായമുണ്ടു്. നമ്മുടെ പ്രധാനമന്ത്രിയെ അവക്കെല്ലാം എന്തു കാൎയ്യമാണെന്നോ!

## മൂന്നു്

1848-ാമാണ്ടുമുതലാണു് സഹകരണപ്രസ്ഥാനം ഡെന്മാക്കിൽ ഉടലെടുത്തതെന്നും, സ്ഥാപിതതാൽപൎയ്യക്കാരായ പ്രഭുക്കന്മാരുടെ പിടിയിൽ കഴിഞ്ഞുകൂടാൻ വിസമ്മതിച്ച കൃഷിക്കാർ ഉണൎന്നെഴുന്നേല്ക്കാൻ തുടങ്ങിയ വൎഷമാണതെന്നും, അവിടെയുള്ള ഓരോ കൃഷിക്കാരനും ഇപ്പോഴും അവനവൻെറ സന്താനങ്ങളെ പറഞ്ഞു മനസ്സിലാക്കാറുണ്ടു്.

ഇൻഡ്യയിലെപ്പോലെതന്നെ അവിടെയും, വലിയ കൃഷിസ്ഥലങ്ങൾ പ്രഭുക്കന്മാരുടേതായിരുന്നു. വേലയ്ക്കും വിളവിനും അനുസരിച്ച വീതം അവൎക്കു കിട്ടിയിരുന്നില്ല. ഈ സ്ഥിതിക്കു മാറ്റം വരുത്തുവാനും കൃഷിക്കാൎക്കു നവീനരീതിയിൽ വിദ്യാഭ്യാസം നല്കുവാനുംവേണ്ടി ഫാദർ ഗ്രുണ്ട്വിഗ്ഗ് എന്ന മനുഷ്യസ്നേഹിയായ പാതിരി പ്രക്ഷോഭണം ആരംഭിച്ചതുമുതലാണു് ഡെന്മാക്കിൽ അവകാശവാദത്തിൻെറ അലയടികൾ കേട്ടുതുടങ്ങിയതു്. ആരംഭകാലത്തു പല വിഷമതകളും നേരിടേണ്ടിവന്നുവെങ്കിലും, ഒടുവിൽ കൃഷിക്കാരെ സഹകരണപ്രസ്ഥാനത്തിലേക്കു നയിച്ച പല വിദ്യാലയങ്ങളുടെയും സ്ഥാപകനായി, ഇന്നും ആ രാജ്യംമുഴുവൻ ആരാധിക്കപ്പെടുന്ന വ്യക്തിയായി, ഗ്രുണ്ട്വിഗ്ഗ്. കോപ്പനേഗൻ നഗരപ്രാന്ത

ത്തിൽ ഗ്രുണ്ട്‌വിഗ്ഗ്‌പള്ളി എന്ന ഒരു മഹൽസ്ഥാപനം ഏവരുടേയും ബഹുമാനത്തിനു പാത്രീഭവിച്ചു തലയുയർത്തിനില്ക്കുന്നു.

അവകാശവാദത്തിനു തയാറായ കൃഷിക്കാർ ഒന്നുചേൎന്നു് 1870-ൽ ഒരു രാഷ്ട്രീയപാൎട്ടിതന്നെ സ്ഥാപിച്ചു. സഹകരണത്തിന്റെവിലയും ഗ്രുണ്ട്‌വിഗ്ഗ്‌ പാതിരിയുടെ ദീർഘദൃഷ്ടിയും അന്നാണു കൃഷീവലന്മാൎക്കു മനസ്സിലായതു്. 'ഐക്യമുന്നണി' എന്ന നാമധേയത്തിൽ സൃഷ്ടിക്കപ്പെട്ട ആ പാൎട്ടിക്കു് 1872-ൽ രാജ്യം ഭരിക്കാൻ അൎഹതയുള്ള വോട്ടുകൾ ലഭിച്ചു. ഭൂരിപക്ഷം ലഭിച്ചാലും രാജഹിതത്തിനനുസരിച്ചു മാത്രമേ ഭരണം കൈമാറപ്പെട്ടിരുന്നുള്ളു. ജന്മിഭൂഉടമകളിൽനിന്നും സഹകരണപ്രസ്ഥാനക്കാർ അധികാരം കൈക്കലാക്കാൻ ഒരുങ്ങിയപ്പോൾ സ്വാഭാവികമായ വിമുഖത കുബേരന്മാരിൽ പ്രത്യക്ഷമായി. ഭൂരിപക്ഷത്തിനു ഭരിക്കാനവകാശമില്ലേ? എന്നായി ചോദ്യം. കൃഷിക്കാരനു ഭരിക്കാനറിയാമോ? എന്നായി മറുപടി. ലജ്ജാവഹങ്ങളായ നിയമനിൎമ്മാണങ്ങൾകൊണ്ടും, അനീതിനിറഞ്ഞ അടിച്ചമൎത്തലിലൂടെയും സ്ഥാപിതതാല്പര്യക്കാർ ഗവൺമെന്റിൽ കടിച്ചുപിടിച്ചിരുന്നു എന്നു പറയുന്നതാണു ചരിത്രസത്യമെന്നു ഡാനിഷ്‌ജനത ഇന്നും ബലമായി വിശ്വസിക്കുന്നുണ്ടു്.

കൃഷിക്കാരിൽ സഹനസമരം അടിയുറച്ച വിശ്വാസമായിത്തീൎന്നു. സഹകരണാടിസ്ഥാനത്തിൽ അവരുടെ ശക്തി കരിമ്പാറപോലെ ഉറച്ചുപോയി. പ്രഭുക്കന്മാരും കൃഷിക്കാരും തമ്മിൽ രാഷ്ട്രീയസമരം മൂൎച്ഛിച്ചു. ഗവൺമെന്റിൻെറ അനാശാസ്യപ്രവൃത്തികൾകൊണ്ടു് കൃഷിയുല്പന്നങ്ങളുടെ വിപണി വിദേശകമ്പോളങ്ങളിൽ മോശമായിത്തുടങ്ങി. ധാന്യങ്ങളുടെ വില ക്രമാതീതമായി കുറ

ഞ്ഞാൽ കൃഷിക്കാർ അധഃപതിക്കുമെന്നായിരുന്നുപോലും അന്നത്തെ ഗവണ്മെന്റിൻെറ ചിന്താഗതി. എന്നാൽ ഒത്തുനിന്നാൽ വെടിയുണ്ടയും തകർക്കാമെന്ന് ഐക്യമുന്നണി കാണിച്ചുകൊടുത്തു. ഡെന്മാർക്കും മറ്റെല്ലാ യൂറോപ്യൻ രാജ്യങ്ങളും സഹകരണത്തിൻെറ മഹത്വം മനസ്സിലാക്കിയതും ഇതോടുകൂടിയാണ്.

ധാന്യങ്ങളുടെ വിലയിടിവും, അതോടൊപ്പം വെണ്ണ, ഇറച്ചി മുതലായവയുടെ വിലവർദ്ധനവും കൃഷിക്കാരെ നന്നേ വിഷമിപ്പിച്ചു. 'വില കുറഞ്ഞുപോയ സാധനങ്ങളുടെ ഉല്പാദനം കുറയ്ക്കണം' എന്ന ധനതത്വശാസ്ത്രജ്ഞൻെറ തത്വംതന്നെ അവർ സ്വീകരിച്ചു. എന്താണെന്നോ പിന്നീടുണ്ടായ സംഭവം? അധികമുണ്ടായിരുന്ന ധാന്യങ്ങൾ അമിതമായി കന്നുകാലികൾക്കു കൊടുത്ത് അവർ വെണ്ണയും ഇറച്ചിയും കൂടുതൽ ഉല്പാദിപ്പിക്കുവാൻ തുടങ്ങി. എന്നിട്ട് വിലകൂടിയ ഈ സാധനങ്ങൾ കയററി അയയ്ക്കുകയും ചെയ്തു. കയറ്റുമതിചെയ്തിരുന്ന രാജ്യത്തിൽ ഒരു കൊല്ലത്തിനകം ധാന്യങ്ങളുടെ ഇറക്കുമതി ആവശ്യമായിത്തീൎന്നു.

അതിശയകരമായ രീതിയിൽ ഡെന്മാർക്കിലെ കൃഷിക്കാർ സാമ്പത്തികഭദ്രത കാത്തുസൂക്ഷിക്കുന്നതു കണ്ടപ്പോൾ ലോകശ്രദ്ധതന്നെ അവിടത്തെ സഹകരണപ്രസ്ഥാനത്തിൽ പതിഞ്ഞു. ഇതോടുകൂടി തൊഴിലാളികളും സംഘടിച്ചുതുടങ്ങി. കൃഷിക്കാരുടെ സഹായമില്ലെങ്കിൽ സാമ്പത്തികഭദ്രത അവതാളത്തിലാകുമെന്നു ബോദ്ധ്യപ്പെട്ടതോടുകൂടി 1901-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഐക്യമുന്നണി ബഹുഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ പ്രവേശിച്ചു. ഇതാണു ലോകപ്രസിദ്ധമായ ഡാനിഷ് സഹകരണപ്രസ്ഥാനത്തിൻെറ ആദിമചരിത്രം.

27477

## നാല്

അഖിലലോകാരോഗ്യസംഘടനയിലെ ഒരുദ്യോഗസ്ഥനായ ശ്രീ സുന്ദരേശനെ കോപ്പനേഗനിൽവച്ചു ഞാൻ പരിചയപ്പെട്ടു. നാടൻവിഭവങ്ങൾകൊണ്ട് എന്നെ സൽക്കരിച്ച ശ്രീമതി സുന്ദരേശനോട് വേലക്കാരെ ലഭിക്കാനുള്ള വൈഷമ്യത്തെപ്പററി സംസാരിച്ചപ്പോൾ അവർ ഒരു സംഭവം വിവരിക്കുകയുണ്ടായി. അതിങ്ങനെയാണ്: അവരുടെ കെട്ടിടത്തിൽത്തന്നെ അമിതാദായമുള്ള ഒരു ബാരിസ്റ്ററും താമസമുണ്ട്. ഭാരതീയർ പൊതുവേ കുറവായതുകൊണ്ടു ബാരിസ്റ്റർക്കും വീട്ടുകാർക്കും സുന്ദരേശനെയും മററും വലിയ കാര്യമാണ്. ശ്രീമതി സുന്ദരേശൻെറ സാരിയത്രേ വക്കീൽസാറിൻെറ കൗതുകവസ്തു. ബാരിസ്റ്ററുടെ ഏകസന്താനമായ 'രാഗ്ണാ' കാളേജുകുമാരിയാണ്. അടിക്കടി 'സാരിക്കാരി'യെ സന്ദർശിക്കുക രാഗ്ണായുടെ പതിവായിത്തീർന്നു. ഒരുദിവസം ഏതോ കാരണവശാൽ ജോലി ചെയ്യുന്ന വിഷമത്തെപ്പററി ശ്രീമതി സുന്ദരേശൻ സംസാരിക്കുകയുണ്ടായി. "ഞാൻ നിങ്ങളുടെ ജോലി ചെയ്തുതരാം; മണിക്കൂറിൽ അഞ്ചു ക്രോണർ (ഏകദേശം നാലു രൂപാ) പ്രതിഫലം തന്നാൽ മതി"യെന്നായി ആ ബാലിക. കളിവാക്കാണെന്നാണ് ആദ്യം ശ്രീമതി സുന്ദരേശൻ കരുതിയതു്. എന്നാൽ അടുത്ത ദിവസം പണിയെടുക്കാൻ രാഗ്ണ ഹാജരായപ്പോൾ കളി കാര്യമായി. പണി ചെയ്തു കിട്ടുന്ന പ്രതിഫലംകൊണ്ടു നവവത്സരാരംഭത്തിൽ പിതാവിനൊരു സമ്മാനം നല്കാനാണു താനുദ്ദേശിക്കുന്നതെന്നും ആ കുട്ടി പറഞ്ഞുവത്രേ!

കള്ളവും കപടവുമില്ലാത്ത നാടാണ് ഡെന്മാർക്ക്.

ഹോട്ടലുകളിൽപ്പോലും നമ്മുടെ സാധനസാമഗ്രികൾ സുരക്ഷിതമാണു്. നമ്മുടെ അഭാവത്തിൽ ജോലിക്കാർ മുറി തുറന്നു വൃത്തിയാക്കിയിടുകയാണു പതിവു്. നാണയങ്ങളോ വിലപിടിച്ച സാധനങ്ങളായാൽത്തന്നെയോ, നാം അവിടെയെങ്ങാനും മറന്നിട്ടുണ്ടെങ്കിൽ അവ ഭദ്രമായി മേശപ്പുറത്തു വച്ചിരിക്കുന്നതു കാണാം. മോട്ടർകാറോ, മോട്ടർസൈക്കിളോ, സൈക്കിളോ ഇല്ലാത്തവർ അവിടെയില്ലതന്നെ. റോഡിൻെറ ഇരുവശങ്ങളിലുമാണു് രാത്രികാലങ്ങളിൽപ്പോലും സൈക്കിൾ സൂക്ഷിക്കുക. മോഷ്ടിക്കാൻ അവിടെ ആളുകളില്ലെന്നു തോന്നും അതു കണ്ടാൽ.

പതിഭക്തിയെപ്പററി മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. തെളിവുകൂടാതുള്ള നിഗമനം നീതികേടായതുകൊണ്ടു ചില വസ്തുതകൾ തുറന്നു പറയുകയാണു്.

പൗരാവലിയുടെ സാന്മാർഗ്ഗികതയെപ്പററി ഗവേഷണം നടത്താൻ അവിടെ ഒരു പോലീസ് വിഭാഗം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടു്. നഗരത്തിലെ വേശ്യകളെപ്പററി അവർ നടത്തിയ സർവ്വേയുടെ പരിണാമം ഇപ്രകാരമാണു്. ഒന്നോ രണ്ടോ ആഴ്ചകൊണ്ടു് ആറുമുതൽ എട്ടുവരെയുള്ള അമേരിക്കൻപട്ടാളക്കാരുമായി സമ്പക്കം പുലത്തിയവളാണു് ഒരു വേശ്യ. അവൾ പ്രസ്തുത പട്ടാളക്കാരുമായി മാറിമാറി താമസിച്ചു് ജീവിതം നയിക്കുന്നു. ചെലവുകൾ മുഴുവൻ ഡാളറിൽത്തന്നെ നടത്തുന്നു. അമേരിക്കൻ പട്ടാളക്കാർ പടയാളികളും സുമുഖരും സഹൃദയരും ധാരാളികളുമാണെന്നാണു് അവളുടെ വിശ്വാസം. ഒരു വേശ്യയുടെ ശരാശരി വയസ്സു പതിനെട്ടു മാത്രമാണു്. എന്നാൽ പതിനഞ്ചിനു താഴെയുള്ളവരെയും വ്യഭിചാരക്കുററത്തിനു് അറസ്റ്റു് ചെയ്തിട്ടുണ്ടു്.

ഉന്നതനിലയിലുള്ള പെൺകുട്ടികളാണു് അധികവും വ്യഭിചാരവൃത്തിയിലുള്ളതെന്നു് ആ ഉദ്യോഗസ്ഥൻ പ്രസ്താവിക്കുന്നുണ്ടു്. കുററാരോപണംചെയ്യുന്ന മാതാവും, കഠിനശാസന നടത്തുന്ന പിതാവുമാണു സന്താനങ്ങളെ വ്യഭിചാരത്തിലേക്കു തള്ളിവിടുന്നതത്രേ! മൊത്തം വേശ്യകളിൽ 15 ശതമാനം ഭർത്തൃമതികളും അത്രത്തോളംതന്നെ ബാലികമാരുമാണു്. 33 ശതമാനം വേശ്യകളും ഒന്നോ അതിലധികമോ തവണകൾ വേശ്യാവൃത്തിയിൽ മാതൃപദം അലങ്കരിച്ചിട്ടുള്ളവരുമാണെന്നു സർവ്വേ തെളിയിക്കുന്നുണ്ടു്. 70 ശതമാനത്തിനും സ്വതസിദ്ധമായ ഭോഗേച്ഛയാണു കാരണമെന്നും 10 ശതമാനം അമിതഭോഗേച്ഛയാലും ബാക്കി 20 ശതമാനം വിഷയാസക്തരായ പുരുഷന്മാരുടെ സമ്മർദ്ദത്തിനും സൽസ്വഭാവത്തിനും കരുണക്കും വിധേയരായി വഴങ്ങിക്കൊടുക്കേണ്ടിവരുന്നവരുമാണെന്നു് ആ രസകരമായ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ടു്. 80 ശതമാനം വേശ്യകളും ഗുഹ്യരോഗത്തിനു വിധേയരാണുപോലും. വ്യഭിചാരക്കുററമാരോപിച്ച 117 പേരുടെ ചരിത്രരേഖയിൽ നാലു കൊല്ലത്തിനകം അതിൽ രണ്ടു പേർ മരിക്കുകയും മൂന്നുപേർ ഭ്രാന്തികളാകുകയും മുപ്പത്തിയഞ്ചുപേർ നാടുവിട്ടുപോകുകയും ബാക്കിയുള്ളവർ നിത്യവ്യഭിചാരികളായിത്തുടരുകയും ചെയ്യുന്നുവെന്നാണു കാണുന്നതു്. ഇന്നത്തെ നിയമംകൊണ്ടു ശരിയായ പ്രതിവിധി സാദ്ധ്യമല്ലെന്നും പോലീസ് മേധാവി അഭിപ്രായപ്പെടുകയുണ്ടായി. വ്യഭിചാരത്തിനു് ആദ്യമായി അറസ്ററു് ചെയ്യുവളെ മറെറന്തെങ്കിലും ജോലിക്കു പ്രേരിപ്പിക്കുവാൻമാത്രമേ അവിടെ നിയമം അനുവദിക്കുന്നുള്ളു. അതുകൊണ്ടു് ഉദ്ദിഷ്ടകാര്യം സാദ്ധ്യവുമല്ല.

ഭാരതത്തിലെ നില മനസ്സിലാക്കാനുള്ള ഔത്സുക്യം

ചിലർ പ്രകടിപ്പിക്കാതിരുന്നില്ല. ഇൻഡ്യൻസ്ത്രീകളെ പ്പററി അവിടെങ്ങും ബഹുമാനമാണെന്നു നേരത്തേത ന്നെ അറിഞ്ഞിരുന്നതുകൊണ്ട് "ഭാരതസ്ത്രീകൾതൻ ഭാവ ശുദ്ധി" അവർ ധരിച്ചിരിക്കുന്നതുതന്നെയെന്നു പുഞ്ചി രിച്ചുകൊണ്ടാണ് ഞാൻ മറുപടി പറഞ്ഞതു്.

## അഞ്ചു്

ഭാരതീയർ വിരളമായ നഗരങ്ങളിലൊന്നാണു കോ പ്പനേഗൻ. ഒരു ഭാരതീയനെ കാണാനുള്ള ആശയോടെ ഞാൻ ഇൻഡ്യൻ പ്രതിപുരുഷാലയം സന്ദർശിച്ചു. സുമുഖ നായ ഒരു യുവാവു് എന്നെ സ്വാഗതംചെയ്തു. അദ്ദേഹ വും ഒരു സായിപ്പുതന്നെ, മി. സ്റ്റ്റാൻഡ്. കണികാണാൻ പോലും ഒരു ഭാരതീയനില്ല. മി. സ്റ്റ്റാൻഡുതന്നെയാണ് ഇൻഡ്യൻ പ്രതിനിധി.

ഡെന്മാർക്കിൽ വസിക്കുന്ന ഇൻഡ്യാക്കാരെപ്പററിയു ള്ള വിവരങ്ങൾ ഞാൻ ആഫീസിൽനിന്നും കരസ്ഥമാ ക്കി. അക്കൂട്ടത്തിൽ പരിചയപ്പെട്ടയാളാണ് മി. സുന്ദരേ ശൻ. മി. സ്റ്റ്റാൻഡുമായി സംസാരിച്ചുകൊണ്ടിരിക്കവേ ഒരു കറുത്ത മനുഷ്യൻ അവിടെയെത്തി. അഖിലലോക യുവജനസംഘടനയുടെ ചൊടിചൊടിപ്പുള്ള സെക്രട്ടറി കൃഷ്ണസ്വാമിയാണതു്. കാലിഫോർണിയായിൽനിന്നും അന്നവിടെയെത്തിയ കൃഷ്ണസ്വാമി ഉത്തരധ്രുവംവഴി നേ രേ ജപ്പാനിലേക്കു പോവുകയാണ്. ലോകം ചുററുന്നതു് കൃഷ്ണസ്വാമിക്കു പുത്തരിയല്ല. വീണ്ടും എവിടെയെങ്കിലും സന്ധിക്കാമെന്നുള്ള വാഗ്ദാനത്തോടെ കൃഷ്ണസ്വാമിയും പിരിഞ്ഞു.

തലയെടുപ്പുള്ള ഒരു ചെറുപ്പക്കാരൻ കോപ്പനേഗ

നിൽ താമസമുണ്ടു്. ബംഗാളിയായ അജയമഹലനോബിഷ്. കഴിഞ്ഞ ആറു കൊല്ലമായി സ്ഥിരതാമസക്കാരനാണു് അജയൻ. സോഷ്യൽസയൻസിൽ ബിരുദം നേടാൻ പോയ ആ വിദ്യാർത്ഥി പിന്നെ ഇൻഡ്യയിലേക്കു മടങ്ങിയില്ല. ഡാനിഷ്ജനത ഈ യുവാവിനെ അതിരററു സ്നേഹിക്കുന്നുണ്ടു്. "നിങ്ങളുടെ അനുദ്യോഗസ്ഥ അംബാസഡറാണു് അജയൻ" എന്നു് ഒരു പത്രപ്രവർത്തകനും എന്നോടു പറയുകയുണ്ടായി. നാർവീജിയൻ, ഡാനിഷ്, സ്വീഡിഷ് എന്നീ മൂന്നു ഭാഷകളിലും ഒന്നുപോലെ വൈദഗ്ദ്ധ്യം നേടിയ അജയൻ ഇൻഡ്യയെപ്പററി ധാരാളം ലേഖനങ്ങൾ പത്രങ്ങളിൽ എഴുതുന്നുണ്ടു്. റേഡിയോയും ടെലിവിഷനുംവഴി അജയന്റെ ശബ്ദവും രൂപവും വലിയ ഒരു വിഭാഗം ആസ്വദിക്കുന്നുമുണ്ടു്. ഇതിനെല്ലാം കഴിവുള്ള ഏക ഭാരതീയനത്രേ അജയൻ.

ഈ യുവാവു് ഗ്രാമീണരുടെ നിത്യസഹചാരിയായി ഗ്രാമപ്രദേശങ്ങളിൽ പ്രസംഗങ്ങൾ നടത്താറുണ്ടു്. ഭാരതസംസ്കാരവും നമ്മുടെ പാരമ്പര്യവും നേട്ടങ്ങളുമൊക്കെയാണു വിഷയങ്ങൾ. ഇങ്ങനെയുള്ള ഒരു യോഗത്തിൽ ഞാനും സംബന്ധിച്ചു. ഇൻഡ്യയെപ്പററി രണ്ടു വാക്കു പറയുന്നതിൽനിന്നും ഒഴിഞ്ഞുമാറാനും തരപ്പെട്ടില്ല. ഒന്നുരണ്ടുമാസം അവിടെ താമസിച്ചിട്ടു മടങ്ങിയാൽ മതിയെന്നു് ആത്മാർത്ഥതനിറഞ്ഞ ഗ്രാമീണർ എന്നോടാവശ്യപ്പെട്ടു. എന്റെ എല്ലാ ആവശ്യങ്ങളും നിറവേററിക്കൊള്ളാമെന്നും കമ്പനിക്കാരിൽനിന്നും പ്രത്യേകാനുവാദംപോലും വാങ്ങിക്കൊള്ളാമെന്നും അവർ ശഠിച്ചു. ഇനിയൊരവസരത്തിൽ ആതിഥ്യം സ്വീകരിച്ചുകൊള്ളാമെന്ന വാഗ്ദാനത്തോടെയാണു ഞാൻ യാത്രപറഞ്ഞതു്.

മൂന്നുനാലു രാത്രികൾ ഞാനും അജയനുമായി ഉറങ്ങാ

തെ കഴിച്ചുകൂട്ടി. ഞങ്ങളുടെ 'നിശാക്ലബ്ബ്' അജയന്റെ ഭവനമായിരുന്നു. നെഹ്റുവുമായി താൻ നടത്തിയ സംഭാഷണത്തെപ്പററിയും പണ്ഡിററ്ജി നല്കുന്ന പാരിതോഷികത്തെപ്പററിയും മററും അഭിമാനത്തോടെ ആ യുവാവ് പറയുകയുണ്ടായി. ഇൻഡ്യൻ പ്രതിപുരുഷാലയത്തിൽ ജോലിക്കു ചേരാനുള്ള ക്ഷണം പലയവസരത്തിലും നന്ദിപൂർവ്വം തിരസ്കരിക്കയാണ് അജയൻ ചെയ്തതു്. സ്വാതന്ത്ര്യപ്രേമം ഒന്നു മാത്രമാണ് അതിൻെറ കാരണം. ആ ജോലിയിലുമുപരിയായ സ്ഥാനത്തിനർഹനാണ് വംഗദേശസന്താനമായ അജയമഹലനോബിഷ്.

ക്രിസ്ത്യൻ പത്താമന്റേയും അലക്സാണ്ട്റിയാരാജ്ഞിയുടേയും പിന്തുടർച്ചാവകാശികളാണ് ഡെന്മാർക്കിലെ രാജകുടുംബം. മക്കത്തായംതന്നെയാണവിടെ നിലവിലിരിക്കുന്നതു്. ലൂതറൻ ചർച്ചിൽപ്പെട്ടതായിരിക്കണം രാജാവെന്നു നിർബ്ബന്ധമാണ്. ഭരണഘടനയുടെപേരിൽ സത്യവാചകം ചൊല്ലിയാണ് രാജാവ് അധികാരമേല്ക്കുന്നതു്. വളരെ പരിമിതമായ അധികാരമേയുള്ളു രാജാവിനു്. എന്നാൽ രാജകീയാഡംബരങ്ങൾ കടിഞ്ഞാണില്ലാത്തതാണ്. ഇൻഡ്യൻ ഗവർണ്ണർജനറലായിരുന്ന ലാർഡ്മൗണ്ട് ബാററൻെറ സഹോദരിയെയാണ് ഇപ്പോഴത്തെ രാജാവ് കല്യാണം കഴിച്ചിരിക്കുന്നതു്. പാർലമെൻറ് പാസ്സാക്കുന്ന ബില്ലുകൾക്കു 30 ദിവസത്തിനകം രാജാവിൻെറ അംഗീകാരം ലഭിച്ചെങ്കിൽ മാത്രമേ നിയമസാധുത്വം ലഭിക്കുന്നുള്ളു. അതുകൊണ്ട് ഒരു മാസത്തിനുമേലിൽ അനുമതി തടഞ്ഞുവയ്ക്കാനും നിവൃത്തിയില്ല. ഇതു കൂടാതെ മൂന്നിലൊരുഭാഗം പാർലമെൻറ്മെമ്പറന്മാർ ആവശ്യപ്പെട്ടുന്നപക്ഷം ഏതു ബില്ലും ജനഹിതത്തിനു വിധേയപ്പെടുത്താനും അവിടെ നിയമമുണ്ട്.

ജുഡീഷ്യറിക്ക് എക്സിക്യൂട്ടീവുമായി ബന്ധമില്ല. ഒരു കോടതിവിധിപ്രകാരം മാത്രമേ ജസ്റ്റിമാരെ ഡിസ്മിസ് ചെയ്യാൻ തരപ്പെടുകയുള്ളു. കോടതിതീരുമാനത്തെ പൊതുജനബോദ്ധ്യത്തിനുവേണ്ടി പരസ്യപ്പെടുത്തുകയും വേണം.

179 അംഗങ്ങളാണു പാർലമെൻററിലുള്ളതു്. ഒരു എം. പി-ക്കു് പ്രതിവഷം 16,000 ക്രോണർ ശമ്പളമായും 10,000 ക്രോണർവരെ അലവൻസായും വാങ്ങാവുന്നതാണു്. ജീവിതനിലവാരസൂചികയനുസരിച്ചു് ഈ തുക കൂട്ടുകയോ കുറയുകയോ ചെയ്യുന്നു. നാലുകൊല്ലത്തേക്കു വേണ്ടിയാണു തെരഞ്ഞെടുപ്പു നടത്തുന്നതെങ്കിലും പ്രസ്തുത കാലഘട്ടത്തിനിടക്കു് എപ്പോൾ വേണമെങ്കിലും ഒരു പൊതുതെരഞ്ഞെടുപ്പു പ്രഖ്യാപിക്കുന്നതിനു രാജാവിനധികാരമുണ്ടു്.

1953-ൽ നടപ്പാക്കിയ ഒരു നിയമമനുസരിച്ചു് 'പാർലമെൻററികമ്മീഷണർ ഫോർ സിവിൽ ആൻഡ് മിലിട്ടറി ഗവണ്മെൻറ് അഡ്മിനിസ്ട്രേഷൻ' എന്ന ഒരു പുതിയ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ടു്. ഈ ഉദ്യോഗസ്ഥൻെറ അധികാരപരിധിയിൽനിന്നും പ്രധാനമന്ത്രിക്കുപോലും ഒഴിഞ്ഞുമാറാൻ തരപ്പെടുകയില്ല. ഏതൊരു പൗരൻെറയും ആവലാതി കമ്മീഷണർ സ്വീകരിക്കുന്നു, അന്വേഷിക്കുന്നു, കുററക്കാരനാണെങ്കിൽ മന്ത്രിയായാൽത്തന്നെയും ശിക്ഷിക്കപ്പെടുന്നു. കോർട്ട് ഓഫ് എൻക്വയറി നടപ്പാക്കാനും അദ്ദേഹത്തിനധികാരമുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ ന്യായദീക്ഷിതരല്ലാത്ത ഉദ്യോഗസ്ഥന്മാരുടെ തലക്കുമുകളിൽ തൂങ്ങുന്ന വാളാണു് ഈ ഉദ്യോഗസ്ഥൻ. പാർലമെൻറാണു കമ്മീഷണറെ നിയമിക്കുന്നതു്. പാർലമെൻറിൻെറ ഇഷ്ടമുള്ളിടത്തോളം കാലം ആ നിയമനം

നിലവിലിരിക്കുകയുംചെയ്യും. ഭൂരിപക്ഷപ്രകാരം ഒരു നിയമനം കഴിഞ്ഞാൽ ആ വ്യക്തിയെ പിരിച്ചയയ്ക്കാൻ മൂന്നിൽ രണ്ടുഭാഗത്തിന്റെ വോട്ടുകൊണ്ടേ തരപ്പെടുകയുള്ളൂ.

ഡെന്മാർക്കിലെ വിദ്യാഭ്യാസം, സാമൂഹ്യസ്ഥിതി മുതലായ പലതും പ്രതിപാദ്യവിഷയങ്ങളാണ്. സ്വീഡനിലേയും നാർവേയിലേയും സ്ഥിതികൾ ഏകദേശം ഡെന്മാർക്കിലേതുപോലെയായതുകൊണ്ട് ആ രാജ്യങ്ങളെ പരാമർശിക്കുമ്പോൾ പ്രസ്തുത കാര്യങ്ങളും വിവരിച്ചുകൊള്ളാം.

കസ്ട്രപ്പ് വിമാനത്താവളത്തിൽവച്ചു ഞാൻ അജയനോടു യാത്രപറഞ്ഞു. ലണ്ടനിൽനിന്നും മടങ്ങുമ്പോൾ വീണ്ടും കോപ്പനേഗൻവഴി യാത്രചെയ്യാമെന്നും തദവസരത്തിൽ ഒന്നുകൂടി സന്ധിക്കാമെന്നുമായിരുന്നു ഞങ്ങളുടെ തീരുമാനം. അങ്ങനെ എന്റെ ഒരാഴ്ച ഡെന്മാർക്കിൽക്കൂടി കഴിഞ്ഞുപോയി.

## ആറ്

കേൾവികേട്ട കോപ്പനേഗനിൽനിന്നും സ്വീഡനിലെ കമ്മ്യൂണിസ്റ്റ്കേന്ദ്രമായ ഗോദൻബർഗ്ഗിലേക്കായിരുന്നു എന്റെ അടുത്തയാത്ര. അതിരാവിലെ വിമാനത്താവളത്തിലേക്കു പോകാൻ ഇറങ്ങിയപ്പോൾ നിരത്തുകൾ ഒരടിപ്പൊക്കത്തിൽ മഞ്ഞുമൂടിക്കിടക്കുന്നതായി കാണപ്പെട്ടു. ശീതകാലത്തെ മഞ്ഞുമഴ അന്നാണു ഡെന്മാർക്കിൽ വർഷിച്ചതു്; മഞ്ഞു പെയ്തുകഴിഞ്ഞാൽ തണുപ്പിന്റെ കാഠിന്യം കുറഞ്ഞുകിട്ടും. രാജ്യവാസികൾക്കാകമാനം പ്രിയമായ അന്നത്തെ സൂര്യോദയം നൂറുകണക്കിനു ബാലികാബാലന്മാരുടെ മഞ്ഞിന്മേലുള്ള ലീലാവിനോദത്തെ ശോഭാ

യമാനമാക്കി. അതു നയനാഭിരാമമായ ഒരു കാഴ്ചയായിരുന്നു. പിഞ്ചുപൈതങ്ങളുടെ ചെമ്പൻമുടിയിൽ രസബിന്ദുക്കൾപോലെ തത്തിക്കളിക്കുന്ന മഞ്ഞുതുള്ളികൾ. യാതൊരു ലഗാനുമില്ലാതെ അവർ ശീതാനിലനിൽ തുള്ളിച്ചാടി. വിമാനസങ്കേതത്തിലുള്ള മഞ്ഞുകട്ടകൾ യന്ത്രസഹായത്തോടെ മാററിക്കൊണ്ടേയിരുന്നു. ഞങ്ങളുടെ വിമാനത്തിൻെറ നാലെൻജിനുകളും കറങ്ങിയതോടൊപ്പം സ്നേഹത്തിൻെറ നാടായ ഡെന്മാർക്കിൻെറയും ഡാനിഷ് ജനതയുടെയും പ്രിയപ്പെട്ട അജയൻെറയും മധുരസ്മരണകൾ എൻെറ ഹൃദയാന്തരത്തിലും ചുററിക്കൊണ്ടിരുന്നു. മഞ്ഞുമൂടിയ നാട്ടിൽനിന്നും മേഘപടലങ്ങളിലേക്കുയന്ന വിമാനം ഒരു മണിക്കൂറിനുള്ളിൽ ഗോദൻബഗ്ഗ് പട്ടണത്തിൽ എത്തിച്ചേർന്നു.

ഒരൊന്നാംതരം ചെറിയ പട്ടണം. മാർബിൾത്തളികകൾപോലുള്ള പാതകൾ. അവിടത്തെ ശുചിത്വം കണ്ടപ്പോൾ എൻെറ ഓർമ്മ കറാച്ചിയിലെ കാഴ്ചയെ താർക്ഷ്യവേഗത്തിൽ ഒന്നു ദശിച്ചു. തൊഴിലാളിസങ്കേതമായിട്ടുപോലും മലിനതയുടെ ലവലേശം കാണാൻ വിഷമം. ചൈനയിൽ ഈച്ചകളില്ലെന്നു കേട്ടിട്ടുണ്ട്. എന്നാൽ ഗോദൻബഗ്ഗിൽ ഈച്ചയെ കാണാൻ എനിക്കു കഴിഞ്ഞില്ല.

വലിയ വളച്ച്യെ പ്രാപിക്കാത്ത സംഘടനയാണു സ്വീഡനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി. മോസ്കോ നേതൃത്വംകൊടുക്കുന്ന കമ്മ്യൂണിസ്റ്റ് ഇൻറർനാഷണലിൻെറ വക്താക്കൾക്കു റാൻമൂളുന്ന നേതാക്കന്മാരാണവിടെയുള്ളതെന്നു ബാംബെയിൽ എന്നോടൊപ്പം ജോലിചെയ്തിരുന്നയാളും ഇപ്പോൾ ഗോദൻബഗ്ഗിൽ സ്ഥിരതാമസക്കാരനുമായ മി. അൻഡേഴ്സൺ പറയുകയുണ്ടായി. പരമാത്ഥ

മെന്തായാലും സ്വീഡിഷ് ഗവണ്മെൻറിൻെറ ധാരണയും ഇതിൽനിന്നു ഭിന്നമല്ലെന്നു സ്റ്റോക്ക്ഹോമിൽവച്ച് എനിക്കറിയാൻ കഴിഞ്ഞു.

തുടർച്ചയായുള്ള കഴിഞ്ഞ മൂന്നു തെരഞ്ഞെടുപ്പുകളിലും വെറും അഞ്ചുശതമാനം വോട്ടുകൾമാത്രമേ അവക്കു ലഭിച്ചിട്ടുള്ളു. എന്നാലും ചട്ടക്കൂട്ടിനു ഭദ്രതയും അച്ചടക്കവും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേട്ടങ്ങളത്രേ! പ്രധാനപ്പെട്ട മൂന്നു ദിനപ്പത്രങ്ങൾ അവർ സ്വീഡനിൽ നടത്തുന്നുണ്ട്. 'നോക്ക്ൻഡ് ഫ്ളാമൻ', 'നൈഗാഡ്', 'ആർബെടാർട്ടി നിംഗൽ' എന്നിവയാണു പത്രങ്ങൾ. കമ്മ്യൂണിസ്റ്റ് കോട്ടയായ ഗോദൻബർഗ്ഗിൽവച്ചു സ്വീഡനിലെ രാഷ്ട്രീയാന്തരീക്ഷം എനിക്കു മനസ്സിലാക്കാൻകഴിഞ്ഞു.

സോഷ്യൽ ഡെമോക്രാററിക്ക് ലേബർ, ലിബറൽ, ഫാർമേഴ്സ്, കൺസർവേററീവ്, കമ്മ്യൂണിസ്റ്റ് എന്നീ അഞ്ചു രാഷ്ട്രീയപാർട്ടികളാണു സ്വീഡനിലുള്ളത്. ആ രാജ്യത്തെ സാമ്പത്തികനിലയുടെ ഭാവഭേദങ്ങൾ എല്ലാ പാർട്ടിപ്രവർത്തനങ്ങളിലും തെളിഞ്ഞു കാണുന്നുണ്ടത്രേ! സാമ്പത്തികോന്നമനത്തിനും, സാമൂഹ്യക്ഷേമത്തിനുംവേണ്ടി പ്രചരണം നടത്തുകയെന്നുള്ളതത്രേ ഓരോ പാർട്ടിയുടേയും ആദർശം. വിഭിന്നമാർഗ്ഗങ്ങൾ ഉദ്ദേശശുദ്ധിക്കു് അവലംബിക്കുന്നുവെന്നു മാത്രം.

ദേശീയസംഘടനകൾ രാഷ്ട്രീയപാർട്ടികളേക്കാൾ അവിടെ ബഹുമാനിക്കപ്പെടുന്നു. കൃഷിക്കാരുടെ സംഘടന, മാസശമ്പളക്കാരുടെ സംഘടന, കേന്ദ്ര തൊഴിലാളിസംഘടന, ക്ലാർക്കന്മാരുടെ സംഘടന എന്നിവകളെയും നാലും അഞ്ചും ലക്ഷം ജനങ്ങളെവീതം പ്രതിനിധീകരിക്കുന്നു. പ്രസ്തുത സംഘടനകൾക്കു് അതിൻേറതായ രാഷ്ട്രീയമില്ലെങ്കിലും അതാതു തൊഴിലിൻെറ തത്വസംഹിത

യോട്ട യോജിക്കുന്ന പാർട്ടികൾക്കുവേണ്ടിയായിരിക്കും ഭൂരിപക്ഷം അംഗങ്ങളും വോട്ടുചെയ്യുക.

ഒരു തെരഞ്ഞെടുപ്പു കഴിഞ്ഞാൽ അടുത്തതുവരെ ഭരണകക്ഷിക്കു ചെയ്യാവുന്നത്ര സഹായസഹകരണങ്ങൾ നല്കുകയെന്നതാണു ജനങ്ങളുടെ നിലപാട്ട്. മന്ത്രിസഭയെ ശ്വാസംമുട്ടിക്കുന്ന ചെയ്തികളിൽ പ്രതിപക്ഷം വിശ്വസിക്കുന്നില്ല. സ്വീഡനിൽ കമ്മ്യൂണിസ്ററ് പാർട്ടിപോലും ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ജനങ്ങൾ രാഷ്ട്രീയം കൈകാര്യംചെയ്യുന്നതു് തെരഞ്ഞെടുപ്പിനു് ഒരാഴ്ചയ്ക്കുമുമ്പുമുതൽ ഫലപ്രഖ്യാപനസമയംവരെ മാത്രമായിരിക്കും. മന്ത്രിസഭാരൂപീകരണം കഴിഞ്ഞാൽ ഭരണകക്ഷിയും പ്രതിപക്ഷനേതാക്കന്മാരും തമ്മിൽ കൈകാര്യംചെയ്യേണ്ടതാണു് രാഷ്ട്രീയമെന്നു് അവർ പൂർണ്ണമായി വിശ്വസിക്കുന്നു.

ഭരണഘടനയനുസരിച്ചു ചില നിശ്ചിതനിബന്ധനകൾ എല്ലാ രാഷ്ട്രീയപാർട്ടികളേയും ബാധിക്കുന്നുണ്ട്. ഒന്നാമതായി ജനാധിപത്യത്തിൽ വിശ്വസിക്കുന്നതായിരിക്കണം പാർട്ടി. പാർട്ടിയംഗങ്ങളായിരിക്കണം നേതാവിനെ തെരഞ്ഞെടുക്കേണ്ടതു്. അല്ലാതെ ഏകച്ഛത്രാധിപത്യം സാദ്ധ്യമല്ല. പാർട്ടിയുടെ പ്രവർത്തനപഥം ആസൂത്രണംചെയ്യാനുള്ള എല്ലാ അധികാരവും അംഗങ്ങളിൽ നിക്ഷിപ്തമായിരിക്കണം. തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിർത്തുന്നതു മെമ്പറന്മാരുടെ ഭൂരിപക്ഷത്തോടുകൂടിയായിരിക്കണമെന്നുള്ള പുരോഗമനപരമായ ഒരു നിയമം വളരെ പ്രാധാന്യമർഹിക്കുന്നു. ഇത്രയും നിയമങ്ങൾക്കു വിധേയമായ ഒരു രാഷ്ട്രീയസംഘടനയ്ക്കു് അവിടെ പ്രവർത്തനസ്വാതന്ത്ര്യമുണ്ടു്.

ഇതിനു പകരമെന്നോണം, സംഘടിക്കാനുള്ള അധികാരം, പ്രസംഗസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം എന്നിവ കടിഞ്ഞാണില്ലാതെ എല്ലാ പാർട്ടികൾക്കും ലഭ്യമാകുന്നുണ്ട്. കമ്മ്യൂണിസ്ററ് പാർട്ടിയൊഴിച്ചു മറെറല്ലാ സംഘടനകളും ജനാധിപത്യവിശ്വാസികളാണെന്നു പറയുന്നതിനനുസരിച്ചു പ്രവൃത്തിയിലും കാണിക്കുന്നുണ്ടെന്നത്രേ പൊതുജനാഭിപ്രായം. ചുരുക്കത്തിൽ കമ്മ്യൂണിസ്റ്റ്കാരെ സംശയാസ്പദമായ രീതിയിലാണു സ്വീഡിഷ്ജനത വീക്ഷിക്കുന്നതെന്നു കരുതുന്നതിൽ തെററില്ല.

ഭരണഘടനയുടെ നാനാവശങ്ങളെയും പരാമർശിക്കാനല്ല ഞാനിവിടെ മുതിരുന്നതു്. ഒരു പ്രത്യേക വകുപ്പ് എടുത്തുപറയാതെ ഗത്യന്തരവുമില്ല. സാധാരണഗതിയിൽ ബില്ലുകൾ പാസ്സാക്കി പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള അധികാരം ഭരണകക്ഷിക്കുണ്ടെന്നിരിക്കെ പൊതുജനങ്ങളെ സാരമായിബാധിക്കുന്ന ഒരു കാര്യമാണെങ്കിൽ റെഫറണ്ടം നടത്താനുള്ള ഉപാധി ഭരണഘടനയിലുണ്ട്. എന്നാൽ ജനേഹിതത്തിനുശേഷം മറ്റേതൊരു ബില്ലിനേയുംപോലെ ആ ബില്ലും പാർലമെന്റ് ചർച്ച്ചെയ്തു പാസ്സാക്കുകയാണു പതിവ്. പക്ഷേ, റെഫറണ്ടത്തിൽക്കൂടി ഭൂരിപക്ഷം ലഭിച്ച ബില്ലിനെതിരായി ഭരണകക്ഷിയോ പ്രതിപക്ഷമോ ശബ്ദമുയർത്തുകയില്ല.

1922-ൽ സ്വീഡനിൽ ഒരു റെഫറണ്ടം നടക്കുകയുണ്ടായി, മദ്യവർജ്ജനത്തെപ്പററി. ബഹുഭൂരിപക്ഷത്തോടെ ജനങ്ങൾ വിധിയെഴുതി മദ്യവർജ്ജനം ആവശ്യമില്ലെന്നു്. മദ്യവർജ്ജനപദ്ധതി അവിടങ്ങനെ പൊളിഞ്ഞു. അതിനുശേഷം മറ്റൊരു റെഫറണ്ടം നടന്നതു് 1955-ൽ മാത്രമാണു്. ഇൻഡ്യയിലാണെങ്കിൽ മാസംതോറും ഓരോ റെഫറണ്ടം നടത്തേണ്ടിവരുമെന്നു വിമർശകന്മാർ വിഭാ

വനം ചെയ്യുന്നെങ്കിൽ അനുഭവംവച്ചുകൊണ്ടു കുററപ്പെട്ടുത്താനും സാദ്ധ്യമല്ലല്ലോ!

'സോഷ്യൽ ഡെമോക്രാററ് ലേബറിന്റെ നേതാവായ ടഗേ എർലാണ്ടർ എന്ന മഹാനാണ് കഴിഞ്ഞ പന്ത്രണ്ടു കൊല്ലമായി പ്രധാനമന്ത്രിപദം അലങ്കരിക്കുന്നതു്. രാജ്യമൊട്ടാകെ ബഹുമാനിക്കപ്പെടുന്ന വ്യക്തിയാണദ്ദേഹം. ജവഹർലാൽ നെഹ്റുവിന്റെ സ്വീഡൻസന്ദർശനവേളയിൽ ഒരു സ്വീകരണമദ്ധ്യേ ഫലിതരൂപത്തിൽ പണ്ഡിററ്ജി പറഞ്ഞു: "ഒരു കാര്യത്തിൽ സ്വീഡനും ഇൻഡ്യയും വളരെ മമതയിലാണ്. പ്രധാനമന്ത്രിമാരെ കൂടെക്കൂടെ വലിച്ചെറിയുന്ന സ്വഭാവക്കാരല്ലാ അവർ." രാജാവും രാജ്ഞിയും രാജകുടുംബാംഗങ്ങളും പ്രധാനമന്ത്രി എർലാണ്ടറുമെല്ലാം സന്നിഹിതരായിരുന്ന ആ മഹാസദസ്സ് ഗഹനമായ പ്രസ്തുത ഫലിതത്തിൽ കരഘോഷത്തോടെ രണ്ടു നിമിഷനേരം പൊട്ടിച്ചിരിച്ചു പോയത്രേ!

## ഏഴ്

ഗോദൻബർഗ്ഗിലെ ഒരുദിവസത്തെ താമസം ഉല്ലാസപ്രദമായിരുന്നു. ഇൻഡ്യയിലെ, വിശേഷിച്ചു കേരളത്തിലെ സ്ഥിതിഗതികളറിയാൻ പലരും അത്യാസക്തി പ്രദർശിപ്പിച്ചു. പണ്ഡിററ് നെഹ്റുവിന്റേയോ, ശങ്കരൻനമ്പൂരിപ്പാടിന്റേയോ, പ്രസ്കാൺഫറൻസിൽ പത്രപ്രതിനിധികൾ തള്ളിക്കയറി ചോദ്യങ്ങൾ ചോദിക്കുന്നതുപോലെയാണ് ഒരാളുടെ സംശയത്തിനു മറുപടി പറയുന്നതിനുമുമ്പു മറെറാരാളുടെ ചോദ്യം. കമ്മ്യൂണിസ്റ്റ്മന്ത്രിസഭയുടെ നേട്ടങ്ങൾ വിശദമായിട്ടറിയാൻ പല തൊഴിലാളികളും

അക്ഷമരായി എന്നെ ബുദ്ധിമുട്ടിച്ചു. വൈകിട്ട് അഞ്ചു മണിയോടെ ഞങ്ങൾ പത്തുപതിനഞ്ചുപേർ അത്താഴത്തിനിരുന്നിട്ട വെളുപ്പിനു 3 മണിക്കുമാത്രമാണു ശാപ്പാട്ടകഴിഞ്ഞതെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? എന്നാൽ അതാണവിടത്തെ പതിവ്. കുടിയും തീററിയും നടക്കുന്നതിനിടയിലാണു ലോകകാര്യങ്ങൾ ചർച്ചചെയ്യുക. അങ്ങനെ ആ രാത്രിയിൽ ഞാൻ വല്ലാതെ വിഷമിച്ചുപോയി.

സ്വീഡനിലെ ജീവിതനിലവാരം വളരെ ഉയർന്നതാണ്. പട്ടിണി മാറ്റാനല്ല അവർ ആഹാരം കഴിക്കുന്നതു്, പിന്നെയോ സുഖിച്ചു് ആരോഗ്യത്തോടെ ജീവിക്കാൻ. പത്തുപതിനഞ്ചുരൂപാ ചെലവഴിക്കാതെ സ്റ്റോക്ക്ഹോമിലും ഗോദൻബെർഗിലും ഒരുനേരത്തെ ആഹാരം ലഭിക്കുകയില്ല. പണം വാങ്ങുന്നതിൽ പരിഭവിക്കേണ്ട. അത്രക്കു പോഷകാംശമുള്ള വിഭവങ്ങളാണു കിട്ടുക. അതവിടെ നിർബ്ബന്ധവുമാണ്. ജീവിതനിലവാരം ഉയർന്നതാണു കാരണം. അല്ലാതെ വിലവർദ്ധനവാണെന്നു തെററിദ്ധരിക്കരുതു്. യുദ്ധകാലത്തിനുമുമ്പുള്ളതിൽനിന്നു വെറും 40 ശതമാനംമാത്രമാണ് അവിടത്തെ വിലവർദ്ധനവെന്നിരിക്കെ ഇന്ത്യയിൽ അതു് ഏകദേശം 300 ശതമാനത്തിൽക്കവിഞ്ഞുനില്ക്കുകയാണ്. ബാംബെസിററിയിലാണെങ്കിൽ 400 ശതമാനംവരെ എത്തിയിട്ടുമുണ്ടു്.

നേരേമറിച്ചു രണ്ടുമൂന്നു രൂപാകൊണ്ടു ലണ്ടനിൽ ഒരു നേരം സുഖമായി ശാപ്പാട്ടകഴിക്കാം. ബാംബെയിൽപോലും രണ്ടുരൂപാകൊണ്ടു തരപ്പെട്ടില്ലെന്നുവരാം. സ്വീഡൻെറയും ഇംഗ്ലണ്ടിന്റെയും ഇന്നത്തെ നിലയുടെ അന്തരമാണ് ഇതിൽനിന്നും മനസ്സിലാകുന്നതു്. കാളണികൾ കൈവിട്ടുപോയ ക്ഷീണം ഗ്രേററ്ബ്രിട്ടനിൽ പൊതുവേ

ബാധിച്ചിട്ടുണ്ട്. അതിലുമുപരിയായി കാമൺവെൽത്തു രാജ്യങ്ങളിൽനിന്നുള്ള കടിഞ്ഞാണില്ലാത്ത തള്ളിക്കയററവും. തൊഴിലില്ലായ്മ ഇംഗ്ലണ്ടിൽ വളരെ വദ്ധിച്ചു പോയി. തൊഴിലില്ലാത്ത പല ഇൻഡ്യാക്കാരേയും എനിക്കവിടെ കാണാൻകഴിഞ്ഞു.

ഗോദൻബഗ്ഗിൽവച്ചു രണ്ടിൻഡ്യാക്കാരെപ്പററിയാണു കൂടുതൽ കേൾക്കാൻ സാധിച്ചതു്. ഒന്നു പണ്ഡിററ് സുന്ദർദാസ്, അടുത്തതു മുൻനിയമമന്ത്രി വി. ആർ. കൃഷ്ണയ്യർ. "അയ്യർ കമ്മ്യൂണിസ്റ്റ്മന്ത്രിയാണെങ്കിൽ നിങ്ങളുടെ കമ്മ്യൂണിസ്റ്റുംകാരും ഞങ്ങളുടെ സഖാക്കളുമായി വലിയ വ്യത്യാസമുണ്ട്" എന്നാണു കമ്മ്യൂണിസ്റ്റേതരസംഘടനയിലെ ഒരു തൊഴിലാളി എന്നോടു പറഞ്ഞതു്. പണ്ഡിററ് നെഹ്റുവിന്റെ ആരാധകനാണു കൃഷ്ണയ്യർ എന്ന ബോധമാണവക്കുള്ളതു്. എങ്ങനെയാണെന്നോ ആ ധാരണ പരന്നതു്. ഗ്രൂപ്പ്മീററിംഗുകളിലാകട്ടെ, പ്രസംഗവേദിയിലാകട്ടെ, കുറഞ്ഞതു പതിനഞ്ചുമിനിട്ടുനേരമെങ്കിലും നെഹ്റുവിനെ പുകഴ്ത്താതെ സ്റ്റോക്ക്ഹോമിൽവച്ചുകൃഷ്ണയ്യർ പ്രസംഗം നടത്തിയിട്ടില്ല. അതേപ്പററിയുള്ള കൂടുതൽ വിവരങ്ങൾ ഇനിയൊരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം.

ഗോദൻബഗ്ഗിലെ തുറമുഖം ആകഷ്ണീയമാണു്. കപ്പൽനിമ്മാണകേന്ദ്രം ലോകപ്രസിദ്ധവുമാണു്. പ്രതിമാസം രണ്ടു കപ്പലുകളെങ്കിലും ഇൻഡ്യയിൽനിന്നും ആ തുറമുഖത്തടുക്കുന്നുണ്ടു്. വ്യാവസായികമായി സ്വീഡനിലെ ഏററവും പ്രാധാന്യമുള്ള പട്ടണമാണിതു്. ഭൂരിപക്ഷവും തൊഴിലാളികളാണെങ്കിലും ശാന്തജീവിതം മുന്നേറുന്ന ആ നഗരത്തിൽ കമ്മ്യൂണിസ്റ്റ്കാർ താവളമുറപ്പിച്ചിരിക്കുന്നതിന്റെ അന്തരാത്ഥം സ്വീഡനിൽ പരസ്യമായ രഹസ്യമായിരിക്കയാണു്. ജനനിബിഡമായതുകൊണ്ടു

വെറും സുഖലോലുപന്മാക്ക് പററിയ അന്തരീക്ഷമല്ലവിടെ. തൊഴിലാളികേന്ദ്രമായതിനാൽ പാർട്ടിക്കു വളരാനുള്ള സാഹചര്യം കൂട്ടതലുണ്ടുതാനും.

അതിഥിസൽക്കാരംകൊണ്ടു പൊറുതിമുട്ടിയ ഞാൻ അടുത്തദിവസം ഉച്ചയോടെ സ്റ്റോക്ക്ഹോമിലേക്കു വിമാനം കയറി. മഞ്ഞിന്റെ വികൃതികൾ അലതല്ലുന്ന സ്കാൻഡിനേവിയൻ രാജ്യങ്ങളിൽക്കൂടി വിമാനയാത്ര തണുപ്പുകാലങ്ങളിൽ അത്ര സുഗമമല്ല. എങ്കിലും വൈമാനികർ പ്രത്യേകം പരിശീലിപ്പിക്കപ്പെട്ടവരായതുകൊണ്ടു കാർമേഘങ്ങളുടെ ഘോരാട്ടഹാസങ്ങളിലൂടെയും പ്രകൃതിസൗന്ദര്യം ആസ്വദിക്കുവാൻ നാം തയാറാകുന്നു. വിശിഷ്യ, വിമാനോദ്യോഗസ്ഥന്മാരുടെ വിനയഭാവവും യാത്രക്കാരുടെ സംതൃപ്തിക്കുവേണ്ടിയുള്ള പെരുമാററവും ആകാശത്തിൻെറ പേക്കൂത്തിൽനിന്നും നമ്മെ ഒററതിരിക്കുകയാണ്. ഓരോ കമ്പനിക്കാരും അവരവരുടെ സർവ്വീസിന്റെ സുഖസൗകര്യങ്ങൾ വദ്ധിപ്പിക്കുവാനും തദ്വാരാ യാത്രക്കാരുടെ പ്രീതി സമ്പാദിക്കുവാനുംവേണ്ടി ബദ്ധപ്പെട്ടുന്നവരാണെന്നു് അനുഭവസ്ഥന്മാക്കറിയാൻ കഴിയുന്നു. ഇക്കാരണംകൊണ്ടുതന്നെ ദേശീയമോ, രാഷ്ട്രീയമോ ആയ പരിഗണനയേക്കാൾ ഒരു വ്യോമസഞ്ചാരിക്ക് സുഖസൗകര്യങ്ങൾ പരമാവധി ലഭിക്കുന്ന എയർലൈൻസിനോടാണിഷ്ടവും. നമ്മുടെ ദേശീയവിമാനക്കമ്പനിയായ എയർ ഇൻഡ്യാ ഇന്റർനാഷണൽ ഈ തുറയിൽ അത്യുന്നതമായ പദവിയാണു കരസ്ഥമാക്കിയിട്ടുള്ളതു്.

നാലഞ്ചുകൊല്ലത്തിനു മുമ്പാണെന്നു തോന്നുന്നു എയർഇൻഡ്യയെ താഴ്ത്തിക്കൊണ്ടു് പ്രൊഫസ്സർ മുണ്ടശ്ശേരി എവിടെയോ പരാമശിച്ചിരിക്കുന്നതു ഞാൻ വായി

ക്കുകയുണ്ടായി. കാര്യക്ഷമതയില്ലാത്ത സർവ്വീസാണതെന്ന ധാരണ പരത്താനായിരുന്നു അദ്ദേഹത്തിന്റെ ശ്രമമെന്നും എനിക്കു തോന്നി. എൻജിൻതകരാറുകൊണ്ടു് അല്പതാമസം നേരിട്ടയവസരത്തിലാണു് മുണ്ടശ്ശേരിമാസ്റ്റർ തട്ടിക്കയറിയതെന്നും തോന്നുന്നു. എയർഇൻഡ്ധ്യയുടെ പ്രശസ്തസേവനം മറ്റേതൊരു മികച്ച കമ്പനിയുടേതുമായി താരതമ്യപ്പെടുത്താൻ പര്യാപ്തമാണെന്നു നമ്മുടെ പ്രധാനമന്ത്രി ലോക്‌സഭയിൽ അഭിപ്രായപ്പെട്ടതിനു ബദലായിരിക്കണം പ്രസ്തുത കുററാരോപണം. അതങ്ങനെ പോകട്ടെ. എന്നാൽ ഈയിടെ നമ്മുടെ മുൻമുഖ്യമന്ത്രി ഇ. എം. എസ്സിൻെറ മോസ്‌കോസന്ദർശനം കഴിഞ്ഞു മടക്കയാത്രയിൽ ഒരു ചെറിയ സംഭവമുണ്ടായത്രേ! അദ്ദേഹത്തിനു് എയർ ഇൻഡ്ധ്യയുടെ കാര്യത്തിൽ അത്ര തൃപ്തിപോരാ. റഷ്യൻസർവ്വീസിനേക്കാൾ സുഖസൗകര്യങ്ങൾ നിറഞ്ഞതാണു നമ്മുടേതെന്നു വിമാനോദ്യോഗസ്ഥന്മാരിലാരോ തൻെറ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ റഷ്യാക്കാക്കു് അവരുടെ സ്വന്തവിമാനമുണ്ടല്ലോ! നമുക്കതില്ലല്ലോ എന്ന ചിന്തയായിരുന്നു മുഖ്യമന്ത്രിയിൽ കടന്നുകൂടിയതു്. എല്ലാപേക്കും വിമാനനിർമ്മാണം സാദ്ധ്യമായിരുന്നെങ്കിൽ നാലോ അഞ്ചോ രാജ്യക്കാരുടെ കുത്തകയായി അതിന്നും പരിലസിക്കുമോ? ഇംഗ്ലണ്ടു്, അമേരിക്കാ, റഷ്യ, ഫ്രാൻസ് എന്നീനാലു രാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന വിമാനങ്ങളാണു് ലോകത്തുള്ള 365-ൽപരം വിമാനക്കമ്പനിക്കാർ ഉപയോഗിക്കുന്നതു്. "അമേരിക്കൻ വിമാനങ്ങൾക്കു പകരം എയർഇൻഡ്ധ്യാ, റഷ്യൻവിമാനം ഉപയോഗിച്ചിരുന്നെങ്കിൽ" എന്നു്, വക്രതയിൽക്കൂടി നമ്പൂരിപ്പാടു് പ്രസ്താവിച്ചതാണെങ്കിൽ വിമാനവ്യവസായത്തിൽ രാഷ്ട്രീയത കുത്തിച്ചെലുത്തുന്നതു് അപകടമാണെന്നേ ഓർമ്മ

പ്പെട്ടത്താനുള്ളു. 'എയർഇൻഡ്യ' ഇൻഡ്യയുടെ സമ്പത്താണ്—അഭിമാനവും അന്തസ്സും വിദേശനാണ്യവും നേടിത്തരുന്ന വിശിഷ്ടസമ്പത്താണ്. അതിൽ നാം സന്തുഷ്ടരാകേണ്ടതുമാണ്. സ്വയം വിമാനനിർമ്മാണം സാദ്ധ്യമാകുന്നതുവരെ അവർ ഏതു വിമാനമോ ഉപയോഗിച്ചുകൊള്ളട്ടെ. കുഴിയെണ്ണണമോ, അപ്പം തിന്നാൽ പോരേ?

സ്റ്റോക്ക്ഹോമിലെ ബ്രോമാവിമാനത്താവളത്തിൽ ഞങ്ങൾ ചെന്നിറങ്ങി. ഒന്നാംകിടയിലുള്ള ഗ്രാൻഡ്ഹോട്ടലിലേക്കു ഞങ്ങളെ കൂട്ടിക്കൊണ്ടുപോകാൻ ഒരാൾ തയാറായി നിൽപ്പുണ്ടായിരുന്നു. കീശയ്ക്കു കോട്ടം തട്ടാത്തിടത്തോളം എത്ര സുഖകരമായ വാസവും അനിഷ്ടമാകുകയില്ലല്ലോ?

അനുഭവങ്ങളായിമാത്രം ധാരാളം എഴുതാനുണ്ട്. എന്നാൽ സ്വീഡനെപ്പററി പൊതുവിൽ ചില കാര്യങ്ങൾ പ്രസ്താവിക്കേണ്ടതൊരാവശ്യവുംകൂടിയായിട്ടുണ്ട്. അമേരിക്കൻസാമ്പത്തികനിലയോട് അടുത്തു വരുന്ന ഏക രാജ്യം ഇന്നു സ്വീഡൻ മാത്രമാണ്. സ്വീഡിഷ് ജനതയിലെ ഒരു വലിയ വിഭാഗം അമേരിക്കയിൽനിന്നും കുടികയറിപ്പാർത്തിട്ടുള്ളവരുടെ പിന്തുടർച്ചക്കാരാണെന്നു പ്രസ്താവ്യമത്രേ!

## എട്ട്

ഒന്നേമുക്കാൽ ലക്ഷത്തോളം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള സ്വീഡൻെറ കൂടിയ നീളം 979 മൈലാണ്. വീതി 310 മൈലും. കടൽത്തീരം 4735 മൈൽ ചുററളവിലുള്ളതുകൊണ്ടു സാമ്പത്തികപുരോഗതി എളുപ്പമാണെങ്കിലും രാജ്യരക്ഷ അത്ര സുഗമമാകാൻ തരമില്ലല്ലോ?

പക്ഷേ, തികച്ചും നിഷ്പക്ഷമായ രാജ്യമെന്ന നിലയ്ക്കു വിദേശാക്രമണത്തെ ഭയപ്പെട്ടുന്നകൂട്ടത്തിലല്ല സ്വീഡൻ. തദ്വാരാ വിപുലമായ തീരദേശത്തിന്റെ സ്വതസിദ്ധമായ ഗുണഗണങ്ങളെ അങ്ങേയററം പ്രയോജനപ്പെട്ടുത്താനും അവക്കു കഴിയുന്നു. താരതമ്യേന ജനവാസം കുറഞ്ഞ സ്വീഡൻെറ ജീവനാഡി അവിടത്തെ വനപ്രദേശങ്ങളാണു്. പകുതിയിലധികവും കാട്ടുകൾകൊണ്ടു നിറഞ്ഞിരിക്കുന്നു. യുണൈററഡ് കിംഗ്ഡത്തിൻെറ ഇരട്ടി വലിപ്പമുള്ള സ്വീഡനിലെ ജനസംഖ്യ വെറും 72 ലക്ഷം മാത്രമാണു്. യു. കെ.യിലേതാണെങ്കിൽ ഏകദേശം അഞ്ചുകോടിയും. ചുരുങ്ങിയ ജനസംഖ്യയാണു് ആ രാജ്യത്തിൻെറ പുരോഗതിയുടെ നിദാനവും.

അമേരിക്കയിലെപ്പോലെ സ്വീഡനിലും പൊതുമേഖലയിൽ വ്യവസായങ്ങൾ കുറവാണു്. സ്വകാര്യമേഖലയ്ക്കു് വിപുലാധികാരങ്ങളും അവകാശങ്ങളും നല്കിയിട്ടു് അതിലുമുപരിയായി തൊഴിലാളികൾക്കു് ആനുകൂല്യങ്ങൾ സമ്പാദിച്ചുകൊട്ടക്കുന്ന ബുദ്ധിപൂർവ്വമായ നടപടിയാണു് അവിടെ നിലവിലിരിക്കുന്നതു്. സാമൂഹ്യക്ഷേമത്തിനിത്ര പ്രാധാന്യംകൊട്ടത്തു മുന്നേറുന്ന രാജ്യങ്ങൾ വിരളമാണെന്നു വിധിക്കുന്നതിൽ തെററില്ല. ഭയവും ബുദ്ധിമുട്ടും നേരിടാതെ മാനമായും സൈ്വരമായും ജീവിക്കാൻ പര്യാപ്തമായ അന്തരീക്ഷം ഓരോ പൗരനും സംജാതമാക്കിക്കൊണ്ടാണു ഗവണ്മെൻറിൻെറ കാലടികൾ ചലിക്കുന്നതു്. കുട്ടികൾക്കുവേണ്ടി ബത്ത, ആരോഗ്യപാലനത്തിനുള്ള ഇൻഷ്വറൻസ്, രോഗാതുരസംരക്ഷണം, പ്രസവവേതനം, സോഷ്യൽസംവരണം മുതലായ എല്ലാ തുറകളിലും ഏതൊരു വ്യക്തിക്കും സഹായം ലഭിക്കുന്ന പദ്ധതികൾ അവിടെ സർവ്വവ്യാപകങ്ങളാണു്. രാജ്യത്തിൽ

ഉടനീളം പ്രവൎത്തനംനടത്തുന്ന തൊഴിലില്ലായ്മഇൻഷ്വറൻസ് പ്രശംസാൎഹമായിട്ടുണ്ട്. തൊഴിലാളിസംഘടനകളും മുതലാളിമാരും ഈ പദ്ധതിക്കുവേണ്ടി വീതം നല്കുന്നു. ഇൻഷ്വറൻസിൻെറ ഉത്തരവാദിത്വം മുഴുവനും തൊഴിൽമന്ത്രിക്കാണ്. തൊഴിലില്ലാത്ത കാലം മുഴുവൻ ഒരാൾക്കു പ്രതിദിനം അഞ്ചുമുതൽ ഇരുപതുവരെ ക്രോണർ വേതനം നല്കപ്പെടുന്നു. (ഒരു ക്രോണർ 94 പൈസ.) ഇരുപതു ക്രോണർകൊണ്ടുപോലും നിത്യാവശ്യങ്ങൾ നിറവേറാൻ അസാദ്ധ്യമായതിനാൽ ഗത്യന്തരമില്ലാത്തവർ മാത്രമേ തൊഴിലില്ലായ്മവേതനത്തിനഭ്യൎത്ഥിക്കുകയുള്ളു. ഒരു സ്വീഡിഷ്പൗരനെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ നാണംകെട്ട കാര്യമാണ്.

പ്രസവകാലവേതനം പ്രത്യേകം എടുത്തുപറയാനുള്ളതാണ്. ഒരു പ്രസവത്തിനു് അടിസ്ഥാനവീതമായി ഗവൺമെൻറിൽനിന്നും 270 ക്രോണർ നല്കുന്നു. ഇരട്ട പ്രസവിക്കുന്നെങ്കിൽ അതു് 405 ആയി വൎദ്ധിക്കുകയായി. മൂന്നും നാലും ഒരുമിച്ചു പ്രസവിക്കുകയാണെങ്കിലും ഈ തുകയിൽ വൎദ്ധനവുണ്ടാകയില്ല. ആറാഴ്ചയോളമുള്ള പ്രസവച്ചെലവുകൾ മുഴുവൻ ഗവൺമെൻറ് നടത്തിയതിൻെറ ശേഷമാണു മേൽപ്പറഞ്ഞ അടിസ്ഥാനവീതവും നല്കുന്നതു്. ഇങ്ങനെ ഓരോന്നും പ്രത്യേകം വിചിന്തനം ചെയ്യുകയാണെങ്കിൽ ഏതു പരിതഃസ്ഥിതിയിലും ഒരു പൗരനു സാമ്പത്തികമായി തലയുയൎത്തിനടക്കാനും അടിസ്ഥാനാവശ്യങ്ങൾ നിൎല്ലോഭം നിറവേററാനുമുള്ള കഴിവു് സ്റ്റേററ് വാഗ്ദത്തം ചെയ്തിരിക്കുകയാണെന്നു മനസ്സിലാക്കാം. സ്ഥിതിസമത്വത്തിൻെറ സാരാംശം അതാണെങ്കിൽ അങ്ങോട്ടു പോകുക കൺകുളൎക്കെക്കണ്ടു തൃപ്തിയടയാൻ.

മാസവരുമാനം ശരാശരി ഒരു പൗരന് 1000 ക്രോണറാണ്. 3000-ത്തിൽ കൂടിയ ശമ്പളവും വിരളമത്രേ. ഇൻഡ്യൻ പ്രതിപുരുഷാലയത്തിലെ ശിപായിക്ക് 1000 ക്രോണർ ശമ്പളമുണ്ടെന്നിരിക്കെ ക്ലാർക്കന്മാരും ആഫീസറന്മാരും അത്ര മെച്ചപ്പെട്ട നിലയിലൊന്നുമല്ല. ശിപായി സ്വീഡിഷും മററുള്ളവർ ഇൻഡ്യാക്കാരും എന്നതാണു വ്യത്യാസം. ആദായനികുതി ഇൻഡ്യയിലേപ്പോലെതന്നെ കൂട്ടതലാണ്. നാലായിരം ക്രോണറിന് 13 ശതമാനം എന്നു തുടങ്ങി രണ്ടുലക്ഷത്തിനു 65 ശതമാനം എന്ന കണക്കിൽ അവസാനിക്കുന്നു. സ്വത്തിൽ പകുതി മരണനികുതിയായി വസൂൽചെയ്യപ്പെടുന്നതുകൊണ്ട് അമിത സമ്പാദ്യക്കാർ ഇല്ലതന്നെ. 50,000 ക്രോണർവരെയുള്ള സ്വത്തുകാർ മരണനികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

ടെലഫോൺ, ടെലഗ്രാഫ് എന്നീ തുറകളിൽ ഉന്നതനിലയെ പ്രാപിച്ച നാടാണു സ്വീഡൻ. ഉദാഹരണമായി ബ്രിട്ടനിൽ 1000 ആളുകൾക്കു 55 ടെലഫോൺ ഉള്ളപ്പോൾ സ്വീഡനിൽ 75 ആണ്. മോട്ടോർകാർ 117 ബ്രിട്ടനും 252 സ്വീഡനും. വരുന്ന പത്തുകൊല്ലത്തിനകം അമേരിക്കയോടു കിടപിടിക്കത്തക്ക സാമ്പത്തികശേഷി സ്വീഡനുണ്ടാകുമെന്നാണു ധനതത്വശാസ്ത്രജ്ഞന്മാരുടെ പ്രവചനം.

സ്ത്രീകൾ മുൻപന്തിയിൽ എല്ലാ രംഗത്തും ദൃശ്യമാണ്. പോസ്റ്റൽശിപായി, ബസ്കണ്ടക്ടർ തുടങ്ങി മന്ത്രിസ്ഥാനങ്ങൾവരെ സ്ത്രീകൾ കൈകാര്യംചെയ്യുന്നുണ്ട്. ബസ്കണ്ടക്ടർമാരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. വളരെ ബഹുമാനമർഹിക്കുന്ന തൊഴിലാണത്. സ്റ്റോക്ക്ഹോം സമാധാനസമ്മേളനം മുതലായ വൻ പരി

പാടികൾ നടത്തപ്പെടാറുള്ള ടൗൺഹാളിൽ ഞങ്ങൾ ച്യ റററിനടന്നു കാണവേ കമനീയമായി അലങ്കരിച്ച കൗൺസിൽസമ്മേളനസ്ഥലത്തു നിന്നുകൊണ്ടു് അൻപതു കഴിഞ്ഞ വഴികാട്ടിയായ വനിത ചോദിക്കുകയാണു്, "അതിഥികളേ! സ്നേഹിതന്മാരേ! നിങ്ങളുടെ രാജ്യത്തെ തലസ്ഥാനമുനിസിപ്പാലിററിയിൽ മുപ്പതു ശതമാനത്തോളം സ്ത്രീമെമ്പറന്മാരെ തെരഞ്ഞെടുത്തിട്ടുണ്ടോ" എന്നു്. ഞങ്ങളിലാരുംതന്നെ മറുപടി പറഞ്ഞില്ല. ആ സ്ത്രീയുടെ മുഖം അഭിമാനംകൊണ്ടു ജ്വലിക്കുന്നതുപോലെ തോന്നി. എന്നിട്ടവർ പറയുകയാണു്: "ഇതാ ഈ സ്ഥലത്തുവച്ചു ചേരുന്ന മീററിംഗുകളിൽ മൂന്നിലൊരുഭാഗം അംഗങ്ങളും സ്ത്രീകളാണു്. ഞങ്ങളുടെ അവകാശങ്ങളും അഭിപ്രായങ്ങളും വിലപ്പോകുകതന്നെ ചെയ്യും. ഞങ്ങളാണു സ്റ്റോക്ക്ഹോം മുനിസിപ്പാലിററിയുടെ ഭരണാധിപർ. ഞങ്ങളെക്കൂടാതെ ഒരു കാര്യവും ഇവിടെ നടക്കുകയില്ല." എനിക്കു പറയാൻതോന്നി, അതിനു ഞങ്ങളെന്തുവേണമെന്നു്. പക്ഷേ, ആരും തക്കുത്തരമേ പറഞ്ഞില്ല. എൻെറ നാട്ടിലെ തലസ്ഥാനനഗരം സ്ത്രീമേയറാൽ അലങ്കരണീയമാണെന്നു സൂചിപ്പിച്ചപ്പോൾ അവരുടെ കവിൾത്തടങ്ങളിലെ ചുവപ്പു് അല്പം മഞ്ഞളിച്ചോയെന്നു തോന്നിപ്പോയി. ദൈവകൃപയാൽ ഞങ്ങളുടെ സംഘത്തിൽ സ്ത്രീകളാരുമുണ്ടായിരുന്നില്ല. അല്ലെങ്കിൽ ഒരു വാഗ്വാദത്തിനുള്ള എല്ലാ സാഹചര്യങ്ങളും ആ അൻപതുകാരി സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. സ്കാൻഡിനേവിയായിലെ മനോഹരവർഗ്ഗത്തിൻെറ ഒരു വലിയ കഴിവില്ലായ്മ നാർവേയിൽവച്ചുമാത്രമാണെനിക്കു മനസ്സിലായതു്. നേരത്തേയറിഞ്ഞിരുന്നെങ്കിൽ അരനൂററാണ്ടുകാരിയെ ഒന്നു തലകുനിപ്പിക്കാമായി

രുന്നു. ആ രഹസ്യം നാർവേയെ പരാമർശിക്കുമ്പോൾ വിവരിച്ചുകൊള്ളാം.

സ്റ്റോക്ക്ഹോം ടൗൺഹാളിനെപ്പററി രണ്ടു വാക്ക്. ലോകോൽപ്പത്തിമുതൽ നാളതുവരെയുള്ള വിഭിന്നരാജ്യങ്ങളിലെ പൗരസഞ്ചയത്തിൻെറ പുരോഗതിയും അവരുടെ സംസ്കാരരീതികളും കാണിക്കുന്ന പലതരം ചിത്രങ്ങൾ, നോബൽസമ്മാനാർഹരായ മഹാപണ്ഡിതന്മാരെ സ്വീകരിക്കാനുള്ള മുറിയുടെ ഭിത്തികളിൽ വരച്ചിരിക്കുന്നതു കണ്ടാൽ സൗന്ദര്യാരാധകനായ ഏതു വ്യക്തിയും കണ്ണെടുക്കയില്ല. ഇൻഡ്യയിലെ വേദങ്ങളും ശാസ്ത്രങ്ങളുമെല്ലാം അക്കൂട്ടത്തിൽ ഗണ്യമായ സ്ഥാനംപിടിച്ചിട്ടുണ്ട്. അവതാരങ്ങളെല്ലാം ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. അവിടെയുള്ള സിംഹാസനങ്ങൾ പാണ്ഡിത്യത്തിൻെറ കേളീരംഗമായിട്ടാണു നമ്മുടെദൃഷ്ടിയിൽപ്പെട്ടുക. രവീന്ദ്രനാഥടാഗോറിനെയും, സി. വി. രാമനേയും, ഹെമിംഗ്വേയേയും മററും വഹിച്ചിരുന്ന കസേരകളിൽ അല്പനേരമിരിക്കാനുള്ള ഭാഗ്യവും ഞങ്ങളാരും ഉപേക്ഷിച്ചില്ല. ചുരുക്കിപ്പറഞ്ഞാൽ ഇന്നു ലോകത്തു കാണുന്ന സർവ്വവിധഗുണഗണങ്ങളെയും ചിത്രീകരിക്കുന്ന ഒരു കലാശില്പമാണതെന്നുള്ള പണ്ഡിററ് നെഹ്റുവിൻെറ അഭിപ്രായം അക്ഷരംപ്രതി സത്യമാണു്.

വിദ്യാലയപ്രവേശനത്തിനു കുറഞ്ഞവയസ്സ് ഏഴാണെങ്കിലും ആറാമത്തെ വയസ്സിൽ പ്രവേശിപ്പിക്കാനും ഒരു നിയമമുണ്ട്. 'സ്കൂൾറെഡിനസ്ടെസ്റ്റ്' എന്ന പരീക്ഷയിൽ വിജയിയാകുന്നവർക്കുമാത്രമേ അതിനു യോഗ്യതയുള്ളു. കുട്ടിയുടെ ബുദ്ധിശക്തി, ആരോഗ്യം മുതലായവയെ ഒരു ഡാക്റ്റർകൂടി ഉൾക്കൊള്ളുന്ന കമ്മിററി പരിശോധിച്ച് തരപ്പെട്ടുന്നുണ്ടെങ്കിൽമാത്രമേ ആറാമത്തെ വയ

സ്സിൽ പ്രവേശനം ലഭിക്കുന്നുള്ളു. ഒരു കൊല്ലം ലാഭിക്കുവാൻ വെമ്പൽകൊള്ളുന്നവക്ക് മറെറാരുപദ്രവംകൂടിയുണ്ട്. നിർഭാഗ്യവശാൽ കമ്മിററിയുടെ പരിശോധനയിൽ പരാജയപ്പെട്ടുവെന്നിരിക്കട്ടെ, പിന്നെ ഏഴാമത്തെ വയസ്സിലും അതേപരിശോധനക്കു വിധേയമായതിനുശേഷമേ പ്രവേശനം ലഭിക്കുകയുള്ളു. ഒരുപക്ഷേ, ഇക്കാരണംകൊണ്ട് എട്ടു വയസ്സുവരെയും കാത്തിരിക്കേണ്ടിവരും. ആയതിനാൽ ബഹുഭൂരിപക്ഷം രക്ഷാകത്താക്കളും ഏഴാമത്തെ വയസ്സിൽ മാത്രമാണ് കുഞ്ഞുങ്ങളെ സ്കൂളിൽ ചേക്കുന്നതു്.

ആദ്യത്തെ രണ്ടുവഷം ബാലവികാസത്തിനുവേണ്ടിയാണു വിനിയോഗിക്കുന്നതു്. പ്രത്യേകപരിശീലനം ലഭിച്ച സ്ത്രീകൾ മാത്രമാണ് അദ്ധ്യാപകർ. മതം, സ്വീഡിഷ്ഭാഷ, കണക്ക്, സാമൂഹ്യപാഠം, സംഗീതം, കായികാഭ്യാസം എന്നിവയാണു വിഷയങ്ങൾ. മൂന്നുമുതൽ ഏഴുവരെയുള്ള വഷങ്ങളിൽ സാമാന്യവിദ്യാഭ്യാസം നടക്കുന്നു. ഈ ഘട്ടത്തിൽ സ്ത്രീകളും പുരുഷന്മാരും അദ്ധ്യാപകവൃത്തിയിലേപ്പെട്ടുന്നുണ്ട്. ചരിത്രം, ഭൂമിശാസ്ത്രം, പ്രകൃതിപാഠം, ചിത്രമെഴുത്തു്, കരകൗശലം, ഉദ്യാനപാലനം, ഗൃഹസംരക്ഷണം, വനസംരക്ഷണം, അഗ്നിശമനപരിശീലനം, യാത്രാബോധം, മൃഗങ്ങൾ, ലൈംഗികപാഠം, മദ്യവജ്ജനപ്രസ്ഥാനം എന്നിവയൊക്കെയാണ് സാമാന്യവിദ്യാഭ്യാസത്തിൽ ഉൾപ്പെട്ടുന്നതു്. ഗവണ്മെന്റിൻെറ നേരിട്ടുള്ള മേൽനോട്ടത്തിലും ഇൻസ്പെക്ടറന്മാരുടെ പരിശോധനക്കു വിധേയമായും ഗവണ്മെൻറ്ചെലവിലുമാണ് എലിമെന്ററി സ്കൂളുകൾ നടത്തപ്പെട്ടുന്നതെങ്കിലും മുനിസിപ്പാലിററികൾവഴി പൗരാവലിക്കു വളരെ വിപുലമായ അധികാരങ്ങളും നല്കിയിട്ടുണ്ട്. അംഗവി

ഹീനക്കും ബുദ്ധിമാന്ദ്യക്കുംവേണ്ടി പ്രത്യേകം സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഒരു ഡാക്ടർ, നർസ്, ഡെൻററിസ്റ്റ് എന്നിവരടങ്ങിയ കമ്മിററി ഓരോ കേന്ദ്രത്തിലും വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി നിയമിക്കപ്പെട്ടിരിക്കുന്നു. നീന്തൽസ്ഥലങ്ങളും വിഹാരകേന്ദ്രങ്ങളും എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാകുന്നുണ്ട്. സ്ക്കൂൾ സമയങ്ങളിൽ അവൾക്കുവേണ്ട ആഹാരം ചിട്ടയായി ഒരുക്കിക്കൊടുക്കുന്നതു കാണേണ്ടതുതന്നെയാണു്.

പട്ടണങ്ങളിൽ സ്ക്കൂളധികൃതർ വിദ്യാർത്ഥികൾക്കു നല്കുന്ന ഉച്ചഭക്ഷണത്തിൻെറ വിഭവങ്ങളെപ്പററി അതാതു ദിവസത്തെ വത്തമാനപ്പത്രങ്ങളിൽ പരസ്യംചെയ്യുകയാണ പതിവ്. മുമ്പൊരിടത്തു പ്രസ്താവിച്ചുവല്ലോ, പട്ടിണി മാററാനല്ല, ആരോഗ്യത്തിനുവേണ്ടിയാണ് അവർ ആഹാരം കഴിക്കുന്നതെന്നു്. ഉച്ചഭക്ഷണവും വീട്ടിലെ അത്താഴവുമായി പൊരുത്തപ്പെടുത്തിക്കൊള്ളാൻ രക്ഷാകത്താക്കന്മാരെ ഉപദേശിക്കുന്നതിനാണ് ഇങ്ങനെ പരസ്യപ്പെടുത്തുന്നതു്. അതായതു് എല്ലാ വിററാമിനും ആവശ്യമായ രീതിയിൽ കുഞ്ഞുങ്ങൾക്കു ലഭിക്കത്തക്കവണ്ണം ആഹാരം നല്കുവാൻവേണ്ടി.

മെട്രിക്കുലേഷൻവരെയുള്ള പഠനത്തിനു് പതിമ്മൂന്നു കൊല്ലം വേണ്ടിവരുന്നു. പത്തൊൻപതാമത്തെ വയസ്സിൽ ഒരു വിദ്യാർത്ഥിക്കു മെട്രിക്കുലേഷൻ പാസ്സാകാൻ സാധിക്കും. പരീക്ഷിക്കുന്ന രീതിയും നമ്മുടേതിൽനിന്നു ഭിന്നമാണു്. മാച്ച്മാസത്തോടുകൂടി പരീക്ഷ നടക്കുന്നു. സ്വീഡിഷ്ഭാഷ, വിദേശഭാഷകൾ, കണക്കു്, ഊജ്ജതന്ത്രം എന്നീ വിഷയങ്ങൾക്കു മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ. എഴുത്തുപരീക്ഷയിൽ ജയിച്ചവരുടെ പട്ടിക

തയ്യാറാക്കി അതു സർവ്വകലാശാലയിൽനിന്നും നിയമിക്കപ്പെട്ട ഒരു കമ്മിററിയെ ഏല്പിക്കുന്നു. മൂന്നും നാലും പ്രൊഫെസ്സറന്മാരുൾക്കൊള്ളുന്ന ആ കമ്മിററി ഓരോ സ്കൂളുകളും സന്ദർശിച്ച് എഴുത്തുപരീക്ഷയിൽ ജയിച്ചവരോടു വിവിധവിഷയങ്ങളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങൾ ചോദിക്കുകയാണ് അടുത്ത പരിപാടി. നാലും അഞ്ചും കുട്ടികളെ ഒരേ സമയത്താണു പരീക്ഷിക്കുന്നത്. ഒരാൾക്കു സാധാരണ പതിനഞ്ചു മിനിട്ടാണു വിനിയോഗിക്കുന്നത്. ഇങ്ങനെയുള്ള വാക്പരീക്ഷയ്ക്കുശേഷം പ്രൊഫസ്സേഴ്സ് ഒന്നിച്ചുകൂടി ഓരോ വിദ്യാൎത്ഥിയേയും പ്രത്യേകം ചർച്ചചെയ്തു് തീരുമാനമെടുക്കുന്നു. എഴുത്തുപരീക്ഷയുടെ മാൎക്കുകളാണു വിജയത്തിനടിസ്ഥാനമെങ്കിലും വാക്പരീക്ഷയിൽ അയോഗ്യരെന്നു കാണുന്നവരെ തോല്പിക്കുകതന്നെ ചെയ്യും. സാധാരണയായി അയ്യായിരത്തിനും ആറായിരത്തിനുമിടയ്ക്കാണു സ്വീഡനിൽ മെട്രിക്കുലേഷൻ പാസ്സാകുന്നവരുടെ സംഖ്യ. മെട്രിക്കുലേഷനുശേഷം നിയമപഠനത്തിന് അഞ്ചു കൊല്ലം, ഡാക്ടർ പരീക്ഷയ്ക്കു് എട്ടുകൊല്ലം, ബി.ഏ.യ്ക്കു് അഞ്ചു കൊല്ലം ഇങ്ങനെ പോകുന്നു സർവ്വകലാശാലാവിദ്യാഭ്യാസം.

സ്വീഡനിലെ കാളേജ്‌വിദ്യാഭ്യാസം വളരെ ചെലവുള്ളതാണ്. ചുരുക്കം ചിലൎക്കുമാത്രമേ അതിനു സാഹചര്യം ലഭിക്കുന്നുള്ളു. വിദ്യാഭ്യാസത്തിനുവേണ്ടി ബാങ്കിൽനിന്നും കടം നല്കുന്ന ഒരു പദ്ധതി അവിടെയുണ്ട്. ഗവണ്മെന്റിനാൽ സ്ഥാപിതമായിട്ടുള്ള ഒരു ബോർഡ് ആവശ്യക്കാരുടെ അപേക്ഷകൾ സ്വീകരിച്ചു പരിശോധിച്ചശേഷം ബാങ്കുകളോടു ശുപാൎശചെയ്യുകയാണു പതിവ്. വിദ്യാഭ്യാസം തീൎന്നതിനുശേഷം ജോലിയിൽ പ്രവേശിച്ചിട്ടു കുറഞ്ഞ പലിശനിരക്കിൽ പതിനഞ്ചു

കൊല്ലത്തിനകം കടം മടക്കിക്കൊടുത്താൽമതിയാകും. കൂടാതെ അതിബുദ്ധിമാന്മാർക്കുവേണ്ടി സർവ്വചെലവുകളും ഗവണ്മെൻറു വഹിക്കുന്ന ഒരേർപ്പാടും അവിടെയുണ്ടു്. തൊഴിലാളിസംഘടനകളും മുതലാളിമാരും ഒന്നുചേർന്നിട്ടു് അതാതു വ്യവസായങ്ങൾക്കു് ആവശ്യമുള്ള സാങ്കേതികവിദഗ്ദ്ധന്മാരെ സൃഷ്ടിക്കുവാൻവേണ്ടി അർഹരായ വിദ്യാർത്ഥികൾക്കു ധനസഹായംചെയ്യുന്ന മറെറാരു പരിപാടിയും പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിട്ടുണ്ടു്. വർദ്ധിച്ചുവരുന്ന വ്യവസായപുരോഗതിക്കും സാമൂഹ്യക്ഷേമത്തിനും അനുസൃതമായരീതിയിലാണു വിദ്യാഭ്യാസപരിഷ്കാരം ആവിഷ്കരണംചെയ്തിരിക്കുന്നതു്. സാമ്പത്തികഭദ്രത അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ചെറിയ രാജ്യത്തെ അസൂയാദൃഷ്ടികളോടെയല്ലാതെ മററു യൂറോപ്യൻരാജ്യക്കാർക്കു വീക്ഷിക്കാൻ നിവൃത്തിയില്ലെന്ന ഘട്ടത്തിലെത്തിയിരിക്കുകയാണു്. ധനതത്വശാസ്ത്രജ്ഞന്മാരുടെ അഭിപ്രായപ്രകാരം വിദ്യാഭ്യാസരീതിയിൽ സാരമായ മാററം വരുത്താനുള്ള പദ്ധതി ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്. രാജ്യാഭിവൃദ്ധിക്കനുസരണമായ വിദ്യാഭ്യാസമാണവർക്കാവശ്യം. അല്ലാതെ എന്തെങ്കിലും പഠിപ്പിച്ചിട്ടു പണ്ഡിതന്മാരെ സൃഷ്ടിക്കാനുള്ള ശ്രമം അവിടെയില്ല.

## ഒൻപതു്

ഡിസംബർ ആദ്യവാരത്തിലാണു ഞാൻ സ്റ്റോക്കു്ഹോമിൽ എത്തിയതു്. നോബൽസമ്മാനാർഹരുടെ പേരുകൾ പ്രസിദ്ധപ്പെടുത്തിയ കാലം. പാസ്റ്റർനാക്കിൻെറ 'ഡോക്ടർ ഷിവാഗോ'യെപ്പററി രാഷ്ട്രീയമുതലെടുപ്പുകൾ

തകൃതിയായി നടക്കുന്ന സമയം. 'സ്വീഡിഷ് ഇൻസ്റ്റിട്യൂട്ട് ഓഫ് നോബൽപ്രൈസ്' കെട്ടിടം സന്ദർശിക്കുവാൻ ഞങ്ങൾ പുരാതന സ്റ്റോക്ക്ഹോമിൽ എത്തി. സമ്മാനദാനപരിപാടിക്കുവേണ്ടി അറ്റകുറ്റപ്പണികൾ നടക്കുകയാണവിടെ. കോപ്പനേഗനിലെ രാജകൊട്ടാരം സന്ദർശിച്ചപ്പോഴും സമ്മാനാർഹന്മാർക്കു വിരുന്നു നല്കാനുള്ള വിശാലമായ ഹാളിൽ ചിത്രപ്പണി നടന്നുകൊണ്ടിരുന്നു.

സ്റ്റോക്ക്ഹോമിലെ നോബൽ ഇൻസ്റ്റിട്യൂട്ട് പഴയ കെട്ടിടമാണു്. അത്ര കൂററൻ മാളികയൊന്നുമല്ല. പുരാതനസംസ്കാരത്തിൻെറ ഒരു പ്രതീതി അവിടെങ്ങും കളിയാടുന്നുണ്ടു്. സമ്മാനനിർണ്ണയക്കമ്മിററിയിലെ മൂന്നംഗങ്ങൾ രഹസ്യമുറിയിലിരുന്നു് എന്തോ ഗൗരവമായി ആലോചിക്കുന്നതു ഞങ്ങൾ കണ്ടു. പാണ്ഡിത്യപാരാവാരത്തിൽനിന്നും അമൃതു കടഞ്ഞെടുക്കുന്ന ആ മഹാരഥന്മാരെ നേരെ ചൊവ്വേ ഒന്നു കാണാൻ തരപ്പെട്ടില്ല.

ഈയവസരത്തിൽ എൻെറ സുഹൃത്തു് അജയമഹലനോബിഷിനെ ഒന്നുകൂടി നിങ്ങളുടെ മുമ്പിലേക്കാനയിക്കുകയാണു ഞാൻ. ഒരു സ്വീഡിഷ് പത്രത്തിൽ അജയൻ ഒരു ലേഖനമെഴുതിയകാലമായിരുന്നു അതു്. നോബൽ സമ്മാനാർഹരെ തെരഞ്ഞെടുക്കുന്ന വിധത്തെപ്പററിയായിരുന്നു ലേഖനം. അറിവിൻെറ കുറവു്, രാഷ്ട്രീയം, പക്ഷപാതം ഈ മൂന്നു കുററങ്ങൾ കമ്മിററിയുടെ പേരിൽ ഉന്നയിക്കപ്പെട്ടു. ലേഖനത്തിൻെറ ചുരുക്കം ഇതാണു്. ദർശനം, ശ്രവണം, വായന എന്നിവകളാണു് അറിവിൻെറ ഉപാധികൾ. ലോകത്തുള്ള എല്ലാ ഭാഷകളിലും നിപുണത സമ്പാദിക്കാൻ ആർക്കും സാദ്ധ്യമല്ല. അതുപോലെ ലോകത്തിൻെറ മുക്കിലും മൂലയിലും സഞ്ചരിച്ചു കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കാനും വിഷമം. ഇതിൻെറ

യെല്ലാം രഹസ്യം അജ്ഞയൻ സ്ഥാപിക്കുന്നതു്, തെരഞ്ഞെടു പ്പുകമ്മിററിക്കു ലോകത്തിന്റെ നാനാഭാഗങ്ങളിൽ പ്രസി ദ്ധപ്പെടുത്തുന്ന എല്ലാ പുസ്തകങ്ങളെപ്പററിയും ശരിയായ അറിവു ലഭിക്കുന്നില്ലെന്നാണു്. കിട്ടിയിടത്തോളംവച്ചു കൊണ്ടു നല്ല പുസ്തകം കണ്ടുപിടിക്കുന്നു. അതിലും നല്ലതു വേറെ പല ഭാഷകളിലും പ്രസിദ്ധപ്പെടുത്തിയിരിക്കാം. അതുകൊണ്ടു വിശ്വസാഹിത്യത്തിൽ സ്ഥാനംപിടി ക്കാൻ കഴിവുള്ള പുസ്തകങ്ങൾ പ്രധാനഭാഷകളിൽനി ന്നെല്ലാം ഉരുക്കൂട്ടാൻവേണ്ടി എല്ലാ രാജ്യങ്ങളിലും സബ് കമ്മിററികൾ സ്ഥാപിക്കുകയും ആ കമ്മിററികൾ ശുപാ ശ്ചെയ്യുന്ന പുസ്തകങ്ങൾ തർജ്ജമചെയ്തു കേന്ദ്രക്കമ്മിററി യുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്യേണ്ടതാ ണു് ഇന്നത്തെ ആവശ്യം.

ഒരു ഭാരതീയന്റെ ലേഖനമായതുകൊണ്ടു് അതിനു നല്ല പ്രചാരം ലഭിച്ചു. പത്രദ്വാരാ പല സാഹിത്യകാര ന്മാരും അഭിപ്രായങ്ങൾ രേഖപ്പെടുത്തി. നോബൽക്കമ്മി ററിയുടെ ശ്രദ്ധയും ഈ ലേഖനത്തിലേക്കു പതിഞ്ഞുവ ത്രേ! ലണ്ടനിൽവച്ചു് അമൃതബസ്സാർ പത്രികയുടെ പ്രതി നിധിയും ഇൻഡ്യൻ പത്രസംഘടനയുടെ പ്രസിഡൻറു മായ ഡാക്ടർ താരാബോസുവും ഈ സംഭവത്തെപ്പററി എന്നോടു പറയുകയുണ്ടായി. രാഷ്ട്രീയപക്ഷപാതത്തെ പ്പററി പാസ്റ്റർനാക്കിന്റെ കഥയും പ്രസ്താവ്യമാണെ ല്ലോ.

സ്റ്റോക്ക്ഹോംനഗരം ചുററിക്കാണുവാൻ അവിടെ നല്ല ഒരേർപ്പാടുണ്ടു്. കോപ്പനേഗനെ അപേക്ഷിച്ചു ചെല വധികമാണെന്നു മാത്രം. പതിമ്മൂന്നു ക്രോണർകൊണ്ടു കോപ്പനേഗനിൽ എല്ലാ സ്ഥലങ്ങളും ചുററിക്കാണാം. രാജകൊട്ടാരം മുതലായിടത്തു നല്ലേണ്ട പ്രവേശനഫീസു

സഹിതമാണതു്. എന്നാൽ സ്റ്റോക്ക്ഹോമിൽ പ്രസ്തുത തുകയുടെ നാലിരട്ടിയാണു്. പക്ഷേ, ഒരു വ്യത്യാസമുണ്ടു്; ഡെന്മാർക്കിൽ യാത്രക്കാർക്കുവേണ്ടി വലിയ ബസ്സുപയോഗിക്കുമ്പോൾ സ്വീഡനിൽ പുതിയ അമേരിക്കൻ കാഡിലാക്കും. ഒരു തീവണ്ടിസലൂണിനുസമാനമായ കാഡിലാക്ക്കാറിൽ മൂന്നുപേർമാത്രമാണു യാത്രചെയ്യുന്നതു്. രാജകീയമായ പരിപാടി; കാശും കൂടുതൽ കൊടുത്തേ തരമുള്ളു. ആ നഗരം കാണാൻ ഒരു ദിവസം മുഴുവൻ ചെലവഴിക്കേണ്ടിവരുന്നു. പലതും കാണാനും പഠിക്കാനുമുതകുന്ന യാത്രയാണതു്. ഏകദേശം 750 കൊല്ലങ്ങൾമുമ്പുള്ള 'പുരാതന സ്റ്റോക്ക്ഹോ'മിൽ ചരിത്രവസ്തുക്കൾ നാം കാണുന്നു. നൂററാണ്ടുകൾക്കുമുമ്പു ഡെന്മാർക്ക് സ്വീഡനെ ആക്രമിച്ച പലരംഗങ്ങളും പ്രതിമാരൂപത്തിൽ അവിടെ ദർശിക്കാം. അതിപുരാതനമായ ഒരു ദേവാലയത്തിൽ ശേഖരിച്ചിരിക്കുന്ന പ്രസ്തുത കലാശില്പങ്ങൾ സ്വീഡിഷ്ജനതയിൽ ഇന്നും ദേശീയബോധം കുത്തിച്ചെലുത്തിക്കൊണ്ടേയിരിക്കുന്നു. പണ്ഡിററ് നെഹ്റു ഏകദേശം ഒരു മണിക്കൂറിലധികം നോക്കിനിന്നുപോയിയത്രേ, ചില 'യുദ്ധരംഗങ്ങൾ' കണ്ടിട്ടു്.

ബാൾട്ടിക്ക് സമുദ്രം നഗരത്തിൻെറ ഉള്ളിലേക്കു തള്ളിക്കിടക്കുന്നു. തടാകംപോലെയുള്ള ശാന്തമായ സമുദ്രത്തിൽ അലങ്കരിച്ച ബോട്ടുകളിലുള്ള ഉല്ലാസയാത്രയും, ചുണ്ടൻവള്ളങ്ങളിൽ കുട്ടികളുടെ ഇരമ്പിപ്പായലുമൊക്കെ രസാവഹമാണു്. 'തടാകങ്ങളുടെ നാടെ'ന്നറിയപ്പെടുന്ന ഈ നഗരത്തിൻെറ പ്രധാന വീഥികളെല്ലാം ചെറിയ ചെറിയ പാലങ്ങളാൽ ജലാശയങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. രാത്രികാലങ്ങളിൽ കരയും കായലും ഒന്നുപോലെ വൈദ്യുതദീപങ്ങൾകൊണ്ടു ശോഭിക്കുന്നതു

കാണാം. ഉല്ലാസയാത്രയ്ക്കുള്ള ബോട്ടുകളിലെ ദീപങ്ങളും തടാകങ്ങളിൽ ഇടവിട്ടു നാട്ടിയിരിക്കുന്ന ശരറാന്തലുകളും ഇതിനെല്ലാം ഒന്നുകൂടി മാററുകൂട്ടുന്നു.

എല്ലാ സ്കാൻഡിനേവിയൻരാജ്യങ്ങളിലും കാണുന്ന പ്രത്യേകതയാണു സ്ത്രീകൾ കൂടുതൽകാലം ജീവിച്ചിരിക്കുന്നതു്. സ്വീഡനിൽ സ്ത്രീകളുടെ ശരാശരി വയസ്സ് 73. 4 ആണു്. പുരുഷന്മാരുടേതു് 70. 5-ം. ആയിരത്തിനു് ആയിരത്തിയഞ്ചു് എന്ന കണക്കിൽ ഡെന്മാർക്കിലെപ്പോലെ ഇവിടെയും സ്ത്രീകളാണധികം. വിവാഹനിലവാരത്തെപ്പററിയാണെങ്കിൽ ആറിൽ ഒരെണ്ണം അലസിപ്പിരിയുകയാണു പതിവു്. പൗരാവലി പൊതുവേ മിതഭാഷികളാണു്. ഡെന്മാർക്കും നാർവേയും അങ്ങനെയല്ല. ധനത്തിൻെറ പ്രതാപമായിരിക്കാം കാരണം. എന്നാൽ അവർ പൊതുവേ ശാന്തശീലരും സ്നേഹസമ്പന്നരും പരോപകാരികളുമാണു്.

സാമ്പത്തികമായി ഉത്തുംഗകോടിയിൽ നില്ക്കുന്ന സ്വീഡൻെറ സാംസ്കാരികനിലയെപ്പററി ശരിയായ വിവരം ഗവണ്മെൻറിൽനിന്നും ലഭിക്കുന്നതു നന്നായിരിക്കുമെന്നു കരുതി ഞാൻ വിദേശകാര്യാലയത്തിൽ സഹായം തേടുകയുണ്ടായി. ഇൻഡ്യൻ ഇൻഫർമേഷൻ ഓഫീസർ മി. ജാർജ്ജ് വേണ്ട ഒത്താശകളെല്ലാം ചെയ്തുതന്നു. വിദേശവകുപ്പിൻെറ പബ്ളിക്ക്റിലേഷൻസ് വകുപ്പു മേധാവിയാണു മി. വേൻ. ഏകദേശം മൂന്നുമണിക്കൂർ മി. വേനുമായി ഞാൻ പലതും സംസാരിച്ചു. ഇൻഡ്യയെപ്പററി കൂടുതൽ അറിയുവാനും അദ്ദേഹം ഈ സമയം വിനിയോഗിച്ചു. ഞങ്ങൾ നല്ല സുഹൃത്തുക്കളായിപ്പിരിഞ്ഞെന്നുമാത്രമല്ല പിന്നൊരുദിവസം അദ്ദേഹത്തിൻെറ വസ

തിയിൽവച്ച് ഒരൊന്നാംതരം വിരുന്നും നൽകുകയു ണ്ടായി.

അച്ചടിയിലും പുസ്തകവിതരണത്തിലും യൂറോപ്പി ലെ മൂന്നാംസ്ഥാനമാണു സ്വീഡൻ കരസ്ഥമാക്കിയിരിക്കു ന്നതു്. 470 സാഹിത്യകാരന്മാർ സംഘടിച്ച ഒരു സഹ കരണപ്രസ്ഥാനം അവിടെയുണ്ടു്. പ്രതിവർഷം ഏഴുല ക്ഷം ക്രൗൺ ഗവർമെൻറിൽനിന്നും സാഹിത്യസഹകര ണസംഘത്തിനു ഗ്രാൻറായി ലഭിക്കുന്നു. ഇതിൽ പകുതി യും എഴുത്തുകാർക്കും അവരുടെ കുടുംബങ്ങൾക്കുമായി വീ തിക്കപ്പെടുന്നു. മറെറാരു രസകരമായ നിയമം, പബ്ളി ക്ക് ലൈബ്രറിയിൽനിന്നും കൊണ്ടുപോകുന്ന ഓരോപുസ്ത കത്തിനും രണ്ടു് ഓരേ (ഏകദേശം രണ്ടു പൈസാ) വീതം വസൂൽചെയ്യുന്നതും കൊല്ലംതോറും ഈ തുക അതാതു ഗ്രന്ഥകാരന്മാർക്കു വിതരണംചെയ്യുന്നതുമാണു്. ഈയിനത്തിൽമാത്രം ആറായിരം ക്രോണർവരെ ആദായ മുള്ള എഴുത്തുകാർ അവിടെ ധാരാളമുണ്ടു്.

വായനശാലാപ്രസ്ഥാനവും വളരെ പുരോഗമിച്ചി രിക്കുന്നു. വിഭിന്നസ്ഥലങ്ങളിലായി നാലു കേന്ദ്രവായന ശാലകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. പതിനാറാംനൂററാണ്ടു മുതൽ രാജാക്കന്മാരാൽ പോഷിപ്പിക്കപ്പെട്ടിരുന്ന സ്റ്റോ ക്ക്ഹോം റായൽ ലൈബ്രറി ഞാൻ സന്ദർശിച്ചു. ഒരു ല ക്ഷത്തി ഇരുപതിനായിരം അടി നീളമുള്ള ഷെൽഫുക ളിൽനിന്നും പുസ്തകം ഇറങ്ങിവരുന്നതു വിദ്യുച്ഛക്തികൊ ണ്ടാണു്. ഇപ്പോൾ ആ സ്ഥാപനത്തിൽ 13 ലക്ഷം പുസ്ത കങ്ങളുണ്ടു്. ഏതു പുസ്തകവും ഒന്നോരണ്ടോ നിമിഷങ്ങൾ ക്കുള്ളിൽ നമുക്കു ലഭിക്കുന്നു.

ഭരണഘടനയിലൂടെ പത്രപ്രവർത്തനത്തിനു പരി പൂർണ്ണസ്വാതന്ത്ര്യം ലഭിച്ചിട്ടുള്ള ഏററവും പുരാതനമായ

നാടാണു സ്വീഡൻ. രണ്ടാം മഹായുദ്ധകാലത്തു പത്രസ്വാതന്ത്ര്യത്തിനു ചില അയവുകൾവരുത്താനുള്ള ശ്രമം ദയനീയമായി പരാജയപ്പെട്ടെന്നും യുദ്ധകാലങ്ങളിൽപോലും വാർത്തകൾ സെൻസർചെയ്യാൻ തരപ്പെടാത്ത നിയമമാണവിടെയുള്ളതെന്നും അറിയാൻകഴിഞ്ഞു. ഈയിടെയുണ്ടായ ഒരു സംഭവംതന്നെ അതിനു സാക്ഷ്യംവഹിക്കുന്നുണ്ട്. റഷ്യൻ പ്രധാനമന്ത്രി ക്രൂഷേവ്, സ്കാൻഡിനേവിയൻ ഗവണ്മെൻറുകളുടെ ക്ഷണം സ്വീകരിച്ചു പതിനഞ്ചുദിവസത്തെ പരിപാടിയായി ആ രാജ്യങ്ങൾ സന്ദർശിക്കുവാൻ തീരുമാനിച്ചതിനെത്തുടൎന്നു ചില പത്രങ്ങൾ പ്രതിഷേധസ്വരമുയർത്തുകയുണ്ടായി. ക്രൂഷേവ് തൻെറ പരിപാടി റദ്ദ്ചെയ്യുകയുംചെയ്തു. കുണ്ഠിതനായ സ്വീഡിഷ് പ്രധാനമന്ത്രി പത്രങ്ങളുടെ ചെയ്തികളെ പരാമർശിച്ചെങ്കിലും "പത്രസ്വാതന്ത്ര്യത്തിൽ കൈവയ്ക്കുവാൻ തൻ്റെ ഗവണ്മെൻറിനു സാദ്ധ്യമല്ല" എന്നുമാത്രമാണു പറഞ്ഞതു്.

'ഡാഗൻസ് നൈഹെററർ' എന്ന പത്രത്തിനാണു് ഏററവും കൂടുതൽ സൎക്കുലേഷനുള്ളതു്. സ്റ്റോക്ക്ഹോമിൽനിന്നു പുറപ്പെടുന്ന പ്രസ്തുത പത്രത്തിൻെറ മൂന്നരലക്ഷം പ്രതികളാണു് വിററഴിയുന്നതെന്നുകേൾക്കുമ്പോൾ കേരളത്തിലെ പകുതി ജനസംഖ്യയുള്ള ആ നാട്ടിലെ പത്രപ്രേമം ഊഹിക്കാമല്ലോ. 'എക് പ്രസ്സൽ'എന്ന പത്രത്തിനു മൂന്നേകാൽ ലക്ഷവും 'ഗോദൽബെഗ്സ് പോസ്റ്റിനു' രണ്ടേകാൽലക്ഷവും എന്ന കണക്കിനു് രണ്ടും മൂന്നും സ്ഥാനങ്ങൾ നല്കപ്പെട്ടിരിക്കുന്നു. മുക്കാൽക്കോടി ജനസംഖ്യയുള്ള സ്വീഡനും മുപ്പത്തിയേഴരക്കോടിയുള്ള ഇൻഡ്യയുമായി താരതമ്യപ്പെടുത്തിയാൽ ഒരു ലക്ഷത്തോളം സൎക്കുലേഷനുള്ള ദിനപ്പത്രങ്ങൾ വിരലിൽ എണ്ണാൻ മാത്രമേ

യുള്ള നമ്മുടെനാട്ടിൽ എന്നതു് പരിതാപകരമല്ലേ! പല ഭാഷകളുടെ കാര്യം ഒരു തടസ്സമായി നമുക്കു വാദിക്കാമെങ്കിലും ഏതെങ്കിലും പ്രാദേശികഭാഷകളിൽ ഒരുലക്ഷത്തിൽപ്പരം സക്കുലേഷനുള്ള പത്രമുണ്ടോയെന്ന ചോദ്യം അവശേഷിക്കുന്നതേയുള്ളു. നാല്പതിനായിരം–നാല്പത്തയ്യായിരം പ്രതികൾ മാത്രം അടിക്കുന്ന പത്രങ്ങളും അവിടെയുണ്ട്. എന്നാൽ വലിപ്പച്ചെറുപ്പമെന്യേ എല്ലാ പത്രങ്ങൾക്കും നവീനോപകരണങ്ങൾ ലഭ്യമായിട്ടുണ്ടെന്നുള്ളതു് മറെറാരു പ്രത്യേകതയാണു്.

പത്രപ്രവത്തനത്തിൽ സവ്വാധിപത്യത്തിനുവേണ്ടി 'പത്രമാല' സ്ഥാപിക്കണമെന്ന ഉദ്ദേശം ഇൻഡ്യയിലെപ്പോലെ സ്വീഡനിൽ ഇല്ല. രാഷ്ട്രീയകക്ഷികളുടെയും വ്യക്തികളുടെയും പത്രങ്ങൾ നമുക്കവിടെ കാണാം. രാഷ്ട്രീയ സംഘടനയുടെ പ്രാമാണ്യത്തിനനുസരിച്ച് വിതരണം വദ്ധിക്കുന്ന ഏപ്പാടുമില്ല. ഉദാഹരണമായി കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ 50 ശതമാനം വോട്ടുകൾ ലഭിച്ച പാർട്ടിയുടെ പത്രങ്ങൾക്കെല്ലാംകൂടി മൊത്തം സക്കുലേഷൻെറ 20 ശതമാനം മാത്രമേയുള്ളു. കമ്മ്യൂണിസ്റ്റ്പത്രങ്ങൾക്കു് വെറും ഒരുശതമാനവും.

ആഴ്ചപ്പതിപ്പുകളുടെ കാര്യവും ശ്രദ്ധേയമാണു്. 'ആരററ് റണ്ട്'' എന്ന വീക്കിലിക്കു് അഞ്ചുലക്ഷം പ്രതികളാണു് വിററഴിയുന്നതു്. 'കൺസ്യൂമർവീക്കിലി' നാലുലക്ഷവും. ഇതൊക്കെ നമുക്കു് അതിശയത്തിനു വകനല്കുന്നുണ്ട്. നമ്മുടെ കൊച്ചുകേരളത്തിനു കഴിഞ്ഞില്ലെങ്കിൽ ഇൻഡ്യയിൽ മറ്റേതു സംസ്ഥാനത്തിനാണു് മൂന്നും നാലും ലക്ഷം സക്കുലേഷനുള്ള ഒരാഴ്ചപ്പതിപ്പുണ്ടാകേണ്ടതു്. ഈ തലമുറയുടെ അന്ത്യദശയിലെങ്കിലും നമുക്കതു കാണാൻ കഴിയുമെന്നു പ്രത്യാശിക്കാം.

ഗവണ്മെൻറ് ചുമതലയിൽ റേഡിയോ പ്രവൎത്തിച്ചാൽ അതൊരു ഗവണ്മെൻറു പ്രചരണയന്ത്രമാകില്ലേയെന്നാണ് ഒരു രാഷ്ട്രീയപ്രവൎത്തകനായ ജാൺസാൻ എന്നോടു ചോദിച്ചതു്. ഇൻഡ്യയിലെയും സ്വീഡനിലെയും റേഡിയോപ്രസ്ഥാനത്തെപ്പററി സംസാരിക്കുകയായിരുന്നു ഞങ്ങൾ. ഏഴംഗങ്ങളുള്ള ഒരു ബോർഡാണ് സ്വീഡിഷ് ബ്രാഡ്കാസ്റ്റിംഗ് കാർപ്പറേഷൻെറ ഭരണം നടന്നതു്. കാർപ്പറേഷൻെറ ഓഹരികൾ പത്രപ്രവൎത്തകൎക്കും റേഡിയോനിൎമ്മാതാക്കൾക്കും മാത്രമേ നല്കുകയുള്ളൂ. പരസ്യങ്ങൾ റേഡിയോയിൽ സ്വീകരിക്കപ്പെടുന്നില്ല. എല്ലാച്ചെലവുകളും ശ്രോതാക്കളിൽനിന്നും വസൂലാക്കപ്പെടുന്നു. ഏകദേശം മുപ്പതുരൂപയോളംവരും അവിടത്തെ ലൈസൻസ്നികുതി. ആയിരംപേൎക്കു 355 റേഡിയോ സെററുകൾ എന്ന കണക്കിന് യൂറോപ്പിൽ ഒന്നാംകിടയിൽ നില്ക്കുന്നു സ്വീഡനിലെ റേഡിയോപ്രസ്ഥാനം.

നാടകകലയ്ക്കും സ്വീഡൻ ഒട്ടും പിന്നോക്കമല്ല. റായൽതീയേററർ കാണുന്നവൎക്ക് ഉടൻ മനസ്സിലാകും നാടകവേദിയുടെ പ്രാധാന്യം. മിക്കനാടകങ്ങൾക്കും രാജകുടുംബാംഗങ്ങളും മന്ത്രിസഭാംഗങ്ങളും സന്നിഹിതരാകുന്നതു സാധാരണയാണ്. ഷേക്ക്സ്പീയർ, ഇബ്സൺ, എലിയട്ട്, ആർതർമില്ലർ, ടെനസീവില്യംസ് മുതലായവരുടെ ചിത്രങ്ങൾ അവിടെ മിക്കതീയേററുകളിലും കാണാം. 'ഓനിൽ' എന്ന നാടകകൃത്തിനെ സ്വീഡൻ കൂടുതൽ ഇഷ്ടപ്പെടുന്നു. അദ്ദേഹത്തിൻെറ വിശ്വവിഖ്യാതമായ "Long Day's Journey to the Night" 1956-ൽ ലോകപൗരന്മാരുടെ സാന്നിദ്ധ്യത്തിൽ ആദ്യമായി സ്റ്റോക്ക്ഹോമിലെ റായൽ തീയേററിലാണ് അഭിനയിച്ചതു്. A Touch of the Poet എന്ന നാടകവും അരങ്ങേറിയതു് സ്വീഡനിലാണ്.

സാംസ്കാരികകാര്യങ്ങളിൽ സിനിമാപ്രസ്ഥാനവും സ്ഥാനം പിടിക്കുമല്ലോ! ആർനേസ്റ്റക്സ് ഡോർഫ് എന്ന പ്രസിദ്ധഫിലിംസംവിധായകനും നിർമ്മാതാവുമാണ് അവിടത്തെ ഒന്നാംകിട സിനിമാവ്യവസായി. 'Juncle boy' എന്നൊരു ചിത്രം നിർമ്മിക്കുവാൻ മദ്ധ്യപ്രദേശത്തിലെ കാട്ടുജാതിയിൽപ്പെട്ട ഒരു ബാലനെ സ്വീഡനിലേക്കു കൊണ്ടുപോകാനായി ബോംബെയിൽ എത്തിയ മി. സ്റ്റക്സ്ഡോർഫിനെ ഞാൻ നേരത്തേ പരിചയപ്പെട്ടിരുന്നു. പതിന്നാലു വയസ്സുള്ള 'ചന്ദു' എന്ന കുട്ടിയെ പഴക്കിയെടുത്തു നിർമ്മിച്ച ആ ചിത്രം യൂറോപ്പു മുഴുവൻ പ്രചരിച്ചതാണ്. ചന്ദുവിൻെറ കഴിവിനെ സ്തുതിച്ചു നിർമ്മാതാവുതന്നെ എന്നോടു പറയുകയുണ്ടായി. ചന്ദുവിൻെറ കഴിവു നിർമ്മാതാവിൻെറ മിടുക്കായിക്കരുതണമെന്നല്ലേ അതിൻെറ സാരം. ഏഴു വയസ്സു കഴിഞ്ഞാൽ ആണിനെയും പെണ്ണിനെയും ഒരുമിച്ചൊരു പ്രത്യേകസ്ഥലത്തു കഴിഞ്ഞുകൂടാൻ നിർബ്ബന്ധിക്കുന്ന കാട്ടുജാതിയിലെ അംഗമാണുപോലും ചന്ദു! ഇതിൻെറ സത്യാവസ്ഥയെപ്പററി തിരക്കിയ ചിലരോടു ഞാൻ പറഞ്ഞതു്, "നിങ്ങളുടെ നിർമ്മാതാവിൽനിന്നു മാത്രമാണ് ഈ വിവരം എനിക്കു ലഭിച്ച"തെന്നാണ്.

സംഗീതജ്ഞന്മാർക്കു ജീവനാണത്രെ സ്വീഡിഷ് സംഗീതം. വിശ്വവിഖ്യാതന്മാർക്കു മാത്രമേ, സ്റ്റോക്ക്ഹോമിലെ 'റോയൽ ഓപ്പറാ'യിൽ പ്രോഗ്രാം ലഭിക്കുന്നുള്ളു. 1773-ൽ അന്നത്തെ രാജാവായിരുന്ന ഗുസ്താവ് മൂന്നാമൻ പണികഴിപ്പിച്ച 'റോയൽ ഓപ്പറാ' ഇതിനകം ലോകപ്രശസ്തിയാർജ്ജിച്ച ഒരു പുരാതനകലാനിലയമായി മാറിയിരിക്കുകയാണ്. സംഗീതത്തിൻെറ ചരിത്രം രേഖപ്പെടുത്തുന്ന ഒരു കാഴ്ചബംഗ്ലാവും അവിടെയുണ്ടു്, യൂറോപ്യൻ

സംഗീതസാമഗ്രികളുടെ പൂർണ്ണവിവരണം ലഭിക്കുവാൻ ഈ കാഴ്ചബംഗ്ലാവിൽ പോയാൽ മതി. ചരിത്രകാലം മുതൽക്കുള്ള ഉപകരണങ്ങളെല്ലാം അവിടെ ദശിക്കാം.

## പത്ത്

സ്വീഡൻ സന്ദശിക്കുന്ന ഏതൊരു മലയാളിക്കും പരിചയപ്പെടാതിരിക്കാൻ സാദ്ധ്യമല്ലാത്ത ഒരു വ്യക്തിയാണു് ശ്രീ ഉണ്ണിക്കൃഷ്ണമേനോൻ. പീ. യൂ. എന്ന പേരിനാൽ അറിയപ്പെടുന്ന മേനോൻ കുടുംബസമേതം അഞ്ചേരക്കൊല്ലമായി സ്റ്റോക്ക്ഹോമിൽ താമസമാണു്. ഇൻഡ്യൻ എംബസിയാണു് പീ. യൂ.വിന്റെ ഉദ്യോഗസ്ഥലം.

സ്റ്റോക്ക്ഹോം സമാധാനസമ്മേളനത്തിൽ സംബന്ധിക്കുവാനെത്തിയ മുൻനിയമമന്ത്രി വി. ആർ. കൃഷ്ണയ്യരും പത്നിയും പീ. യൂ.വിൻെറ സൽക്കാരത്തിൽ പങ്കുകൊണ്ടു. സഹയാത്രികനായിരുന്ന ശ്രീ ഡി.സി. കിഴക്കേമുറിയും അതിഥികളുടെ കൂട്ടത്തിൽപ്പെട്ടിരുന്നു. കിഴക്കേമുറിയെന്ന പേരിൽ കൗതുകം തോന്നിയ പീ. യൂ. ഒരു പണി പററിച്ചു. "സരസ്വതീ, കിഴക്കേമുറിക്കും മററും വേണ്ട സൽക്കാരങ്ങൾ നടത്തണം" എന്ന വാചകം കേട്ടു പാചകശാലയിൽനിന്നും പുറത്തു വന്ന ഭാര്യയെ ചൂണ്ടിക്കൊണ്ടു് പീ. യൂ. പറയുകയാണു്: "കേട്ടോ സാറേ, കിഴക്കേമുറിയെന്നു പറഞ്ഞപ്പോൾ സരസ്വതി ഇതാ കിഴക്കേമുറിയിലേക്കാണു പോകുന്നതു്. സ്വീഡൻ വിടുന്നതുവരെ സാറിന്റെ പേരൊന്നു മാറ്റിയാലെന്താ!" പുതിയ പേരിടാനുള്ള അധികാരം കൃഷ്ണയ്യർ മേനോനു നല്കുകയും അപ്പോൾ മുതൽ 'Eastern Room' എന്ന നവീനനാമധേയത്താൽ ശ്രീ കിഴക്കേമുറി അറിയപ്പെടുകയും ചെയ്തുവത്രെ!

ഇൻഡ്യൻ ഇൻഫർമേഷൻഓഫീസർ ശ്രീ ജാർജ്ജിൻെറ വസതിയിൽവച്ചു് കേരളാ ഭൂനയബില്ലിൻെറ ചില വകുപ്പുകളെപ്പററി ശ്രീമതി ജാർജ്ജ് എന്നോട്ട ചോദിക്കുകയുണ്ടായി. പാട്ടക്കാരുടെ കൈവശമിരിക്കുന്ന വസ്തുക്കളിൽ ഇനിമേൽ ഉടമസ്ഥുള്ള അവകാശത്തെപ്പററിയായിരുന്നു അവരുടെ സംശയം. പീ. യൂ. അവിടെയും വിട്ടില്ല. രസികൻ എന്നോട്ട പറയുകയാണു്, "പിള്ളേ, പലപ്പോഴും ഇവരോട്ട ഞാൻ പറഞ്ഞിട്ടുണ്ടു് കൃഷ്ണയ്യർ നമ്മുടെ സ്വന്തമാണെന്നു്. ഒരു പാർട്ടിയോ മററോ നടത്തിയാൽ സ്വാമിയോട്ട പറഞ്ഞു നമുക്കു കാര്യങ്ങൾ ശരിപ്പെടുത്താം. പിള്ള തന്നെ പറയണം, സ്വാമി വിചാരിച്ചാൽ കാര്യം ശരിപ്പെടുത്തിക്കൂടേ?" സാദ്ധ്യമാണെന്ന രൂപത്തിൽ ഞാൻ തല കുലുക്കിയതു് മേനോനെ ഒന്നു പിരി മുറുക്കാനാണു്. അങ്ങനെ തനികേരളീയമായ ഒരന്തരീക്ഷം അവിടെ സൃഷ്ടിച്ചുകൊണ്ടേയിരുന്നു പീ. യൂ.

കൃഷ്ണയ്യരുടെ സ്റ്റോക്ക്ഹോം സന്ദർശനം കമ്മ്യൂണിസ്റ്റ് പാർട്ടിക്കൊരു നേട്ടമായിരുന്നെന്നാണു് എനിക്കറിയാൻ കഴിഞ്ഞതു്. ജനാധിപത്യത്തിൽക്കൂടിയുള്ള അവരുടെ ഗവണ്മെൻറുരൂപീകരണം സ്വീഡിഷ്ജനതയ്ക്കൊരതിശയമാണു്. 1957-ൽ പണ്ഡിററ് നെഹ്റു സ്വീഡനിൽ വച്ചു പറയുകയുണ്ടായി "കേരളത്തിലെ കമ്മ്യൂണിസ്റ്റ്വിജയം ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കുള്ള വിജയമായി നിങ്ങൾ കണക്കാക്കരുതു്. അവിടെ കമ്മ്യൂണിസ്റ്റ്കാർ ജയിച്ചെന്നു പറയുന്നതിനേക്കാൾ, ഞാൻകൂടിയുൾപ്പെട്ട കാൺഗ്രസ്സ് തോറെറന്നു വിധിക്കുന്നതാണു നല്ലതു്. ഞങ്ങളുടെയാളുകൾ അതായതു കാൺഗ്രസ്സുകാർ നിന്ദാഹരായി തള്ളപ്പെട്ടു. അതിൽ ഞാനും ലജ്ജിക്കുകയാണു്. കേരളാകാൺഗ്രസ്സുനേതൃത്വത്തിനെതിരായ തീരുമാനമവിടെ

നടന്നു. അല്ലാതെ കമ്മ്യൂണിസത്തെ സ്വാഗതംചെയ്തതാണെന്നു തെററിദ്ധരിക്കരുതു്.''

ഇതേപ്പററി കൃഷ്ണയ്യർക്കു പറയാനുണ്ടായിരുന്നതു കേൾക്കണ്ടേ? അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടത്രേ: "ഞങ്ങളുടെ പ്രധാനമന്ത്രി ആരാദ്ധ്യനാണു്. അദ്ദേഹത്തിൻെറ ആത്മാർത്ഥതയെ ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. നെഹ്റുവിൻെറ വ്യക്തിപ്രഭാവം മാത്രമാണു കാൺഗ്രസ്സിൻെറ അസ്തിത്വം. കാൺഗ്രസ്സിൽ സജ്ജനങ്ങൾ വളരെയുണ്ടെങ്കിലും വ്യക്തിതാൽപ്പര്യവും, സ്ഥാപിതതാൽപ്പര്യങ്ങളും കൊണ്ടു നിറഞ്ഞുപോയി ആ സംഘടന. കമ്മ്യൂണിസ്റ്റുകാരെല്ലാം ഹരിശ്ചന്ദ്രന്മാരല്ല, അവിടെയും രണ്ടുതരക്കാരുമുണ്ടു്. എന്നാൽ ഒരു വ്യത്യാസമുണ്ടു്. തെററിനെ തിരുത്തി നേർവഴിക്കു ചലിക്കാൻ കമ്മ്യൂണിസ്റ്റുകാർ അശ്രാന്ത പരിശ്രമം നടത്തുമ്പോൾ നെഹ്റുവിൻെറ ശ്രദ്ധയിൽപ്പെടാതെ കൊള്ളരുതായ്മയിൽ മുഴുകിയിരിക്കുന്നവരാണു കാൺഗ്രസ്സിൽ അധികവും. ഇക്കാരണംകൊണ്ടു നെഹ്റു തന്നെയും പലപ്പോഴും അവതാളത്തിലാകുന്നുമുണ്ടു്. വിദ്യാസമ്പന്നരായ കേരളജനത, കല്ലും നെല്ലും തിരിച്ചു കാൺഗ്രസ്സിനെ ആട്ടിപ്പായിച്ചു. ഞങ്ങളെ അധികാരത്തിൽക്കയററി.''

നെഹ്റുവിൻേറയും കൃഷ്ണയ്യരുടെയും അഭിപ്രായം ഒന്നുതന്നത്രേ! ഇൻഡ്യൻ ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടുമാത്രമാണു കമ്മ്യൂണിസ്റ്റ്പാർട്ടി ഭരണം നടത്തുന്നതെന്നും മതപരമായ കാര്യങ്ങളിൽ അവർ ഒരിക്കലും കൈവയ്ക്കുകയില്ലെന്നും കൃഷ്ണയ്യർ അവിടെവച്ചു പ്രസ്താവിക്കുകയുണ്ടായി.

വിദ്യാഭ്യാസവർദ്ധനവല്ലേ കേരളീയരെ കമ്മ്യൂണിസത്തിലേക്കു നയിച്ചതെന്നുള്ള മറെറാരു ചോദ്യത്തിനു

പണ്ഡിററ് നെഹ്റു ചുട്ടമറുപടിയാണു നല്കിയതു്. വിദ്യാഭ്യാസമാണ് അളവുകോലെങ്കിൽ യൂറോപ്പു മുഴവൻ ഇതിനകം കമ്മ്യൂണിസ്റ്റായി മാറുമായിരുന്നല്ലോയെന്നുള്ള ഉത്തരം ചോദ്യകത്താവിനെ ഇളിഭ്യനാക്കുകയും സദസ്യരെ മന്ദഹസിപ്പിക്കുകയും ചെയ്തുവത്രേ!

സ്വീഡനെപ്പററിയുള്ള പരാമശ്നം അവസാനിപ്പിക്കുന്നതിനുമുമ്പായി ഒരു കാര്യംകൂടി വിശദമാക്കാനുണ്ട്. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ 97 ശതമാനവും പ്രോട്ടസ്റ്റൻറുകാരാണ്. കത്തോലിക്കർ ഒന്നരശതമാനവും. ജീവിതത്തിലെ നിത്യസഹചാരിയാണു മതം എന്ന ബോധം അവക്കുണ്ടു്. മതത്തെ സവ്വാത്മനാ ബഹുമാനിക്കുകയുംചെയ്യുന്നു. എന്നാൽ സാമ്പത്തികോന്നമനത്തിനു വിഘാതമായ മതാചാരങ്ങൾക്കവിടെ സ്ഥാനമില്ല. കത്തോലിക്കരുടെ സമീപനരീതിയിൽ സ്കാൻഡിനേവിയക്കാർ വിശ്വസിക്കുന്നില്ല. ഇക്കാരണംകൊണ്ടു കത്തോലിക്കക്കു പല വിഷമതകളും അനുഭവിക്കേണ്ടിവരുന്നു. ഒരു വലിയ വ്യവസായശാലയിൽ പ്രവൃത്തിയെടുക്കുന്ന ജമ്മൻകാരനായ ഒരു കത്തോലിക്കായുവാവു സ്വാനുഭവങ്ങളെ വിവരിച്ചതു കേട്ടപ്പോൾ എനിക്കതിശയം തോന്നി. "കത്തോലിക്കനാണോ പ്രമോഷനില്ല, അമിതശാസന, അധിക്ഷേപം എന്നുവേണ്ടാ നിരവധി വിഷമതകൾക്കു വിധേയനായിട്ടുമാത്രമേ ജീവിക്കാൻ തരപ്പെടുന്നുള്ളു."

ഏതുതരത്തിലെങ്കിലും സ്കാൻഡിനേവിയായിൽ നിന്നും പുറത്തുപോയാൽമതിയെന്നാണ് അയാൾ ചിന്തിക്കുന്നതു്, ചുരുക്കിപ്പറഞ്ഞാൽ കത്തോലിക്കരെ അത്ര പിടിത്തമല്ല.

ഏകപക്ഷാഭിപ്രായം മാത്രംകൊണ്ടു് തൃപ്തിയടയുന്നതുചിതമല്ലല്ലോ? കൾച്ചറൽ ഡെവലപ്പ്മെൻറ് ആഫീ

സരുമായി പലതും സംസാരിച്ചകൂട്ടത്തിൽ ഈ വിഷയവും ഞാൻ ഉന്നയിച്ചു. എനിക്കു കിട്ടിയ മറുപടി ഹ്രസ്വമെങ്കിലും കാര്യമാത്രപ്രസക്തമായിരുന്നു. "ഞങ്ങൾക്കൊരു മതവിശ്വാസമുണ്ട്. ഗവണ്മെൻറ് അതേവിശ്വാസത്തിന്മേലാണു കെട്ടിപ്പടുത്തിരിക്കുന്നതു്. മററു മതവിശ്വാസങ്ങളിൽ സമ്മർദ്ദം ചെലുത്തണമെന്ന മോഹം ഞങ്ങൾക്കില്ല; അതേസമയം ഞങ്ങളിൽ അവരുടെ വിശ്വാസം കുത്തിച്ചെലുത്താനുള്ള സംരംഭം നടക്കുകയില്ല." ഇതിൻെറ അന്തർലീനമായ അർത്ഥം എനിക്കു മനസ്സിലായി. ആ വിഷയത്തെപ്പററി ഞങ്ങൾ പിന്നെ സംസാരിച്ചില്ല. എന്നാൽ അതിനു കടകവിരുദ്ധമായ നിലയാണു റോമിൽ. കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരുമായുള്ള ബന്ധത്തെപ്പററി റോമിൽവച്ച് ഞാൻ കൂടുതൽ മനസ്സിലാക്കി. സ്കാൻഡിനേവിയായിൽ കത്തോലിക്കൻെറ അനുഭവം തന്നെയാണ് റോമിൽ പ്രോട്ടസ്റ്റൻറുകാരൻേറതും. മതസഹിഷ്ണുത ഇരുകൂട്ടരിലും ഇനിയും വളരേണ്ടിയിരിക്കുന്നു. അനുഭവത്തിൽനിന്നും അടർത്തിയെടുത്ത ഈ അഭിപ്രായം ആരുടെയും മൃദുലചിന്തകളെ വ്രണപ്പെടുത്തുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

സ്വീഡൻ പലതുകൊണ്ടും അനുകരണീയമായ ഒരു രാജ്യമാണ്. നാനാവശങ്ങളും ഇവിടെ പരാമർശിക്കാൻ തരപ്പെടാത്തതിൽ ഖേദമുണ്ട്. സമാധാനപ്രിയരായ, പുരോഗമനോന്മുഖരായ, അരോഗദൃഢഗാത്രരായ ഒരു ജനത സാമ്പത്തികഭദ്രതയും, സന്തോഷജീവിതവും എത്രയായാലും മതിവരാത്ത സ്വീഡിഷ്ജനത ലോകത്തിന്റെ മുന്നണിയിൽ വിലസുന്ന കാഴ്ച കണ്ടനുഭവപ്പെടണമെങ്കിൽ അങ്ങോട്ടൊന്നു പോകുകയേ നിവൃത്തിയുള്ളു.

## പതിനൊന്ന്

സ്വീഡനോട്ട യാത്രപറഞ്ഞതിൻെറ തലേദിവസം നാട്ടിൽനിന്നൊരു കത്തുകിട്ടി. അതോടൊപ്പം വി. ആർ. കൃഷ്ണയ്യരുടെ ലേഖനത്തിൻെറ ഒരു ഭാഗവും അടക്കംചെയ്തിരുന്നു. സ്വീഡനിലെ കഴിഞ്ഞ തെരഞ്ഞെടുപ്പ് പെൻഷൻ വദ്ധനവിനെ ആസ്പദമാക്കിയാണു നടന്നതെന്നും ആ പ്രശ്നത്തെ അനുകൂലിച്ച പാർട്ടിയാണു വിജയിച്ചതെന്നും ഇതൊക്കെക്കണ്ടിട്ട് വൃദ്ധന്മാരാണോ അവിടെ അധികമെന്നു ലേഖകനു തോന്നിയെന്നുമാണു സാരാംശം. വലിയ ഒരു ചോദ്യചിഹ്നംകൊണ്ടുദ്ദേശിക്കേണ്ടതു് സത്യാവസ്ഥ ഒന്നുകൂടി അന്വേഷിക്കണമെന്നല്ലേ?

ലേഖനത്തെപ്പററി ഞാനാദ്യം പറഞ്ഞതു് ഉണ്ണികൃഷ്ണമേനോനോടാണു്. 'നമ്മുടെ "Eastern Room" എഴുതിയതാണോ?' എന്നായിരുന്നു എടുത്തപടിയുള്ള ചോദ്യം. "എവിടെച്ചെന്നാലും സ്ഥലങ്ങളുടെ ദൂരം, താമസക്കാരുടെ സംഖ്യ, പൂർവ്വികന്മാരുടെ ജോലി ഇതൊക്കെയാണു് അയാൾ തിരക്കിയിരുന്നതു്. അപ്പോഴേ ഞാൻ തീർച്ചപ്പെടുത്തി, വിദ്വാൻ എന്തൊക്കെയോ തട്ടിവിടുമെന്നു്." ഇത്രയുംകൂടിയായപ്പോൾ ഞാൻ പറഞ്ഞു ഈസ്റ്റേൺറൂം നിരപരാധിയാണെന്നും കൃഷ്ണയ്യരാണു് ലേഖകനെന്നും. മേനോനുണ്ടോ സമ്മതിക്കുന്നു. "അല്ല പിള്ളേ, കിഴക്കേമുറി എഴുതിയിട്ട് കൃഷ്ണയ്യരുടെ പേരുവച്ചതായിരിക്കും. എനിക്കന്നേ തോന്നിയതാ. അതൊക്കെയിരിക്കട്ടെ എന്നേപ്പററി വല്ലതും എഴുതിയിട്ടുണ്ടോ?" ഞാനും ചിലപ്പോൾ യാത്രാവിവരണമെഴുതുമെന്നു് പറഞ്ഞിരുന്നെങ്കിൽ മേനോൻ പരുങ്ങിയേനെ! അക്കാര്യത്തെപ്പററി ശബ്ദിച്ചതേയില്ല.

ഞങ്ങൾ സോഷ്യൽവെൽഫെയർ ആഫീസിൽചെന്നു് വാദ്ധക്യകാലവേതനത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ആരായുകയുണ്ടായി. അറിഞ്ഞ ചില കാര്യങ്ങളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

വാദ്ധക്യകാലവേതനം അവിടെ ഒരു പ്രധാനപ്രശ്നമാണു്. "ഇന്നത്തെ ചെറുപ്പക്കാരാണു് നാളത്തെ കിഴവന്മാർ. എല്ലുമുറിഞ്ഞു് പണിയെടുത്തിട്ടു് അന്ത്യകാലത്തു് ജീവിക്കാനുള്ള പ്രതിഫലം കൊടുത്തില്ലെങ്കിൽ അതിൽ പരം നിന്ദാർഹമായ പ്രവൃത്തി വേറെയുണ്ടോ?" എന്നായിരുന്നു ഒരു ചോദ്യത്തിനുള്ള മറുപടി. കോഴവാങ്ങുന്ന ഏർപ്പാടവിടെയില്ല. ആരോഗ്യമുള്ളകാലംവരെ അന്തസ്സോടെ പണിയെടുത്തിട്ടു് അന്ത്യകാലത്തു് സുഖമായി ജീവിക്കാനുള്ള വേതനം ആവശ്യപ്പെടുന്നതു് വയസ്സന്മാർ മാത്രമല്ല, നല്ലനാളെ വിഭാവനംചെയ്യുന്ന ചെറുപ്പക്കാരുമാണു്. കിഴവന്മാരുടെ നാടല്ല, നേരേമറിച്ചു് സൂക്ഷ്മഗ്രാഹികളായ യുവാക്കന്മാരുടെ രാജ്യമാണു സ്വീഡൻ.

സ്റ്റോക്ക്ഹോമിൽനിന്നും ഒന്നരമണിക്കൂർ കൊണ്ടു ഞാൻ നാർവേയുടെ തലസ്ഥാനമായ ഓസ്‌ലോയിൽ എത്തി. മരവിപ്പിക്കുന്ന തണുപ്പു്. പൂജ്യത്തിൽനിന്നു പത്തുഡിഗ്രി സെന്റിഗ്രേഡ് താഴെയാണെന്നു കാണുമ്പോൾ ഊഹിക്കാമല്ലോ അതിൻെറ കാഠിന്യം. സമയം രണ്ടരമണിയാകുന്നതേയുള്ളു, ഇരുട്ടു വ്യാപിച്ചുകഴിഞ്ഞു. ശീതകാലത്തു പകൽ നാലഞ്ചു മണിക്കൂർ മാത്രമേയുള്ളു ആ നാട്ടിൽ. ചൂടുകാലത്തു് ഇരുപത്തിനാലുമണിക്കൂറും സൂര്യനെ കാണാവുന്ന ദിവസങ്ങളുമുണ്ടു്. പാതിരാസൂര്യൻെറ നാടെന്നു പറയുന്ന നാർവേയുടെ വടക്കേമുനമ്പിൽ മേയ് മാസം പതിനഞ്ചാം തീയതി മുതൽ ആഗസ്റ്റ് ഒന്നാംതീയതിവരെ ഇരുപത്തിനാലുമണിക്കൂറും സൂര്യൻ പ്രത്യക്ഷപ്പെ

ട്ടുന്നുണ്ട്. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ജന തതി ഈ കാലഘട്ടത്തിൽ നാർവേയിലേക്കു പാഞ്ഞുകൊണ്ടിരിക്കയാണ്.

സ്കാൻഡിനേവിയൻരാജ്യങ്ങളിൽ താരതമ്യേന ധനശേഷി കുറഞ്ഞ നാടാണ് നാർവേ. വെറും മുപ്പത്തിയഞ്ചുലക്ഷമാണു ജനസംഖ്യ. ബാംബെസിററിയിലുള്ള ജനങ്ങൾ. അവിടെയും പുരുഷന്മാരെക്കാൾ സ്ത്രീകളാണു കൂട്ടതൽ. ജനസംഖ്യയുടെ 20 ശതമാനം മാത്രമേ കൃഷിക്കാരായുള്ളു. ഖനികളിലും വ്യവസായശാലകളിലും പണിയെടുക്കുന്നവരാണധികം. ലോകത്തിലേക്കു വലിയ ഖനി നാർവേയിലെ കിരുണാ എന്ന പട്ടണത്തിലാണു സ്ഥിതിചെയ്യുന്നതു്. ആർട്ടിക്ക്സർക്കിളിന്റെ 90 മൈൽ വടക്കുമാറി സമുദ്രനിരപ്പിൽനിന്നും 1600 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന കിരുണാതന്നെയാണ് ലോകത്തിലെ ഏററവും വലിയ പട്ടണവും. 32 ലക്ഷം ഏക്കർ വിസ്തീർണ്ണമുള്ള ഈ നഗരത്തിലെ ജനസംഖ്യ വെറും 23000.

മീൻപിടുത്തവും കപ്പൽവ്യവസായവും വളരെ പ്രാധാന്യമേറിയവയാണ്. ഏററവും നവീനോപകരണങ്ങളാണു മീൻപിടുത്തത്തിനുപയോഗിക്കുന്നതു്. കപ്പൽവ്യവസായത്തിൽനിന്നും ആണ്ടിൽ 200 കോടി രൂപയുടെ വിദേശനാണ്യം അവർ നേടുന്നുണ്ടു്. കപ്പൽനിർമ്മാണവും അതിശയകരമായി പുരോഗമിക്കുന്നു. ഈ തുറയിൽ ഒന്നാംകിടയിൽ നില്ക്കുന്ന ഇംഗ്ലണ്ടും, രണ്ടാംസ്ഥാനമർഹിക്കുന്ന ജപ്പാനും, മൂന്നാമത്തെ ജർമ്മനിയും കഴിഞ്ഞാൽ നാർവേയ്ക്കും മഹത്തായ ഒരു സ്ഥാനം ലഭിക്കുന്നുണ്ടു്. വെറും 35 ലക്ഷം ജനസംഖ്യയുള്ള ഈ ചെറിയ രാജ്യത്തിൻെറ വരവ് കഴിഞ്ഞ ബഡ്ജററുപ്രകാരം 450

കോടി രൂപയാണെന്നു കേൾക്കുമ്പോൾ അതിശയത്തിനല്ലേ വകയുള്ളു. കമ്മിബഡ്ജററ് അവതരിപ്പിച്ച് പുതിയ നികുതികൾ ചുമത്തി മിച്ചബഡ്ജററാക്കുന്ന ഒരു പ്രവണത സ്കാൻഡിനേവിയൻരാജ്യങ്ങളിൽ പൊതുവേ കാണുന്ന ഒന്നാണ്. എന്നാൽ ജീവിതച്ചെലവു വർദ്ധിക്കാതിരിക്കാൻ വിലനിയന്ത്രണവും വിലനിയന്ത്രണത്തിനുവേണ്ടി സബ്സിഡിയും ഗവണ്മെൻറിൻെറ സതപരശ്രദ്ധയിൽ എപ്പോഴും പതിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ നികുതിഭാരത്തെപ്പററി ജനങ്ങൾ ശ്രദ്ധിക്കുന്നില്ല.

ഓസ്ലോനഗരത്തെ പ്രതിമകളുടെ നാടെന്നു നാമകരണംചെയ്യുന്നതിൽ തെററില്ല. എവിടെ നോക്കിയാലും പ്രതിമകൾതന്നെ പ്രതിമകൾ. അമേരിക്കൻനേതാക്കന്മാരുടെ പ്രതിമകളും ധാരാളം കാണാനുണ്ട്. പ്രസിഡൻറ് റൂസ്വെൽററ് നാർവേയുടെ ഉററ ബന്ധുവായിരുന്നത്രേ! മാഡാറൂസ്വെൽററ് ഇപ്പോഴും അവരുടെ കണ്ണിലുണ്ണിയാണ്. 25 നിലയുള്ള മനോഹരമായ ഓസ്ലോടൗൺഹാളിൻെറ മുമ്പിൽ സമുദ്രത്തിലേക്കു നോക്കിക്കൊണ്ടുനില്ക്കുന്ന റൂസ്വെൽററ്മാരുടെ ബിംബങ്ങൾ ശില്പകലയ്ക്കൊരു മുതൽക്കൂട്ടുതന്നെയാണ്.

ഇന്നു് അമേരിക്കയുമായി ഉററബന്ധമാണ് നാർവേയ്ക്കുള്ളതു്. നാറേറായിൽ (Nato) ആദ്യംമുതല്ക്കു പങ്കെടുത്ത രാജ്യമാണു നാർവേ.

1949-ൽ അവർ വടക്കേ അററ്ലാൻറിക്ക് സഖ്യയുടമ്പടിയിൽ ഒപ്പുവച്ചപ്പോൾ അയൽരാജ്യങ്ങൾക്കത്ര രസിച്ചില്ല. പ്രതിരോധവകുപ്പു ശക്തിപ്പെടുത്തുകയായിരുന്നു സ്വീഡൻെറ ആദ്യനടപടി. എന്നാൽ ഡെന്മാക്കിനെ വശീകരിക്കാൻ നാർവേയ്ക്കു കഴിഞ്ഞു. അങ്ങനെ അയൽരാജ്യങ്ങളാൽ താലോലിക്കപ്പെടുന്ന നാറേറായെ

അകലെനിൎത്തി നിഷ്പക്ഷനയം സ്വീകരിക്കുന്ന സ്വീഡന്റെ വിദേശവകുപ്പു പ്രശംസ അൎഹിക്കുകതന്നെ ചെയ്യുന്നു.

സ്വീഡനെയും ഡെന്മാൎക്കിനെയും അപേക്ഷിച്ച് വിഭിന്നമാണു നാർവേയുടെ വിദേശനയം. അമേരിക്കൻ കൂട്ടുകെട്ടാണതിനു കാരണം. പ്രധാനമന്ത്രി ഐയ്നാർ ഗെർഹാർഡ്സൺ വളരെ ബഹുമാന്യനാണെന്നിരിക്കെ വിദേശകാര്യമന്ത്രി എച്ച്. എം. ലാങ്കേ അഭിപ്രായഭിന്നതയ്ക്കു വഴികൊടുക്കുന്ന വ്യക്തിയാണത്രേ! ലാങ്കേയാണു നാർവേയെ അമേരിക്കൻകെട്ടുമുറുക്കിൽപ്പെടുത്തിവട്ടംകറക്കുന്നതെന്ന അഭിപ്രായത്തിനു മതിപ്പു കൂടിവരുന്ന കാലമാണിതു്. പാർലമെൻറിൽ ഇതേപ്പററി വലിയ വാദപ്രതിവാദങ്ങളും നടക്കുന്നുണ്ടു്. പ്രധാനമന്ത്രിയുടെ വ്യക്തിമാഹാത്മ്യത്തിൽ പ്രതിപക്ഷം ശക്തിഹീനമായിത്തീരുന്നുണ്ടെന്നും എന്നാൽ ഇടതുപക്ഷത്തിൻെറ പ്രവൎത്തനം ദിനംപ്രതി അഭിവൃദ്ധിയെ പ്രാപിച്ച് അടുത്ത തെരഞ്ഞെടുപ്പിൽ 'വിദേശനയപ്രഖ്യാപന'ത്തിനൊരു മാററം വരുത്താൻ പര്യാപ്തമാകുമെന്നും രാഷ്ട്രീയനിരീക്ഷകന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഓസ്ലോസൎവ്വകലാശാലയിലെ ചില മഹൽവ്യക്തികളേയും ഒന്നാംകിടയിലുള്ള ഏതാനും എഴുത്തുകാരെയും ഞാൻ കണ്ടു സംസാരിക്കുകയുണ്ടായി. അവരുടെ അഭിപ്രായവും ഏതാണ്ടങ്ങനെ തന്നെയാണു്. ഗവണ്മെൻറുഭാഗത്തുള്ള ചില എം. പി. കളും വിദേശനയത്തെ അനുകൂലിക്കുന്നില്ലെന്നു കാണുന്നതു് രസാവഹമായിട്ടുണ്ടു്.

1814 മുതൽ നിലവിലുള്ളതാണു് നാർവീജിയൻ ഭരണഘടന. കോടതിവിധികൂടാതെ യാതൊരു വ്യക്തിയേയും തടവിൽ വയ്ക്കുവാൻ പാടില്ല. പ്രസംഗസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, സമ്മേളനസ്വാതന്ത്ര്യം ഈ മൂന്നു

കാര്യങ്ങൾക്കും കടിഞ്ഞാണില്ലാത്ത നില, യാതൊരു നിയമങ്ങൾക്കും പൂർവ്വകാലസാധുത്വം ലഭിക്കാതിരിക്കുക ഇവയൊക്കെയാണു ഭരണഘടനയിലെ മുഖ്യഭാഗങ്ങൾ. ഈ സ്വാതന്ത്ര്യങ്ങളൊന്നും അതിരുകടന്നു വിനിയോഗിക്കുന്ന പതിവും അവിടെയില്ല. നിയമലംഘനം നന്നേ കുറവാണ്. അതിരററ സ്വാതന്ത്ര്യമുണ്ടെങ്കിൽ നിയമലംഘനത്തിൻെറ പ്രശ്നമേ ഉദിക്കുന്നില്ലല്ലോ!

സ്വീഡനിലെപ്പോലെതന്നെയാണ് ഇവിടെയും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നില. എന്നാൽ കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാർ ധാരാളമുണ്ടുതാനും. അമേരിക്കയുമായുള്ള ഗവണ്മെൻറുസമ്പർക്കമാണത്രേ അതിനു കാരണം. പീസ്കൗൺസിൽപ്രസ്ഥാനം അടിയുറച്ചിരിക്കുകയാണവിടെ. പക്വമതികളെയാണ് ഈ തുറയിൽ സാധാരണ കാണുന്നതു്. പെൻഷൻകാരെന്നു പറയുന്നതിലും തെററില്ല.

എൻെറ ഒരു സുഹൃത്തായ ഓയ്വിൻ ഹോൾട്ടർ ഓസ്ലോ പീസ്കൗൺസിലിൻെറ വൈസ് പ്രസിഡൻറാണ്. അദ്ദേഹത്തിൻെറ ആവശ്യപ്രകാരം എനിക്കൊരു സമ്മേളനത്തിൽ ഭാഗഭാക്കാകേണ്ടിവന്നു. ആറാഴ്ച ചൈനയിൽ പര്യടനം നടത്തിയിട്ടു വന്ന ഒരു 'മാഡം എങ്കൽ' തൻെറ അനുഭവങ്ങളെ വിവരിച്ചു പ്രസംഗിക്കുകയായിരുന്നു. 3 ക്രൂപാവീതം പ്രവേശനഫീസു കൊടുത്തിട്ട് ഏകദേശം 1000 പേർ നോബൽഹാൾ അനക്സിൽ സ്ഥലംപിടിച്ചിരുന്നു. ചെറുപ്പക്കാരിയായ കമ്മ്യൂ: ചൈനീസ് അംബാസഡറെയും മുൻപന്തിയിൽ കണ്ടു.

പരിപാടിയാരംഭിക്കുന്നതിനു മുമ്പ് അവിടെയുണ്ടായിരുന്ന പ്രശസ്തവ്യക്തികളുമായി മി. ഹോൾട്ടർ എന്നെ പരിചയപ്പെടുത്തി. "ചെറുപ്പക്കാരനായി പീസ്കൗൺ

സിലിൽ താങ്കൾ മാത്രമേയുള്ളോ?'' എന്ന എൻെറ ചോദ്യത്തിനു് "ചെറുപ്പക്കാരനും പക്വമനസ്സും' എന്നുമാത്രം പറഞ്ഞിട്ടു് ഹോൾട്ടർ തൻെറ പ്രവൃത്തിയിൽ മുഴുകി. കൊല്ലത്തു നീണ്ടകര ഇൻഡോ-നാർവീജിയൻ പ്രോജക്ടിൻെറ നിർമ്മാതാവും, ആദ്യഡയറക്ടരുമായിരുന്ന ഡാക്ടർ ല്യണ്ടും പത്നിയും പീസ്കൗൺസിൽ പ്രവർത്തകരാണു്. നേരത്തെ പരിചയമുണ്ടായിട്ടും ഡാക്ടർ ല്യണ്ടിനെ കാണാൻ തരപ്പെട്ടില്ല. മീററിംഗിൽവെച്ചു് അദ്ദേഹത്തിൻെറ ഭാര്യയെ കണ്ടുമുട്ടി. കേരളത്തെ താനും തൻെറ ഭർത്താവും മരണംവരെ മറക്കുകയില്ലെന്നും ആ രാജ്യത്തിനു നാൾക്കുനാൾ അഭിവൃദ്ധിയുണ്ടാകട്ടെയെന്നും മിസ്സിസ് ല്യണ്ട് പറയുകയുണ്ടായി. പരിചയക്കാരായ പലരേപ്പറ്റിയും ആ മഹതി അന്വേഷിച്ചു. സാമൂഹ്യക്ഷേമപ്രവർത്തനത്തിൽ മാത്രം മുഴുവൻ സമയവും ചെലവഴിച്ചുകൊണ്ടിരിക്കുകയാണു ല്യണ്ടും ഭാര്യയും.

ചൈനയുടെ നേട്ടങ്ങളെ പ്രതിപാദിച്ചുകൊണ്ടുള്ള മാഡംഏങ്കലിൻെറ പ്രസംഗം കഴിഞ്ഞപ്പോൾ അദ്ധ്യക്ഷനായിരുന്ന ഹോൾട്ടറിൽനിന്നു് അപ്രതീക്ഷിതമായ ഒരഭ്യർത്ഥന പുറപ്പെട്ടു. "ഇൻഡ്യയിൽനിന്നും എൻ്റെ ഒരു സുഹൃത്തു് മി. ചെല്ലപ്പൻപിള്ള ഇവിടെ സന്നിഹിതനായിട്ടുണ്ടു്. ഞങ്ങൾ രണ്ടും ഒരു കമ്പനിയിലാണു പണിയെടുക്കുന്നതു്. നമ്മുടെ ഡാക്ടർ ല്യണ്ടും പത്നിയും ദീർഘകാലം കഴിച്ചുകൂട്ടിയ കേരളത്തിലെ കൊല്ലം എന്ന സ്ഥലമാണു് ചെല്ലപ്പൻെറയും ജന്മദേശം. നിങ്ങളുടെ മുമ്പാകെ ഇഷ്ടമുള്ള വിഷയത്തെ പരാമർശിച്ചു് രണ്ടു വാക്കു പറയുവാൻ ഞാൻ അദ്ദേഹത്തോടു് അപേക്ഷിക്കുകയാണു്. അപേക്ഷ നിരസിക്കയില്ലെന്നും വിശ്വസിക്കുന്നു. ഞാൻ വല്ലാത്ത ഒരു കെണിയിൽപ്പെട്ടു. തിരസ്കരി

ക്കാൻ നിവൃത്തിയില്ല, സമയം കളയാൻ സാദ്ധ്യവുമല്ല. പ്ലാററ്ഫാറത്തിൽ കയറിയതിനുശേഷമാണ് എന്താണു പറയേണ്ടതെന്നുപോലും ചിന്തിച്ചതു്. "നിങ്ങളുടെ ഗവണ്മെൻറിൻെറക്കൂടെ വകയായ ഒരു സ്ഥാപനത്തിലാണു ഞാൻ ജോലിചെയ്യുന്നതു്," എന്ന അപരാധബോധത്തോട്ടുകൂടിയ മുഖവുരയോടെയാണു ഞാൻ പ്രസംഗമാരംഭിച്ചതു്. പീസ്കൗൺസിലിൻെറ ആഭിമുഖ്യത്തിലായതുകൊണ്ടു് 'ശാന്തി' എന്ന വിഷയത്തെപ്പറ്റിയാണു ഞാൻ സംസാരിച്ചതു്. അജയമഹലനോബിഷ് പറഞ്ഞ ചില കാര്യങ്ങളും അപ്പോൾ എൻെറ ശ്രദ്ധയിൽ കടന്നുകൂടി. "ശാന്തി എന്ന വാക്കുച്ചരിക്കുമ്പോൾ ആദ്യമായി എന്റെ ചിന്ത പോകുന്നതു നിങ്ങളുടെ രാജ്യത്തിലേക്കാണു്; സമാധാനപ്രിയരിൽ അഗ്രഗണ്യനു നോബൽസമ്മാനം നല്കുന്ന നാവ്വേയെപ്പററി" എന്നു ഞാൻ തുടന്നു—നാർവീജിയൻ പാർലമെൻറി (സ്റ്റോർട്ടിംഗ് എന്നാണു് പാർലമെൻറിനു പറയുന്നതു്.)നാൽ നിയമിക്കപ്പെട്ടുന്ന ഒരഞ്ചംഗക്കമ്മിററിയാണു 'സമാധാന'ത്തിനുള്ള നോബൽ പ്രൈസിനു് ആളിനെ നിശ്ചയിക്കുന്നതു്. അക്കാര്യം പരാമശിച്ചുകൊണ്ടു ഞാൻ പറഞ്ഞു: "ഗാന്ധിജിക്കു സമ്മാനം നല്കാൻ നോബേൽക്കമ്മിറ്റിക്കു ഭാഗ്യമുണ്ടായില്ലെന്നുള്ള ചിന്താഗതി ഇവിടത്തെ ഒരുവിഭാഗം ജനങ്ങൾക്കുള്ളതായി അഞ്ചുദിവസത്തെ താമസത്തിന്നിടയിൽ എനിക്കറിയാൻ കഴിഞ്ഞു. അതിനുമുമ്പു് മഹാത്മാ വീരസ്വർഗ്ഗം പ്രാപിച്ചുപോയി എന്നുള്ള സമാധാനമാണുപോലും കമ്മറ്റിക്കുള്ളതു്." ഗാന്ധിജിക്കു സമ്മാനം നല്കാൻ തീരുമാനിച്ച കൊല്ലമാണു് അദ്ദേഹം വധിക്കപ്പെട്ടതെന്നും മരണശേഷം സമ്മാനം നല്കാൻ നിയമമില്ലെന്നുമാണു് അവിടത്തെ ആശയഗതിയെന്നു് ഒരു സംസാരമുണ്ടു്. പൊള്ള

ത്തരം പൊളിച്ചുകാട്ടണമെന്നു കരുതിക്കൂട്ടിക്കൊണ്ടു ഞാൻ പറഞ്ഞു: "നോബൽക്കമ്മററിക്കു നിരാശാജനകമായിരുന്നു ഗാന്ധിജിയുടെ വധം. എന്നാൽ ലോകശാന്തിക്കുവേണ്ടി സ്വന്തം രാജ്യത്തിൻെറ നന്മയെപ്പോലും ബലികഴിച്ചിട്ട് അനവരതം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഗാന്ധിശിഷ്യനായ പണ്ഡിററ് നെഹ്റുവിൻെറ പേരും അവർ മറന്നതുപോലെ തോന്നുന്നു. രാഷ്ട്രീയനേതാവാണദ്ദേഹമെന്ന് ഒരു കുറവുണ്ടായിരിക്കാം. എന്നാൽ അത്തരക്കാർക്കു സമ്മാനം നല്കാൻ പൊതുവേ വിമുഖരാണു കമ്മററിയംഗങ്ങളെങ്കിൽ ന്യായമാണ്. നിലപാടതല്ലെന്നു നാം കണ്ടുകഴിഞ്ഞു. മി. ലെസ്റ്റർപീയേഴ്സൺ സമ്മാനാർഹനാണെങ്കിൽ..." ഇത്രയും പറഞ്ഞതുകൊണ്ടു ഞങ്ങളുടെ പ്രധാനമന്ത്രിക്കു സമ്മാനം നേടിക്കൊടുക്കാനുള്ള ഒരു ശ്രമമാണിവിടെ നടത്തുന്നതെന്നു തെററിദ്ധരിക്കരുതെന്നും ഗാന്ധിജിയോടു ന്യായം കാണിച്ചിട്ടില്ലെങ്കിൽ അതിൻെറ കളങ്കം തീക്കാൻ രാഷ്ട്രീയത്തിൽനിന്നും നെഹ്റുവിനെ ഒററതിരിച്ചു കാണാൻ ശ്രമിച്ചാൽ മതിയെന്നും ഞാൻ പറഞ്ഞു. "ഇൻഡ്യയുടെ പേരിൽ ഇവിടത്തെ പുരോഗമനോന്മുഖരായ ജനങ്ങളുടെ ബഹുമാനവും, സമാധാനകാംക്ഷികളായ ഭാരതീയരുടെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി നിങ്ങൾ നല്കുന്ന വിലയേറിയ സഹായവും ഞങ്ങൾക്കു നന്നേ സന്തോഷമായ കാര്യങ്ങളാണ്. എന്നോടു കാണിച്ച ഔദാര്യത്തിനു നന്ദി."

അങ്ങനെ ഞാൻ തടിതപ്പിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ! അവിടെ സമ്മേളിച്ചിരുന്ന ഭൂരിപക്ഷംപേരുടെയും ചിന്താഗതിക്കനുസരിച്ചാണ് എൻെറ പ്രസംഗമെന്ന് ഹോൾട്ടർമുഖാന്തിരം പിന്നെ ഞാൻ മനസ്സിലാക്കി. നെഹ്റുവിനു നോബൽസമ്മാനം ലഭിക്കേണ്ട

കാലം വൈകിപ്പോയെന്നാണു പീസ് കൗൺസിൽ കേന്ദ്രങ്ങളിലെ സംസാരം. കാഷ്മീർപ്രശ്നമാണത്രേ അതിനൊരു വിലങ്ങുതടി.

## പന്ത്രണ്ട്

പോലീസ്സിൻെറ അധികാരപരിധി സാധാരണയിൽക്കവിഞ്ഞുനില്ക്കുന്നു നാർവ്വേയിൽ; കുറ്റവാളികളെ 5000 ക്രൗൺവരെ പിഴയിടാനും മൂന്നുമാസംവരെ തടവു വിധിക്കാനും പോലീസുദ്യോഗസ്ഥന്മാക്കധികാരമുണ്ട്. "പോലീസ്സ് ലാആഫീസ്സറു"ടെ മുമ്പിലാണു കുറ്റവാളികളെ വിസ്തരിക്കുന്നതു്. ഈ നിയമംകൊണ്ട് ഒട്ടധികം കേസുകൾ കോടതിയുടെ സഹായംകൂടാതെ തീരുമാനിക്കപ്പെടുന്നു. രണ്ടുകൂട്ടക്കും ചെലവു ചുരുങ്ങുകയുംചെയ്യുന്നു. അമിതാധികാരം പോലീസ്സുകാർ ദുരുപയോഗപ്പെടുത്തുന്നില്ല. പോലീസ്സ് ലാആഫീസറുടെ വിധിയിന്മേൽ സാധാരണകോടതികളിൽ അപ്പീൽ ബോധിപ്പിക്കാം; എന്നാൽ അപ്പീലിനു പോകുന്നവർ താരതമ്യേന കുറവാണ്.

കേസ്സുകൾ കുഴച്ചുമറിച്ചു ദീർഘിപ്പിക്കാൻ പോലീസ്സുകാരിൽ നാം കാണുന്ന പ്രവണത, അവിടെ കേട്ടുകേൾവിപോലുമില്ലത്രേ! അവരുടെ ശ്രദ്ധ ആദ്യമായി പതിയുന്നതു രാജിസംഭാഷണങ്ങളിലാണ്. അതാതു മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ നടക്കുന്ന വഴക്കുകൾ പറഞ്ഞൊതുക്കാൻ മൂന്നു കൗൺസിലറന്മാർ വീതം ഉൾക്കൊള്ളുന്ന കൺസിലിയേഷൻകോടതികൾ നാർവ്വേ ഒട്ടുക്കു കാണാം. കൺസിലിയേഷൻനടപടികൾ വാക്കാൽമാത്രമാണ്. അഭിഭാഷകന്മാക്കുവേണ്ടി ഈ കോടതികളുടെ

കവാടങ്ങൾ ഒരിക്കലും തുറക്കപ്പെടുകയില്ല. ജനകീയകോടതിയിൽ കറുപ്പിനെ വെളുപ്പാക്കാനും രാത്രിയെ പകലാക്കാനും തരപ്പെടുകയില്ലത്രേ! കോടതിയുടെ പ്രധാനോദ്ദേശം ഇരുകൂട്ടരെയും രമ്യപ്പെടുത്തുകയാണ്. മുനിസിപ്പാലിററികൾക്കു പ്രത്യേകം പോലീസ്സില്ലാത്തതുകൊണ്ടു പോലീസ്സുവിഭാഗത്തിനുവേണ്ടി ഗവണ്മെൻറു ചെലവഴിക്കുന്ന തുകയുടെ ഒരുഭാഗം നഗരസമിതികളിൽനിന്നും വസൂലാക്കപ്പെടുന്നു.

നാർവ്വീജിയൻ ഹൈക്കോടതിയിൽ 17 ജഡ്ജിമാരും ഒരു പ്രസിഡന്റും ഉണ്ട്. ഓരോ കോർട്ടിലും അഞ്ചു ജഡ്ജിമാർവീതം കേസ്സു കേൾക്കുന്നു. മുൻകാലങ്ങളിലുള്ള ഹൈക്കോർട്ടു വിധികൾക്കു വിപരീതമായി, ചില പ്രത്യേക പരിതഃസ്ഥിതിയിൽ, ഒരു കോടതിക്കു തീരുമാനമെടുക്കേണ്ടിവന്നാൽ അതിനുള്ള നിയമസാധുത്വം ഫുൾബെഞ്ചിൻെറ പുനർവിചാരണയ്ക്കുശേഷംമാത്രമേ ലഭിക്കുന്നുള്ളു. നാർവ്വീജിയൻ ഭരണഘടനയിലെ അതിപ്രധാനമായ ഒരു ഘടകമാണിതു്.

"അഴകുള്ള പോലീസ്സിനെക്കാണാൻ ഇനിയും ഞങ്ങൾക്കു കാത്തിരിക്കേണ്ടിവരുന്നു" എന്നാണു വിരുതനായ ഒരു പോലീസ്സുദ്യോഗസ്ഥൻ എന്നോടുപറഞ്ഞതു്. ആദ്യം എനിക്കു യാതൊരു പിടിയുംകിട്ടിയില്ല. സ്ത്രീപ്പോലീസ്സുകാരെപ്പററിയാണു് ഇഷ്ടൻ തട്ടിവിട്ടതു്. ആഭ്യന്തരമന്ത്രിയുടെ ഉത്തരവിൻപ്രകാരം കുറേ സ്ത്രീപ്പോലീസ്സിനെ നിയമിക്കാനായി പത്രങ്ങളിൽ പരസ്യംചെയ്തു. നാർവ്വേക്കു ലഭിച്ച അപേക്ഷകളുടെ എണ്ണം വെറും എട്ടുമാത്രം. അതിൽ ഏഴും തലസ്ഥാനത്തുനിന്നുമാത്രമായിരുന്നു. അപേക്ഷകരുടെ ദാരിദ്ര്യംകാരണം ആ പദ്ധതിതന്നെ നീട്ടിവച്ചിരിക്കുകയാണു്. "പുരുഷന്മാർ ഈ സംഭവം ആശ്വാ

സത്തോടെ വീക്ഷിച്ചു'' എന്നു ചില പത്രങ്ങൾ തമാശയായി മുഖപ്രസംഗങ്ങൾ എഴുതിയെന്നും കേട്ടു.

എനിക്കും ചിലതു പറയാനുണ്ടായിരുന്നു ആ പോലീസ്സുദ്യോഗസ്ഥനോട്ട്. ഭാരതീയവനിതകളോടൊപ്പം അവരുടെ സ്ത്രീകൾ പുരോഗമിച്ചിട്ടില്ലെന്നു ഞാൻ സധൈര്യം പറഞ്ഞു. കാഷ്മീർമുതൽ കന്യാകുമാരിവരെയും മണിപ്പൂരിമുതൽ കച്ചുവരെയും ഇൻഡ്യയുടെ ഏതുഭാഗത്തും പണിയെടുക്കാൻ ആയിരക്കണക്കിനു സ്ത്രീപ്പോലീസ്സുകളെ ഞങ്ങൾക്കു ലഭിക്കുമെന്നും ഞാൻ തട്ടിവിട്ടു. ബസ് കൺഡക്ടറന്മാരായും, പോസ്റ്റ്ശിപായിമാരായും ജോലിചെയ്യാൻ തയാറാകുന്ന മനോഹരവർഗ്ഗം പോലീസ്സുവകുപ്പെന്നു കേൾക്കുമ്പോൾ ഭയക്കുന്നതു് ആത്മധൈര്യത്തിൻെറ അഭാവമാണെന്നും ഞാൻ വാദിച്ചു. അടിയുറച്ച തൊഴിലില്ലായ്മയുടെ കാര്യം ഞാൻ ശബ്ദിച്ചതേയില്ല. എതിരാളികളുടെ അജ്ഞതയിൽ ഞാൻ വിജയിച്ചെന്നുപറഞ്ഞാൽ മതിയല്ലോ! ''വേണമെങ്കിൽ ഇൻഡ്യാഗവണ്മെൻറിനോടു ചോദിക്കൂ; കുറേ ഇൻഡ്യൻവനിതകളെ ലോണായി നല്കി നിങ്ങളുടെ സ്ത്രീകളുടെ നാണം തീരുവോളം പരിശീലിപ്പിക്കുവാൻ'' എന്നു ഞാൻ കളിരൂപത്തിൽ പറഞ്ഞപ്പോൾ ആ ഉദ്യോഗസ്ഥൻ പല്ലിളിക്കുകമാത്രമാണു ചെയ്തതു്. ഒരു പരിധി കടന്നു പിന്നെയും ആലോചിക്കുന്ന പതിവു് അവിടത്തുകാർക്കില്ല. നമ്മൾ പറയുന്നതെല്ലാം അതേരൂപത്തിൽ അവർ വിശ്വസിക്കുന്നു.

ബിഷപ്പന്മാരുടെയും 'അച്ച'ന്മാരുടെയും, പള്ളികളിലെ മററല്ലാ തൊഴിലാളികളുടെയും ശമ്പളം സ്വീഡനിലെപ്പോലെ ഇവിടെയും ഗവണ്മെൻറുതന്നെയാണു നല്കുന്നതു്. വിവാഹം, ശവസംസ്കാരം മുതലായ മതാചാരങ്ങളെല്ലാം യാതൊരു പ്രതിഫലവും പറ്റാതെ പള്ളി

കൾ നിർവ്വഹിച്ചുകൊടുക്കുന്നു. ഏകദേശം 700 നാർവ്വീജിയൻ മിഷനറിമാർ ലോകത്തിൻെറ നാനാഭാഗങ്ങളിൽ പ്രവർത്തനംനടത്തുന്നവകയ്ക്കു് സ്റ്റേററിൽനിന്നും പ്രതിവർഷം 50 ലക്ഷം ക്രൗൺ ചെലവാകുന്നുണ്ടു്. ഇതിൻെറ ഗുണം ഇൻഡ്യയ്ക്കും അനുഭവപ്പെടുന്നു.

'സൊസൈററി'കള്ളുഷാപ്പുകളുടെ പടിക്കൽ വിമോചനസമരസമിതിക്കാർ നടത്തിവന്ന ടെമ്പറൻസ്മൂവ്മെൻറില്ലേ! ആ പ്രസ്ഥാനം 1840 മുതൽ തുടങ്ങിയതാണു് നാർവ്വേയിൽ, നാർവ്വീജിയൻ രാഷ്ട്രീയരംഗത്തു കോളിളക്കമുണ്ടാക്കിയ മദ്യവർജ്ജനസംരംഭം. 1917—1923 കാലങ്ങളിൽ ആ രാജ്യമൊട്ടാകെ പ്രൊഹിബിഷൻ ഏർപ്പെടുത്താൻ സാധിച്ചതോടെ വിജയത്തിൽ കലാശിക്കുകയുമുണ്ടായി. എന്നാൽ രാജ്യത്തിൻെറ സാമ്പത്തികഭദ്രതയെ അതു സാരമായി ബാധിച്ചു. മത്സ്യം നാർവ്വേയുടെ പ്രധാന കയററുമതിയാണു്. മദ്യോല്പാദനരാജ്യങ്ങളായിരുന്നു മത്സ്യത്തിൻെറ വിപണി. "നിങ്ങൾക്കു മദ്യം വേണ്ടെങ്കിൽ ഞങ്ങൾക്കു മത്സ്യവും വേണ്ടാ" എന്നായി അവർ; ഇറക്കുമതിനിയന്ത്രണത്താൽ കയററുമതി ദയനീയമായി പരാജയപ്പെട്ട നമ്മുടെ അനുഭവംപോലെ. തുടർന്നു മദ്യവർജ്ജനമേഖലയിൽ സർവ്വസഹജമായ കള്ളവാററും ഒളിച്ചുകടത്തലും ദൈനംദിനസംഭവങ്ങളായി മാറി. കാര്യഗൗരവം മനസ്സിലാക്കിയ ഗവൺമെൻറ് 1926-ൽ ഒരു റെഫറണ്ടം നടത്തി. ബഹുഭൂരിപക്ഷത്തോടെ മദ്യവർജ്ജനത്തിനെതിരായി ജനങ്ങൾ വിധിയെഴുതി. അങ്ങനെ അവിടെ പ്രൊഹിബിഷൻ പൊളിഞ്ഞു.

അലൂമിനിയം നാർവ്വേയിലെ ഒരൊന്നാംതരം വ്യവസായമാണു്. കഴിഞ്ഞകൊല്ലം ഒരു ലക്ഷത്തി ഇരുപത്തയ്യായിരം ടൺ അലൂമിനിയം അവിടെ ഉല്പാദിപ്പിച്ചു.

1965-ൽ അതിരട്ടിക്കുവാനാണു പരിപാടി. ക്യാനഡ കഴിഞ്ഞാൽ ഏററവും കൂടുതൽ അലൂമിനിയോല്പാദനം നാർവ്വേയിലാണ്. വിദ്യുച്ഛക്തിയാണ് ഈ വ്യവസായത്തിനാവശ്യം. ഒരു ടൺ അലൂമിനിയം ഉല്പാദിപ്പിക്കാൻ ഇരുപതിനായിരം യൂണിററ് വിദ്യുച്ഛക്തി ആവശ്യമാണെന്ന് ഒരു കമ്പനിക്കാർ പറയുകയുണ്ടായി. വിദ്യുച്ഛക്തി ധാരാളം ലഭിക്കുന്നതുകൊണ്ട് അവക്ക് ഈ വ്യവസായത്തിൽ മുന്നേറുവാൻ കഴിയുന്നു. കേരളത്തിലും പ്രസ്തുത വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ കഴിയുമെന്നും സഹായം ആവശ്യപ്പെട്ടാൽ നാർവ്വേയിൽനിന്നും അതു ലഭിക്കാതിരിക്കയില്ലെന്നും ഒരുയന്ന ഉദ്യോഗസ്ഥൻ സ്വന്താഭിപ്രായമായി എന്നോടു പറയുകയുണ്ടായി. കേരളത്തിലെ അലൂമിനിയംവ്യവസായികൾ ഇതൊന്നു ശ്രദ്ധിച്ചാൽക്കൊള്ളാം.

സാമൂഹ്യക്ഷേമവ്യവസ്ഥകളും വിദ്യാഭ്യാസരീതിയും, തൊഴിലാളിമുതലാളിബന്ധവും, സാമ്പത്തികഭദ്രതയും മററും പ്രത്യക്ഷത്തിൽ സ്വീഡനിലേതുപോലെതന്നെയാണെങ്കിലും ആ നിലയിൽ നാർവ്വേ എത്തിച്ചേർന്നിട്ടില്ല. അൻപതിനായിരംപേർ ഇന്നു നാർവ്വേയിൽ തൊഴിലില്ലായ്മക്കു വിധേയരാണ്. കൂടുതൽപേർക്കു തൊഴിലുനല്കാൻ വേണ്ടി ജോലിസമയം ആഴ്ചയിൽ നാല്പത്തെട്ടുമണിക്കുറിൽനിന്നു നാല്പത്തഞ്ചായി കുറച്ചുനോക്കി. മുതലാളിമാരുടെ എതിരുമൂലം അതിലും വലിയ പ്രയോജനമൊന്നുമുണ്ടായില്ല. തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമായി അവശേഷിക്കുകയാണവിടെ. ഈയിടെ ഷഷ്ട്യബ്ദപൂർത്തിയാഘോഷിച്ച 'നാർവ്വീജിയൻഫെഡറേഷൻ ഓഫ് ട്രേഡ്‌യൂണിയൻസ്" തൊഴിലില്ലായ്മപ്രശ്നം ഗൗരവമായി ചർച്ചചെയ്യുകയും ദേശീകരണപ്രസ്ഥാനത്തിൽക്കൂടിയെ

ങ്കിലും ഇതിനൊരറുതിവരുത്തണമെന്നു ഗവണ്മെന്റിനോ ടാവശ്യപ്പെട്ടുകയുമുണ്ടായി. അഞ്ചരലക്ഷം തൊഴിലാളി കളുള്ള നാല്പത്തിയഞ്ചു യൂണിയൻെറ നേതൃത്വം പ്രസ്തുത സംഘടനയ്ക്കുണ്ട്. 16 ശതമാനം ജനസംഖ്യയുടെ പ്രാതി നിധ്യം; ഗവണ്മെൻറിനെന്തെങ്കിലും ചെയ്യാതെ ഗത്യന്ത രമില്ല.

തൊഴിലാളികക്ഷിയുടെ നേതാവായ പ്രധാനമന്ത്രി ഗെർഹാർഡ്സൺ ഈയിടെ അവതരിപ്പിച്ച ബാങ്കു ദേശീകരണബിൽ അവിടൊരു വടംവലിയിൽ കലാശി ച്ചിരിക്കുകയാണ്. വ്യവസായികളോടുള്ള ഒരു രാഷ്ട്രീയ യുദ്ധപ്രഖ്യാപനമാണു പ്രധാനമന്ത്രിയുടെ ബില്ലെന്നു ബാങ്കേഴ്സ് അസോസ്യേഷൻ പ്രസിഡൻറു മറുപടിയും നല്കി. പ്രസിഡന്റിൻെറ ഭാഷയിൽ ദേശീകരണം സാമ്പത്തികമായ ആഭ്യന്തരയുദ്ധത്തിനു വഴിതെളിക്കുമ ത്രേ! നിസ്സ്വാത്ഥനും ശേഷിമാനുമായ പ്രധാനമന്ത്രി വഴ ങ്ങുന്ന ലക്ഷണമില്ല. "മുതലാളിത്വം സ്വമനസ്സാക്ഷിയെ ത്തന്നെ വഞ്ചിക്കുകയാണ്" എന്നു പ്രധാനമന്ത്രി പറ ഞ്ഞതു സത്യാവസ്ഥകൾ ഒന്നൊന്നായി ചൂണ്ടിക്കാണി ച്ചുകൊണ്ടായിരുന്നു. നാർവ്വേയുടെ മൊത്തം വരുമാനത്തോ ളമുള്ള തുക, നാലു വലിയ ബാങ്കിംഗ്കമ്പനികൾ അവ രുടെ ഇഷ്ടപ്രകാരംമാത്രം കൈകാര്യംചെയ്യുന്നുവെന്നും തൊണ്ണൂറു ശതമാനം മുതൽമുടക്കുകാരും സാധാരണക്കാരാ യതുകൊണ്ട് അവക്കുവേണ്ടി ഗവണ്മെൻറു് നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരുമെന്നും അദ്ദേഹം വാദിച്ചതിൽ അരിശംകൊണ്ടിരിക്കുകയാണു ബാങ്കുടമകൾ. തൊഴിലാ ളിഗവണ്മെൻറു് മുതലാളിസംഘടനയുമായി സമരം അനിവാര്യമാണെന്നാണു രാഷ്ട്രീയാഭിപ്രായം.

ഇൻഡ്യയെപ്പറ്റി വലിയ മതിപ്പാണു നാർവ്വേയിൽ.

എന്നാൽ കേരളത്തിലെ നാർവ്വീജിയൻപദ്ധതിക്കു നല്കു ന്ന ധനസഹായത്തിൻെറ കാര്യത്തിൽ അവിടെ ചില അഭിപ്രായഭിന്നതകൾ കാണുന്നുണ്ടു്. ഞാൻ പരിചയ പ്പെട്ട ഒരു വ്യക്തിപോലും ഇക്കാര്യത്തെപ്പററി ചോദി ക്കാതിരുന്നില്ല. പൈപ്പ്ഫാക്ടറിയിലും, ഫൗണ്ടേഷൻ ആഫീസിലും മററും നടക്കുന്ന പണിമുടക്കും, ലഹളയും വഴക്കുമൊക്കെ ശുഭശകുനമല്ലെന്നാണു് അവിടത്തെ സം സാരം. കേരളീയർ നാർവ്വീജിയൻ സഹായത്തെ തെറ്റിദ്ധ രിച്ചിട്ടുണ്ടോയെന്നുപോലും അവർക്കു സംശയമുണ്ടു്. ഇതി നെല്ലാം ഉപരിയായി ഒരു മുൻ പ്രോജക്ട് ഡയറക്ടറായിരു ന്ന മി. ഗെഹാർഡ്സനാൽ എഴുതപ്പെട്ട ഒരു പുസ്തകം നാർവ്വേയിൽ ചില കുഴപ്പങ്ങളുണ്ടാക്കിയത്രേ! കേരളത്തിനു നല്കുന്ന സഹായത്തിന്റെ ഔചിത്യത്തെ ചോദ്യംചെയ്യു ന്നതാണതെന്നും കേൾക്കാതിരുന്നില്ല. സാധാരണക്കാരു ടെയിടയിൽ ചെറിയ ചിന്താക്കുഴപ്പമുണ്ടാക്കാൻപോലും പര്യാപ്തമായിട്ടുണ്ടു് ആ പുസ്തകം. ഇൻഡ്യാഗവണ്മെൻറും കേരളാഗവണ്മെൻറും ഇതേപ്പററി എന്തെങ്കിലും അറി ഞ്ഞിട്ടുണ്ടോയെന്തോ! ഓസ്ലോയിൽ സ്ഥാപിച്ചു പ്രവ ർത്തനം നടത്തിവരുന്ന ഇൻഡോ-നാർവ്വീജിയൻസൊസൈ ററിയിൽ പ്രധാനമന്ത്രി ഗെർഹാർഡ്സണും ഒരംഗമാ ണു്. തെററിദ്ധാരണകൾ നീക്കാൻ ഈ സൊസൈററി പരിശ്രമിക്കുമെന്നു നമുക്കാശിക്കാം.

ധനത്തിന്റെ കൊഴുപ്പുകൊണ്ടല്ല നാർവ്വേ കേരളത്തെ സഹായിക്കാൻ തുനിഞ്ഞതെന്നും എനിക്കറിയാൻ കഴി ഞ്ഞു. വിദേശനാണ്യത്തിനുവേണ്ടി ആ രാജ്യം വളരെ പണിപ്പെട്ടുകയാണു്. മുൻയുണൈററഡ് നേഷൻസ് സെക്രട്ടറി ജനറലും ഇപ്പോൾ നാർവ്വേയിലെ ഒരു ഡിസ്ട്രി ക്ട് ഗവണ്ണറുമായ മി. ടിഗ്‌വിലി ഒരുകൊല്ലത്തെ സ്റ്റെ

ഷ്യൽ ഡ്യൂട്ടിയിൽ വിദേശസഹായം ലഭ്യമാകുന്നതിനുള്ള സംരംഭത്തിലേപ്പെട്ടിരിക്കുകയാണ്. പ്രധാനമന്ത്രിയുടെ അപേക്ഷപ്രകാരമാണ 'ലീ' ഈ ഭാരം കൈയേററത്.

ഒൻപതാംന്തൂററാണ്ടിൽ രചിക്കപ്പെട്ടതായി വിശ്വസിച്ചുപോരുന്ന 'എദ്ദാസ്' എന്ന മിത്താളജിക്കൽപദ്യങ്ങളാണ നാർവ്വീജിയൻസാഹിത്യത്തിലെ ആദിമകൃതി. 1200-ാമാണ്ടുവരെയുള്ള ചരിത്രസംഭവങ്ങളെക്കുറിക്കുന്ന ഹെയിംസ്ക്രിംഗ്ളാ എന്ന പുസ്തകമാണ ദേശീയബോധം കുത്തിച്ചെലുത്തിയ മികച്ച കലാസൃഷ്ടി. സ്റ്റോറേസ്ററൂർലാസനാൽ എഴുതപ്പെട്ട പ്രസ്തുത ഗ്രന്ഥം ഓരോ ഭവനത്തിലും സൂക്ഷിക്കപ്പെടുന്നുണ്ട്.

ഹെൻറിക്ക്ഇബ്സൺ, ബീബജോർസൺ, നൂട്ട് ഹാംസൺ, സിഗ്രിഅൺഡ്സെററ് എന്നിവരാണ് അവിടത്തെ ഒന്നാംകിടസാഹിത്യകാരന്മാരായി ഗണിക്കപ്പെട്ടിട്ടുള്ളതു്. ഇബ്സൺ ഒഴികെ മറെറല്ലാപേരും നോബൽസമ്മാനം ലഭിച്ചവരുമാണ്.

ശില്പകലയ്ക്കു മകുടം ചാർത്തുന്ന ഓസ്ലോ നാഷണൽ തീയേറ്ററിൻെറ മുമ്പിൽ ആദ്യമായി ഞാൻ കണ്ടതു് ജീവനുള്ള ഇബ്സനെയാണെന്നുവേണം പറയുവാൻ. മാർബിൾപീഠത്തിൽ സ്ഥാപിച്ചിരിക്കുന്ന ഇബ്സൻെറ ദീർഘകായപ്രതിമ നാടകപ്രേമികൾക്കു വികാരോദ്ദീപകമാണെന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയാകുകയില്ല. മറെറാരു വിശ്വസാഹിത്യകാരനായ ഗോയ്ഥേയുടെ പ്രതിമയും ഫ്രാങ്ക്ഫർട്ടിൽ ഞാൻ ദർശിച്ചു. എന്നാൽ ഇബ്സൻെറ ചിതറിക്കിടന്ന വെളുത്ത തലമുടിയിൽക്കണ്ട കലാസൗന്ദര്യം വിശ്വോത്തരകൃതികൾക്കു ജീവൻ നല്കിയ ഗോയ്ഥേയുടെ കൈത്തടങ്ങളിൽ വീക്ഷിക്കുവാൻ എനിക്കു കഴിഞ്ഞില്ലെന്നുള്ളതു് ശില്പകലയുടെ കുററവും

കുറവുംകൊണ്ടല്ല; ഇബ്സൻെറ കൃതികളോടുള്ള മതിപ്പു മാത്രമാണെന്നു തുറന്നു പ്രസ്താവിച്ചുകൊള്ളട്ടെ.

ജീവിതപ്രശ്നത്തെ നിഷ്ഠുരണം പരാമശിക്കുന്ന Brand Peer Gynt എന്ന ആശയോദ്ദീപകങ്ങളായ സുന്ദര നാടകങ്ങളും ജീവിതമൂല്യത്തെ അനുവാചകരിലേക്കു തുളച്ചുകയററുന്നതും യാതൊരുവിധമായ അനുരഞ്ജനങ്ങൾക്കും വിധേയമാകാതെ മനുഷ്യത്വത്തിൻെറ മൗലികതത്ത്വങ്ങളെ മുറുകെപ്പിടിക്കുന്നതുമായ Ace or nothing (എല്ലാം ആയെങ്കിൽ ശൂന്യം) എന്ന കൃതിയും ആ പ്രതിമയോട്ട് അലിഞ്ഞുചേൎന്നിരിക്കുന്നതായി എനിക്കു തോന്നി. Pillars of Society (സമുദായത്തിലെ തൂണുകൾ), Enemy of the World (ജനദ്രോഹി) എന്നീ നാടകങ്ങളിലെ തത്വസംഹിത ഇബ്സൻെറ അധരങ്ങളിൽക്കൂടി ഇപ്പോഴും നാഷണൽ തീയേററിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്നുവോ? അദ്ദേഹത്തിൻെറ അന്ത്യകൃതികളിലൊന്നായ Wild Duck (കാട്ടുതാറാവ്) കൂടെക്കൂടെ നാഷണൽ തീയേററിൽ അഭിനയിക്കാറുണ്ട്. ആ അവസരങ്ങളിലൊക്കെ ഇബ്സൻെറ പ്രതിമയുടെ മുമ്പിൽ തലകുനിച്ചു വണങ്ങിയിട്ടു മാത്രമേ നടീനടന്മാർ രംഗത്തേക്കു പ്രവേശിക്കുകയുള്ളു.

1828-ൽ ജനിച്ച് 1906-ൽ ചരമമടഞ്ഞ ഇബ്സൺ 1864 വരെ ഓസ്ലോയിൽ നാടകകൃത്തും സംവിധായകനുമായി കഴിഞ്ഞുകൂടി. അതിനുശേഷം 27 കൊല്ലക്കാലം റോമിൽ സ്ഥിരതാമസമാക്കിക്കൊണ്ടു യൂറോപ്പു മുഴവൻ ചുററിക്കറങ്ങി സാഹിത്യസേവനം നടത്തി. നാൎവ്വേയുടെ ദേശീയധനമായി അദ്ദേഹത്തിൻെറ നാമധേയം നിലനിന്നുവരുന്നു. ഇബ്സന്റെ കൃതികൾ 'ലോകധന'മായിട്ടും.

★

239

# KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No. 910 Cle.S Acc. No. 27477

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 9 AUG 1988 | | |
| 11 MAY 1991 | | |
| 7 FEB 1992 | | |
| 17 OCT 199[illegible] | | |
| 7 MAY 1993 | | |
| 23 AUG [illegible] | | |
| 4 OCT 1994 | | |
| 4 JUN 1995 | | |
| 1 DEC 1995 | | |
| 27 NOV 1999 | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

910 27477

[illegible]

[illegible] പിള്ള (പി.ജി)

[illegible]

[illegible]

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. 910 Che.S Acc. No. 27477

Author

Title

gpura.org